# ദീപനാളം

കലാസാംസ്കാരിക ESTD-1968 ദേശീയവാരിക

2020 ഡിസംബർ 3 | ദീപം 53 | നാളം 30 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# ഒരുമയോടെ ജീവിക്കാൻ ധീരതയോടെ അതിജീവിക്കാൻ



■ മാർ ജോസഫ് കല്ലറങ്ങാട്ട്

എല്ലാവരും സഹോദരർ എന്ന ചാക്രികലേഖനത്തിന്റെ ഒരു മുഖ്യപ്രമേയം കുടിയേറ്റക്കാർ (പ്രവാസികൾ) ആണ്. ചാക്രികലേഖനത്തിന്റെ രണ്ടാം അധ്യായത്തിലും നാലാം അധ്യായത്തിലുമായിട്ടാണ് കുടിയേറ്റക്കാരുടെ പ്രസക്തിയും പ്രശ്നങ്ങളും പാപ്പാ ചർച്ച ചെയ്യുന്നത്. കേരളത്തെപ്പോലുള്ളൊരു സംസ്ഥാനവും ഇന്ത്യയെപ്പോലുള്ളൊരു രാജ്യവും കുടിയേറ്റത്തിൽ നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽനിന്ന് വൻതോതിൽ കുടിയേറ്റങ്ങൾ നടക്കുന്നതുകൊണ്ടാണ് ഇവിടെ സാമ്പത്തികവളർച്ചയുണ്ടായത് എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. വിദ്യാഭ്യാസത്തിനുവേണ്ടിയും ഉന്നതജോലിക്കുവേണ്ടിയും രാജ്യം വിട്ടു വിദേശത്തേക്കു പോകുന്നവരുണ്ട്. അവർ അവിടെ സംരക്ഷിതരുമാണ്. ഇവിടെ കുടിയേറ്റക്കാർ എന്നു പറയുന്നതിലൂടെ സാധാരണകുടുംബങ്ങളിൽനിന്നു ജോലിതേടി ഗൾഫ് രാജ്യങ്ങളിലേക്കും മറ്റു രാജ്യങ്ങളിലേക്കും പോകുന്നവരെയാണ് ഉദ്ദേശിക്കുന്നത്.

കുടിയേറ്റത്തിന്റെ ഏറെ മഹിമകൾ മാർപാപ്പാ എടുത്തുകാണിക്കുമ്പോഴും അടിയുറച്ച ഒരു നിലപാട് സ്വീകരിക്കുന്നുണ്ട്: "അനാവശ്യമായ കുടിയേറ്റങ്ങൾ ഒഴിവാക്കപ്പെടേണ്ടതാണ്. അതാണു മാതൃകാപരം. പക്ഷേ, ഇതു സംഭവിക്കുന്ന രാജ്യങ്ങളിൽ അന്തസ്സുറ്റ ജീവിതവും സമഗ്രവികസനവും സൃഷ്ടിക്കേണ്ടത് ആവശ്യമായിവരും."(129)

"ജന്മസ്ഥലത്തു താമസിക്കുന്നതിനുള്ള അവരുടെ അവകാശം ഒരിക്കലും നിഷേധിക്കരുത്" (38). "എല്ലാവർക്കും ഇഷ്ടം സ്വന്തം നാടാണ്. ജന്മസ്ഥലത്തുനിന്നു പറിച്ചുമാറ്റപ്പെടുന്നതിന്റെ വേദനയും സാംസ്കാരികവും മതപരവുമായ നഷ്ടപ്പെടലുകളും ഛിന്നഭിന്നമാകുന്ന സാമൂഹികാടിത്തറയും കുടിയേറ്റക്കാരനെ നിരന്തരം വേട്ടയാടുന്നു" (38).

**സാമ്പത്തികസംവരണവും കുടിയേറ്റവും**

ഇപ്പോൾ നമ്മുടെ നാട്ടിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തികസംവരണം (EWS - സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗം) വേണ്ട രീതിയിൽ മനസ്സിലാക്കി ജനങ്ങളെ ബോധവാന്മാരാക്കിയാൽ അമിതവും അനിയന്ത്രിതവുമായ കുടിയേറ്റം ഒഴിവാക്കാം. എല്ലാവരും അന്വേഷിക്കുന്നത് ഒരു ജോലിയാണ്. ഒരു സർക്കാർ ജോലിയിലൂടെ കിട്ടുന്ന വേതനംകൊണ്ട് മാന്യമായി സ്വന്തം നാട്ടിൽത്തന്നെ ജീവിക്കാം എന്നത് സത്യമാണ്. അങ്ങനെയായാൽ കുടിയേറ്റം വൻതോതിൽ കുറയും. മതപരവും ഭാഷാപരവും മാനസികവും സാംസ്കാരികവുമായ ഒരുപിടി പ്രതിസന്ധികളിൽനിന്നു രക്ഷപ്പെടാൻ കഴിയും. തന്നെയുമല്ല; നമ്മുടെ നാട്ടിൽനിന്ന് ബുദ്ധിയും ആരോഗ്യവും പ്രാപ്തിയുമുള്ള യുവജനങ്ങളുടെ ഒരു വൻ ഒഴുക്കു തടയാൻ സാധിക്കും. കുടിയേറ്റക്കാരുടെ എണ്ണം കൂടി വരുമ്പോൾ മാതൃരാജ്യം ബലഹീനമാകുന്നു. സ്വന്തം നാടിന്റെ നിർമ്മിതിയിൽ യുവാക്കളുടെ സംഭാവനകൾ ലഭ്യമല്ലാതാവുകയും ചെയ്യുന്നു. ഭാരതത്തിന്റെ രക്ഷ ഭാരതത്തിലെ യുവജനങ്ങളുടെ കരങ്ങളിലാണ്. യുവജനങ്ങൾ വലിയ ശക്തിയാണ്. യുവജനങ്ങൾ നാടുവിട്ടുപോകുന്നതിനാൽ നമ്മുടെ കൃഷിയിടങ്ങൾ തരിശുഭൂമിയായി മാറുന്നു. കാർഷികസംസ്കാരം നഷ്ടപ്പെടുന്നു.

**സാമ്പത്തികസംവരണത്തിന്റെ അർത്ഥതലങ്ങൾ**

103-ാം ഭരണഘടനാഭേദഗതിയിലൂടെ സർക്കാർജോലികളിലേക്കും ഉന്നത വിദ്യാഭ്യാസ അഡ്മിഷൻ മേഖലയിലേക്കും സംവരണമൊന്നുമില്ലാത്തവരിലെ പാവപ്പെട്ടവർക്ക് 10% സീറ്റ് റിസർവ് ചെയ്തിരിക്കുകയാണ്. ഇതാണ് EWS റിസർവേഷൻ. ഈ റിസർവേഷൻ നിലവിലുള്ള 50% റിസർവേഷനു പുറമേയാണ്. എസ്.സി. (പട്ടികജാതി) 15%, എസ്.റ്റി. (പട്ടികവർഗ്ഗം) 7.5%, ബാക്കി 27.5% ഒ.ബി.സി., ഒ.ഇ.സി. ഉൾപ്പെടെയുള്ള മറ്റു വിഭാഗങ്ങൾക്കും. 50% ത്തിൽ കൂടുതൽ റിസർവേഷൻ പാടില്ല എന്ന കോടതിയുടെ നിരീക്ഷണത്തെ മറികടന്നാണ് കേന്ദ്ര ഗവൺമെന്റ് ഇതു പാസ്സാക്കിയത്. പക്ഷേ, മുന്നാക്കസമുദായങ്ങളിൽപ്പെടുന്നവർ വളരെപ്പേർ താഴേക്കിടയിലുണ്ട് എന്ന നിരീക്ഷണത്തിൽനിന്നാണ് ഈ തീരുമാനം എടുത്തത്. തീർച്ചയായും നിലവിൽ ഈ തീരുമാനം വലിയൊരു ആശ്വാസവും പ്രതീക്ഷയുമാണ്. ഉദ്യോഗസ്ഥതലങ്ങളിൽ കൂടുതൽ ജോലിസാധ്യതകൾ അത് ലഭ്യമാക്കും.

പുതിയ റിസർവേഷൻ അതിവിശാലമായ ഒരു വിഭാഗത്തെ പ്രതിനിധാനം ചെയ്യുന്നുണ്ട്. 149 ഹിന്ദുവിഭാഗങ്ങളെയും 19 ക്രിസ്ത്യൻവിഭാഗങ്ങളെയും ജാതിമതരഹിതരെയുംകൂടി ഒരുമിച്ച് പരിഗണിച്ചാണ് EWS നടപ്പിലാക്കുന്നത്. സാമൂഹികാനീതിയും പിന്നാക്കാവസ്ഥയും പരിഗണിച്ചാണ് സംവരണം നല്കുന്നത്. പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവരെ സാമൂഹികാകലം കുറച്ചു സമത്വത്തിലേക്കു വളർത്താൻവേണ്ടിയാണിത്. സംവരണക്വോട്ടായിലൂടെ ആനുകൂല്യം ലഭിക്കുന്നത് വ്യക്തികൾക്കാണ്. നാളിതുവരെ 50% സംവരണക്വോട്ടയായിരുന്നു. ഇപ്പോൾ EWS കൂടിയായപ്പോൾ അത് 60% ആയി. EWS-ൽ ജാതീയ പിന്നാക്കാവസ്ഥയല്ല, സാമ്പത്തികക്കുറവും ദാരിദ്ര്യവുമാണ് മാനദണ്ഡം. സാമ്പത്തിക സംവരണമാണിത്.

സംവരണാനുകൂല്യങ്ങളിൽ നിൽക്കുന്ന ആർക്കും പരാതി പറയാൻ അവകാശമില്ലാത്തതാണ്. ജനറൽ ക്വോട്ട 50% ആയിരുന്നല്ലോ. അതിലേക്കു മത്സരിക്കുവാൻ സംവരണത്തിൽ നിൽക്കുന്നവർക്കും അവസരമുണ്ട്. സംവരണക്വോട്ടായിൽ ഉള്ളവർക്ക് ഈ 50% പൊതുക്വോട്ടായിൽ കയറിപ്പറ്റാനും കഴിയുമായിരുന്നു. ആ 50% ഇനി മുതൽ 40% മാത്രമാണ്. ഈ കുറവിനെ വിമർശിക്കുന്നത് യാഥാർത്ഥ്യബോധക്കുറവുമൂലമാണ്. അതായത്, നിലവിലുണ്ടായിരുന്ന 50% റിസർവേഷനെ അതേപടി നിലനിർത്തിക്കൊണ്ടാണ് പുതിയ 10% കൂടി വന്നത്. ▶ 2









# കാർഷികമേഖലയും സാമ്പത്തികസംവരണവും

**നാളിതുവരെ യാതൊരു സംവരണവും ലഭിക്കാത്തവരാണ് സുറിയാനിക്കത്തോലിക്കർ. ന്യൂനപക്ഷാവകാശങ്ങൾ ഭരണഘടന മതന്യൂനപക്ഷങ്ങൾക്കു നൽകിയിരിക്കുന്ന പരിരക്ഷയാണ്. ഇത് ആനുകൂല്യമല്ല, അവകാശമാണ്. എണ്ണം കുറവായതിനാൽ മാത്രമല്ല, ജനാധിപത്യവും സെക്കുലറിസവും സംസ്കാരവും ഭാഷയുമൊക്കെ സംരക്ഷിക്കപ്പെടേണ്ടതിനാണിതു നൽകിയിരിക്കുന്നത്. പ്രധാനമായും മതന്യൂനപക്ഷങ്ങൾ വിദ്യാഭ്യാസസ്ഥാപനത്തിലൂടെയാണ് ഈ ലക്ഷ്യം സാധ്യമാക്കുന്നത്.**

1–ാം പേജ് തുടർച്ച

അപ്പോൾ വരുന്ന ഏകപ്രശ്നം പൊതുമെറിറ്റ് ക്വോട്ടാ അല്പം ചുരുങ്ങി ('shrink') എന്നു മാത്രമാണ്. അതിൽ അവർക്ക് ഓരോരുത്തർക്കും 10% കുറഞ്ഞു എന്ന വാദഗതി പ്രധാനമായും താത്ത്വികം മാത്രമാണ്. ആ അല്പം ചുരുക്കലിലൂടെ മാത്രമേ മറ്റുള്ളവർക്ക് അല്പം വളരാൻ പറ്റൂ എന്ന സത്യം തിരിച്ചറിയുമ്പോൾ എല്ലാ എതിർപ്പുകളും മാറും.

**സംവരണം എന്ന ആശയത്തിനു തന്നെ വ്യത്യാസങ്ങൾ വന്നു**

EWS വന്നതോടെ പുതിയ ഒരുണർവ്വും ഉന്മേഷവും രാജ്യമൊട്ടാകെ ഉണ്ടായി. വലിയ ഒരു പറ്റം ആളുകൾ സംവരണപരിധിയിൽ വരുകയാണ്. വാസ്തവത്തിൽ കൂടുതൽ അസ്വസ്ഥരാകേണ്ടത് സംവരണക്വോട്ടായിൽ നിൽക്കുന്നവരല്ല. ജനറൽ ക്വോട്ടായിൽമാത്രം അവസരം ലഭ്യമായിക്കൊണ്ടിരുന്ന വിഭാഗക്കാർക്കാണ് സത്യത്തിൽ കൂടുതൽ നഷ്ടം! പക്ഷേ, ഇവരും അസ്വസ്ഥരാകേണ്ടതില്ല. ഇവരിലെ, സാമ്പത്തികമായിട്ട് താഴേക്കിടയിൽ നിൽക്കുന്നവർക്ക് കൂടുതൽ അവസരം നൽകുന്നതിനു വേണ്ടിയാണിത്. തന്മൂലം അത് സർവ്വദാ സ്വാഗതാർഹമാണ്. ഇവരും ഈ സത്യം തിരിച്ചറിഞ്ഞാൽ മതി. കൂട്ടത്തിൽ അല്പം കുറ്റബോധവും ഉള്ളതു നല്ലതാണ്.

ഒരവസരത്തിൽ സുറിയാനിക്രൈസ്തവർ സംവരണം വേണ്ട എന്നു പറഞ്ഞു മാറിനിന്നവരാണ്. അത് അഹങ്കാരംകൊണ്ടല്ല, അഭിമാനംകൊണ്ടായിരുന്നു. തങ്ങളുടെ സമുദായത്തിൽപെട്ടവരെ നോക്കാൻ പറ്റും എന്ന ചിന്ത കൂട്ടത്തിൽ ഉണ്ടായിരുന്നതുകൊണ്ടാണ്. ഒരുതരം കുലീനത്വചിന്തയുടെ ഭാഗമായിരുന്നു അത്. ഞങ്ങൾ റിസർവേഷൻ വിഭാഗത്തിൽപ്പെട്ടവരല്ല എന്ന ചെറിയ ഒരു ദുരഭിമാനത്തിന്റെ ഭാഗംകൂടിയാണത്. പക്ഷേ, നമുക്ക് റിസർവേഷനിലേക്കു പോകേണ്ടിവന്നിരിക്കുന്നു. നാളിതുവരെ യാതൊരു സംവരണവും ലഭിക്കാത്തവരാണ് സുറിയാനിക്കത്തോലിക്കർ. ന്യൂനപക്ഷാവകാശങ്ങൾ ഭരണഘടന മതന്യൂനപക്ഷങ്ങൾക്കു നൽകിയിരിക്കുന്ന പരിരക്ഷയാണ്. ഇത് ആനുകൂല്യമല്ല, അവകാശമാണ്. എണ്ണം കുറവായതിനാൽ മാത്രമല്ല, ജനാധിപത്യവും സെക്കുലറിസവും സംസ്കാരവും ഭാഷയുമൊക്കെ സംരക്ഷിക്കപ്പെടേണ്ടതിനാണിതു നൽകിയിരിക്കുന്നത്. പ്രധാനമായും മതന്യൂനപക്ഷങ്ങൾ വിദ്യാഭ്യാസസ്ഥാപനത്തിലൂടെയാണ് ഈ ലക്ഷ്യം സാധ്യമാക്കുന്നത്. ഇത് വ്യക്തികൾക്ക് എന്നതിനെക്കാൾ സമൂഹത്തിനുള്ള അവകാശമാണ്. ന്യൂനപക്ഷസമൂഹത്തെയാണ് ഇവിടെ സംരക്ഷിക്കുന്നത്. ന്യൂനപക്ഷാവകാശം ഉന്നതനിലവാരത്തിൽ നില്ക്കുന്ന ഒരു കാര്യമാണ്. അത് ഒരിക്കലും തീർന്നുപോകുന്നതല്ല, ന്യൂനപക്ഷങ്ങളുടെ സമഗ്രവളർച്ചയെ ലക്ഷ്യം വച്ചാണ്. റിസർവേഷൻ വേണ്ടാ എന്നു പറഞ്ഞിരുന്ന നാളുകളിൽ ഈ സമൂഹങ്ങൾക്ക് ആഴമായ സമുദായബോധമുണ്ടായിരുന്നു, കെട്ടുറപ്പുണ്ടായിരുന്നു, രാഷ്ട്രീയബലമുണ്ടായിരുന്നു, കാർഷികമേഖലയിലൂടെ സാമ്പത്തികനേട്ടവും ഉണ്ടാക്കിയിരുന്നു, അംഗസംഖ്യാബലമുണ്ടായിരുന്നു, സാമ്പത്തികഭദ്രത കച്ചവടത്തിലൂടെയും ഉറപ്പാക്കിയിരുന്നു. വിദ്യാഭ്യാസയോഗ്യത ഉള്ളവരും ഉണ്ടായിരുന്നു. കാർഷികമേഖലയിലെ വിഭവങ്ങൾ വിറ്റാൽ സർക്കാർ ജോലിയിൽനിന്നു കിട്ടുന്നതിനേക്കാൾ പണം കിട്ടുമെന്നറിയാമായിരുന്നു. പിന്നീട്, മേൽപ്പറഞ്ഞ മേഖലകളിലൊക്കെ പരാജയങ്ങളും ബലഹീനതകളും സംഭവിച്ചു. സമസ്തമേഖലകളിലും വ്യക്തിതാത്പര്യങ്ങൾ ഉടലെടുത്തപ്പോൾ സമുദായം ഛിന്നഭിന്നമായിത്തുടങ്ങി. എല്ലാവരും ഒരുപോലെ വളർന്നില്ല, അല്ലെങ്കിൽ വളർത്തിയില്ല. വലിയ ഒരുപറ്റം പേർ താഴേക്കിടയിൽ ഉണ്ട്.

**ഒ.ബി.സി. സംവരണം വന്നപ്പോൾ**

നേരത്തേ റിസർവേഷനെക്കുറിച്ചുണ്ടായിരുന്ന 'റിസർവേഷൻ' ഇപ്പോഴില്ല. പണ്ട് സംവരണം എസ്.സി.,എസ്.റ്റി. വിഭാഗങ്ങൾക്കു മാത്രമായിരുന്നു. പിന്നീടാണ് ഒ.ബി.സി. ക്കാർക്ക് സംവരണം നല്കിയത്. അതോടെ സംവരണത്തിൽ വലിയ വ്യത്യാസങ്ങൾ വന്നു. ഒ. ബി. സി. സംവരണം വന്നതു നല്ലതാണ്. വലിയ വളർച്ചയുണ്ടായി. അതുതന്നെയാണ് ഇന്ന് EWS ലേക്കു സർക്കാരിനെ നയിച്ചത്. ഒ.ബി.സി. യിൽ പെടാതെ നിന്ന വിഭാഗത്തിൽനിന്ന് സർക്കാർ ഉദ്യോഗങ്ങളും സർക്കാർ കോളജുകളിൽ പ്രവേശനവും താരതമ്യേന കുറഞ്ഞു. പിന്നാക്കാവസ്ഥയിൽ നില്ക്കുന്നവരുടെ എണ്ണം വർദ്ധിച്ചു. നഷ്ടപ്പെട്ടത് തിരിച്ചെടുക്കാൻ അധ്വാനിക്കണം. പദ്ധതികൾ ആവിഷ്കരിക്കണം. സമുദായ ഐക്യം വളർത്തണം. കഴിവും പ്രാപ്തിയും ഉള്ളവരെ ഉയർത്തിക്കൊണ്ടുവരത്തക്ക വിധത്തിലുള്ള സമുദായചിന്തയിൽ നാം വേണ്ടവിധത്തിൽ വളർന്നില്ല. നമ്മുടെ യുവജനങ്ങൾക്ക് EWS വളരെ നല്ല അവസരമാണ്. ന്യൂനപക്ഷപദവി ഇല്ലാത്തതും ഒ.ബി.സി. പദവി നിലനില്ക്കുന്നതുമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാത്രമാണ് 10% EWS റിസർവേഷൻ ബാധകമാകുന്നത്. എൻട്രൻസ് കോഴ്സുകളിൽപോയി ഇരുന്നാൽ മാത്രം പോരാ. വീട്ടിൽ എത്തി ഓരോ ദിവസവും മണിക്കൂറുകൾ വായിക്കുകയും പഠിക്കുകയും ചെയ്യണം. യുവാക്കൾ ബൗദ്ധിക മുന്നേറ്റം നടത്തണം. ബൗദ്ധിക പാപ്പരത്തം ഇന്ന് ഏറെയുണ്ട്. അധ്വാനിച്ചാൽ അനന്തസാദ്ധ്യതയും ഉണ്ട്. സംവരണം ഉള്ളപ്പോഴും അവ മെറിറ്റിലൂടെയാണ് പ്രധാനമായും നിശ്ചയിക്കപ്പെടുന്നത് എന്നു മറക്കരുത്. സമുദായകെട്ടുറപ്പും ഉണ്ടാകും. നമ്മുടെ യുവജനങ്ങൾ ബൈക്കും മൊബൈലും സിനിമാശാലകളും ലഹരിവസ്തുക്കളുമായി ആവശ്യത്തിൽ കൂടുതൽ ഇണങ്ങിക്കഴിഞ്ഞു. അതിനു മാറ്റം വന്നേ പറ്റൂ.

**കാർഷികമേഖലയും സംവരണവും**

ഇന്ത്യ അടിസ്ഥാനപരമായ കാർഷികമേഖലയാണ്. കർഷകരുടെ സാമ്രാജ്യമാണ്. 'ജയ് കിസാൻ' എല്ലാ ഭാരതീയരുടെയും ഉള്ളിലുണ്ട്. കേരളത്തിലെ പ്രത്യേകിച്ച് മദ്ധ്യതിരുവിതാംകൂറിലെ ജനങ്ങൾ എല്ലാവരുംതന്നെ കർഷകരാണ്. പക്ഷേ, പതിറ്റാണ്ടുകളായി ഈ മേഖലയിൽ വലിയ ഇടിവാണു സംഭവിച്ചുകൊണ്ടിരിക്കുന്നത്. അവർക്ക് അല്പം ഭൂമിയുണ്ട് എന്നു മാത്രമേയുള്ളൂ. വാർഷികവരുമാനം വളരെ കുറവാണ്. കർഷകരുടെ സമുദ്ധാരണത്തിലൂടെ സുറിയാനിക്കാരുടെ ഇടയിൽ സമുദായബോധം ഊട്ടിയുറപ്പിക്കാൻ പറ്റും. അതിനുള്ള ഏറ്റവും നല്ല മാർഗമാണ് EWS. തൊഴിലില്ലായ്മ ഏറ്റവും കൂടുതലുള്ളത് ക്രൈസ്തവരുടെ ഇടയിലാണ്. പ്രത്യേകിച്ച് ക്രൈസ്തവ കർഷകരുടെ ഇടയിൽ. സുറിയാനിക്രൈസ്തവരായി നില്ക്കുമ്പോൾ നമുക്ക് നമ്മുടെ വിശ്വാസവും പാരമ്പര്യവും സംസ്കാരവും വളർത്തണം. സംസ്കാരം വേണ്ടതുപോലെ സംരക്ഷിക്കാൻ സാധിക്കുന്നില്ല. വിദ്യാഭ്യാസമേഖലയിൽ നാം കൂടുതലായി ഇടപെട്ടപ്പോഴും പാശ്ചാത്യവിദ്യാഭ്യാസസമ്പ്രദായങ്ങൾ കൂടുതലായി കയറിപ്പറ്റി. സർക്കാരിന്റെ ശമ്പളം വാങ്ങിക്കുന്നവരും എന്നാൽ നല്ല സാംസ്കാരികമൂല്യങ്ങളിൽ ജീവിക്കുന്നവരുമായ അധ്യാപകരും ഉദ്യോഗസ്ഥരും ഈ സമുദായത്തിൽനിന്ന് കൂടുതലായിട്ടുണ്ടാകണം. അതുവഴി മാത്രമേ സാമുദായിക ഐക്യത്തിൽ എത്താൻ പറ്റൂ. സമുദായത്തെക്കുറിച്ച് അഭിമാനബോധമുള്ള ഒരു ബൗദ്ധികവർഗ്ഗം വളർന്നുവരണം. EWS തികച്ചും വ്യക്തിപരമാണ്, സാമുദായികമല്ല. ഓരോ വ്യക്തിക്കും കിട്ടുന്ന ജോലിയും മറ്റ് അവസരങ്ങളുമാണ്. പക്ഷേ, അത്തരക്കാർ സമുദായത്തിന്റെ ചരടായി വർത്തിക്കണം. സർക്കാർ സർവ്വീസിലേക്കു കൂടുതൽ പേരെ പ്രൊമോട്ട് ചെയ്യണം.

**സാമൂഹികക്ഷേമപ്രവർത്തനങ്ങൾ സാമൂഹികവളർച്ചയുടെ ആത്മാവാണ്**

സമുദായസമുദ്ധാരണത്തിന് സർക്കാർ വച്ചുനീട്ടുന്ന ആനുകൂല്യങ്ങൾ മാത്രം നോക്കിയിരുന്നാൽ പോരാ, പല പ്രായോഗികമാർഗ്ഗങ്ങളുംകൂടി ഈ സംവരണം അനുഭവിക്കുന്ന കൂട്ടത്തിൽ സമുദായങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. ഉദാ: പത്ത് ഏക്കറിൽ കൂടുതൽ സ്ഥലമുള്ള സഭാകേന്ദ്രങ്ങളും ആരാധനാലയങ്ങളും മറ്റു സ്ഥാപനങ്ങളും എല്ലാ വ്യക്തികളും അവരുടെ പത്തോ അതിൽ കൂടുതലോ ഏക്കർ സ്ഥലത്തിൽനിന്ന് പത്തുസെന്റെങ്കിലും ദാനം ചെയ്യാൻ തയ്യാറായാൽ കേരളത്തിൽ വലിയ വിപ്ലവം സംജാതമാക്കാൻ കഴിയും. ഇത് ഒരു വെല്ലുവിളിയായെടുക്കണം. എത്രയോ ലക്ഷക്കണക്കിന് അല്മായർ പത്ത് ഏക്കറിൽ കൂടുതൽ സ്ഥലം ഉള്ളവരാണ്. വ്യക്തികളുടെ കൈയിൽ ഭൂമിയും സ്വത്തും കുന്നുകൂടുമ്പോൾ സമുദായത്തിൽ ഭിന്നിപ്പും തിരിവുകളും പിറന്നുകൊണ്ടിരിക്കും. രൂപതകൾ എത്രയോ വലിയ കടബാധ്യതകളോടെയാണ് പൊതുജനങ്ങൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ നടത്തുന്നത്. 10% സംവരണാനുകൂല്യങ്ങൾ ലഭിച്ച സമുദായത്തിലെ മുന്നാക്കക്കാർ ധീരമായ നിലപാടുകൾ സ്വീകരിക്കണം. സംവരണാനുകൂല്യങ്ങൾ സംലഭ്യമാകുന്നതോടൊപ്പം സാമൂഹികക്ഷേമപ്രവർത്തനങ്ങളും അതേപടിയിൽ തുടർന്നുകൊണ്ടിരിക്കണം. നമ്മുടെ കൂട്ടത്തിലുള്ള ദളിത്സഹോദരരുടെ കാര്യത്തിലും ശക്തമായ നിലപാടുകൾ എടുക്കണം. അവർ നേരിട്ട് EWS നോടു ബന്ധപ്പെട്ടല്ല നില്ക്കുന്നത്. ആദിമസഭയിൽ ആവശ്യക്കാരില്ലായിരുന്നു. സമ്പത്തുള്ളവരെല്ലാം ഇല്ലാത്തവർക്കു നൽകിക്കൊണ്ടിരുന്നു. സഭ ഒരു നൂറ്റാണ്ടായി നല്കിക്കൊണ്ടിരിക്കുന്ന സാമൂഹികചാക്രികലേഖനങ്ങൾ നിരന്തരമായി ഉൾക്കൊള്ളാതിരിക്കുകയും അവഗണിക്കുകയും ചെയ്യുന്നതുകൊണ്ടുകൂടിയാണ് സാമ്പത്തികസംവരണത്തിലേക്കു കടക്കേണ്ടിവരുന്നത്. അതുകൊണ്ട് സംവരണം നൽകുന്ന താക്കീതുകളും മറക്കരുത്. മുന്നാക്കസമുദായങ്ങൾക്ക് ഈ ആനുകൂല്യങ്ങൾ തന്നുകൊണ്ട് അവർക്ക് ആത്മപരിശോധനയ്ക്കുള്ള അവസരമാണ് സർക്കാർ നൽകിയിരിക്കുന്നത്. ഈ ആത്മപരിശോധന നമ്മെ കർമ്മോത്സുകരാക്കണം. ലഭിച്ച അവസരം പൂർണ്ണമായി പ്രയോജനപ്പെടുത്തുകയാണു വേണ്ടത്.

സാമ്പത്തികപിന്നാക്കാവസ്ഥ രേഖാമൂലം നിർണ്ണയിക്കുക അത്ര എളുപ്പമല്ല. EWS നടപ്പിലാക്കുന്നതിനോടൊപ്പം സമത്വവും സാമൂഹികനീതിയും ഉറപ്പാക്കണം. റിസർവേഷൻ ദാരിദ്ര്യനിർമ്മാർജ്ജനപ്രവർത്തനം മാത്രമല്ല, EWS റിസർവേഷൻ പണം നല്കലുമല്ല, പ്രത്യുത അവസരം നല്കലാണ്. ഉദ്യോഗത്തിൽ ന്യായമായ പ്രാതിനിധ്യം കിട്ടാത്തവർക്ക് അത് നല്കി ഉറപ്പുവരുത്തുന്ന പ്രക്രിയയാണിത്. സാമ്പത്തിക പിന്നാക്കാവസ്ഥ പൂർണ്ണമായുംരേഖാമൂലം വ്യക്തമാക്കപ്പെടുമ്പോഴാണ് EWS അർത്ഥമുള്ളതാവുന്നത്. പ്രത്യക്ഷത്തിൽത്തന്നെ വ്യക്തമാക്കപ്പെടേണ്ട പിന്നാക്കാവസ്ഥയെ നാം മറച്ചുവയ്ക്കരുത്. വിവേകപൂർവ്വകവും നിരന്തരമായ പരിശ്രമവുംവഴി മാത്രമേ ഈ വിഭാഗത്തെ വേണ്ട രീതിയിൽ കണ്ടെത്തി സർക്കാരിന്റെ ശ്രദ്ധയിലേക്കു കൊണ്ടുവരാൻ കഴിയൂ. സാമൂഹികക്ഷേമപദ്ധതികൾകൊണ്ട് പരിഹരിക്കാൻ പറ്റാത്തവിധം സാമ്പത്തികപ്രതിസന്ധികൾ തലമുറകളിലേക്കു കൈമാറ്റം ചെയ്തുകൊണ്ടിരിക്കുന്നു എന്ന സത്യമാണ് EWS ലേക്കു നയിച്ചത്. മുന്നാക്കസമുദായങ്ങളിൽപ്പെട്ട വൻഭൂരിപക്ഷം ജനങ്ങളും അനുഭവിക്കുന്ന അതിസങ്കീർണ്ണമായ ഒരു പ്രശ്നമാണിത്. അതുകൊണ്ട് സംവരണത്തിന്റെ പരമ്പരാഗത മാനദണ്ഡങ്ങളെ മറികടക്കാൻ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും നിർബന്ധിക്കപ്പെട്ടു. ഈ മേഖലയിലേക്ക് വ്യക്തവും കൃത്യവുമായ പഠനങ്ങൾ ഇനിയും നടത്തണം. തീവ്രപരിശ്രമത്തിലൂടെ EWS ക്കാരെ കണ്ടെത്തണം. ഏറ്റവും അർഹിക്കുന്നവരിലേക്കു നീങ്ങണം. പരമാവധി ആളുകളെ ചേർക്കണം. അല്ലാത്തപക്ഷം സംവരണക്കാർ ഒരു പ്രത്യേക ഗ്രൂപ്പായി മാറിനില്ക്കും. സംവരണത്തിലൂടെ സമുദായത്തെ ബലപ്പെടുത്തലാണ് ആത്യന്തികമായി ലക്ഷ്യം വയ്ക്കേണ്ടത്. ഈ രാജ്യത്തുകൂടി ഇഴഞ്ഞും ഇരന്നും നടക്കേണ്ടവരല്ല സാമ്പത്തികമോ ജാതീയമോ ആയ തരത്തിലുള്ള പിന്നാക്കക്കാർ. അന്തസായി നടക്കാൻ എല്ലാവരും ചേർന്നു പരിശ്രമിക്കണം.

□

# ഭിന്നശേഷിക്കാർ വിഭിന്നരല്ല



ഡോ. ജോസ് ആന്റണി സി.എം.ഐ.

**ഡിസംബർ 3**
**അന്താരാഷ്ട്ര ഭിന്നശേഷിദിനം**

ഐക്യരാഷ്ട്രസംഘടനയുടെ നേതൃത്വത്തിൽ എല്ലാ വർഷവും ഡിസംബർ 3 അന്താരാഷ്ട്ര ഭിന്നശേഷി ദിനമായി ആചരിക്കുന്നു. ഓരോ വർഷവും വ്യക്തമായ ആശയങ്ങൾ ഭിന്നശേഷിക്കാരുടെ ഉന്നമനവും വളർച്ചയും സുരക്ഷിതത്വവും ലക്ഷ്യമാക്കി യു.എൻ അവതരിപ്പിക്കാറുണ്ട്. 'എല്ലാ വൈകല്യവും ദൃശ്യമല്ല' എന്ന വിഷയത്തിലധിഷ്ഠിതമായി ഈ വർഷം ചിന്തിക്കുമ്പോൾ, ഏതുവിധ വൈകല്യമാണെങ്കിലും മനുഷ്യസമൂഹം ഭിന്നശേഷിക്കാരുടെ ശക്തിയും കഴിവുകളും വളർത്തി, സമൂഹത്തിന്റെ മുഖ്യധാരയിൽ അവരെ



എത്തിക്കണമെന്നും തുല്യനീതി ഉറപ്പാക്കണമെന്നുമുള്ള മഹത്തായ സന്ദേശമാണ് നൽകുന്നത്.

ലോകാരോഗ്യസംഘടനയുടെ റിപ്പോർട്ടിൽ ലോകത്തെ 15 ശതമാനം ആളുകൾ അഥവാ ഒരു ബില്യൺ മനുഷ്യർ വൈകല്യത്തോടെ ജീവിക്കുന്നു. ഇതിൽ 450 ദശലക്ഷം പേർ മാനസികമോ അല്ലെങ്കിൽ ന്യൂറോളജിക്കൽ പ്രശ്നമോ ഉള്ളവരാണെന്നു കണക്കാക്കപ്പെടുന്നു. ഇവരിൽ മൂന്നിൽ രണ്ടു പേർ വൈദ്യസഹായം തേടുന്നില്ല. ഇതിന്റെ പ്രധാന കാരണം സമൂഹത്തിനു മുമ്പിലുള്ള അവഗണന, അപവാദം, വിവേചനം എന്നിവയാണ്.

160 പേരിലൊരാൾ ഓട്ടിസം സ്പെക്രൂത്തിൽ ഉൾപ്പെടുന്നു. പ്രത്യക്ഷത്തിൽ കാണപ്പെടാത്ത വൈകല്യങ്ങളിൽപ്പെടുന്ന ലക്ഷക്കണക്കിന് ആളുകളുടെ ചില ഉദാഹരണങ്ങളാണിവ. ഇപ്രകാരം ദൃശ്യവും അദൃശ്യവുമായ ഭിന്നശേഷിയിൽപ്പെടുന്നവരുടെ തടസ്സങ്ങൾ നീക്കം ചെയ്യപ്പെടേണ്ടതിന്റെ ആവശ്യകതയും ഈ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു. ഭാരതത്തിൽ 2011 സെൻസസ് പ്രകാരം 22.4 % ഭിന്നശേഷിക്കാർ, അതായത്, 26.8 ദശലക്ഷം ഭിന്നശേഷിക്കാരാണുള്ളത്. ഇതിൽ 5.6% ആളുകൾ മാനസികവൈകല്യമുള്ളവരാണ്. എന്നാൽ, ഈ സർവ്വേയിൽ ചില പോരായ്മകൾ ലോകബാങ്ക് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

2011 ലെ അവകാശനിയമത്തിലൂടെ ഭിന്നശേഷി ഗണത്തിൽപ്പെട്ടവരുടെ എണ്ണം 7 ൽ നിന്ന് 21 ആയി വർദ്ധിപ്പിച്ചു. എന്നാൽ, സർവ്വേ നടത്തിയവരുടെ പരിചയക്കുറവും അറിവില്ലായ്മയും മറ്റു കാരണങ്ങളും കൊണ്ട് വ്യക്തമായ കണക്കുകൾ ഇന്നും ലഭ്യമല്ല.

2006 ലെ ദേശീയനയത്തിൽ വൈകല്യബാധിതർ രാജ്യത്തിന് വിലപ്പെട്ട മാനവശേഷിയാണെന്നും അവർക്കു തുല്യ അവസരങ്ങൾ നൽകണമെന്നും അവരുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്നും സമൂഹത്തിന്റെ പൂർണ്ണപങ്കാളിത്തം ഉണ്ടാകണമെന്നും ഈ ലക്ഷ്യപൂർത്തീകരണത്തിനായി രാജ്യം വിവിധ പ്രവർത്തനങ്ങൾ നടത്തണമെന്നും പ്രഖ്യാപിച്ചു. ഇതിനായുള്ള യു.എൻ.ന്റെ കൺവെൻഷൻ നിർദ്ദേശങ്ങൾ ഇന്ത്യയും 2007 ഒക്ടോബർ ഒന്നിന് അംഗീകരിച്ചു. ഇതുമൂലം 1995 ലെ നിയമം മാറ്റി 2016 ൽ ഭിന്നശേഷിക്കാരുടെ അവകാശനിയമം പ്രാബല്യത്തിൽ വന്നു.

ഈ നിയമപ്രകാരം ജോലിസംവരണം നാലു ശതമാനമായും ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അഡ്മിഷൻ അഞ്ചു ശതമാനമായും നിശ്ചയിച്ചു. 2017 ലെ മാനസികാരോഗ്യസംരക്ഷണനിയമവും നടപ്പിലാക്കി. 1992-ൽ പുനരധിവാസ കൗൺസിൽ രൂപീകരിക്കുകയും 1999-ൽ ഓട്ടിസം, സെറിബ്രൽ പൾസി, മെന്റൽ റിട്ടാർഡേഷൻ, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവയുള്ളവരുടെ ക്ഷേമത്തിന് നാഷണൽ ട്രസ്റ്റ് ആക്ട് നിലവിൽ വരുകയും ചെയ്തു. ഇതിലൂടെ നിയമപരമായ രക്ഷാകർത്തൃത്വം, ഒരു ലക്ഷം രൂപവരെയുള്ള നിരാമയ ഇൻഷുറൻസ് ഇവയും ലഭ്യമാക്കപ്പെട്ടു. ഇത്തരത്തിൽ നിരവധി നിയമസംരക്ഷണസാഹചര്യങ്ങൾ ഇന്ത്യയിൽ ഭിന്നശേഷിക്കാരുടെ ക്ഷേമവും സംരക്ഷണവും വളർച്ചയും ലക്ഷ്യമാക്കി നടപ്പിലാക്കിയിട്ടുണ്ട്.

കുഷ്ഠരോഗം, പോളിയോ ഇവ നിയന്ത്രണവിധേയമാക്കാൻ ഒട്ടൊക്കെ സാധിച്ചുവെങ്കിലും ആരോഗ്യമേഖല, വൈകല്യത്തെ പ്രതിരോധിക്കുന്നതിൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. മുഴുവൻ ഭിന്നശേഷിക്കാർക്കും ശ്രദ്ധയും പരിചരണവും സംരക്ഷണവും നൽകുന്നതിൽ വിവിധ വെല്ലുവിളികൾ ആരോഗ്യമേഖലയും നേരിടുന്നുണ്ട്. പൊതുആരോഗ്യമേഖല മെച്ചപ്പെട്ടാൽ വൈകല്യം തടയുന്നതിൽ വലുതായ സംഭാവനകൾ നല്കാനുമാകും. എന്നാൽ, ഈ രംഗത്ത് ആവശ്യമായ പദ്ധതികളോ ശ്രദ്ധയോ ഇന്നില്ലായെന്നതാണ് യാഥാർഥ്യം. വൈകല്യം തിരിച്ചറിയൽ, സർട്ടിഫിക്കറ്റുനല്കൽ ഇവ വളരെ ശോചനീയാവസ്ഥയിലാണ്. പൊതുജനത്തിന്റെ അറിവില്ലായ്മ, ആരോഗ്യപ്രവർത്തകരുടെ നെഗറ്റീവ് മനോഭാവം, അവഗണന എന്നിവയും വെല്ലുവിളിയാണ്. കുട്ടികളുടെ അവകാശമായ വിദ്യാഭ്യാസം ഭിന്നശേഷിക്കാരായ കുട്ടികളിൽ എത്തുന്നില്ല. ദുർബലമായ ഏകോപനവും പരിമിതമായ ഫണ്ടുകളും, പരിചയക്കുറവ്, താത്പര്യമില്ലായ്മ എന്നിവയും തടസ്സങ്ങളാണ്. പ്രത്യേകമായി ശ്രദ്ധിക്കപ്പെടേണ്ട ഭിന്നശേഷിക്കുട്ടികളെ കണ്ടെത്തി സഹായിക്കാത്തതും, ശാരീരികന്യൂനതയുള്ളവർക്ക് യഥാസമയം സ്കൂളിൽ എത്തിച്ചേരാൻ സാധിക്കാത്തതും, ഭിന്നശേഷിസൗഹൃദവും സൗകര്യവുമില്ലാത്ത സ്കൂൾ സ്ഥലങ്ങളും, സാങ്കേതികവിദ്യയുടെ അപര്യാപ്തതയും ഈ മേഖലയിലെ സുപ്രധാന പോരായ്മകൾതന്നെ. നിലവാരമില്ലാത്ത വിദ്യാഭ്യാസ പഠനസാഹചര്യങ്ങളും ഇവർക്കുള്ള ഉന്നത കോഴ്സുകളുടെ അഭാവവും ഇവരുടെ പഠനമേഖലകളെയും പരിശീലനങ്ങളെയും നിരീക്ഷിച്ചു പോരായ്മകൾ പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനങ്ങൾ ഒരുക്കാത്തതും വലിയ കുറവുകളാണ്.

ഇവരുടെ തൊഴിൽപരിശീലത്തിനു നിരവധി പദ്ധതികൾ ഉണ്ടെങ്കിലും നഗരപ്രദേശത്താണ് അവ കേന്ദ്രീകരിച്ചിരിക്കുന്നത്. ഗ്രാമപ്രദേശം അവഗണിക്കപ്പെടുന്നു. 4% തൊഴിൽസംവരണത്തിൽ 10% മാത്രമാണ് ഇവർക്ക് അനുയോജ്യമായ തസ്തികകൾ. പുതിയ തസ്തികകൾ ഒന്നും സൃഷ്ടിക്കപ്പെടുന്നില്ല. അർഹിക്കാത്തവർ അന്യായമായ മാർഗത്തിലൂടെ സർട്ടിഫിക്കറ്റ് നേടി ജോലി കരസ്ഥമാക്കുന്നുമുണ്ട്.

ഭിന്നശേഷിസംരംഭകർക്കായി സാമ്പത്തിക സഹായപദ്ധതികൾ നിലവിലുണ്ടെങ്കിലും വളരെ കുറച്ചു പേർക്കേ സേവനം ലഭ്യമാകുന്നുള്ളൂ. നാഷണൽ ഹാൻഡിക്യാപ് ഫിനാൻസ് ഡവലപ്മെന്റ് കോർപറേഷൻ (N.H.F.D.C) 1997 മുതൽ ഉണ്ടെങ്കിലും ഗുണഭോക്താക്കൾ വളരെ കുറവാണ്. ശരിയായ അവബോധമില്ലായ്മ, വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം, ചാനലിങ് ഏജൻസികളുടെ ഉത്തരവാദിത്വമില്ലായ്മ എന്നിവ കാരണം ശരിയായ ഫലം ഈ മേഖലയിൽ ഇല്ല. പുനരധിവാസ-തൊഴിൽ പരിശീലനം നല്കുന്നുണ്ടെങ്കിലും പ്ലേസ്മെന്റിൽ ശ്രദ്ധയില്ലാത്തതിനാലും നഗരകേന്ദ്രീകൃതമായതിനാലും സാധാരണക്കാരിലും ഇത് എത്തുന്നില്ല.

ഭിന്നശേഷിയുള്ളവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുമ്പോൾ തീവ്രവൈകല്യങ്ങൾ ഉള്ളവരുടെ സമഗ്രമായ ക്ഷേമം അടിസ്ഥാനപരമായി ശ്രദ്ധിക്കേണ്ടതാണ്. അവകാശങ്ങൾ നേടിയെടുക്കാനും ഫലപ്രദമായി പ്രയോജനപ്പെടുത്താനും അവരുടെ തന്നെ സംഘടിതമായ പ്രവർത്തനമാണ് ഏറ്റവും ആവശ്യം. വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന ഇവരുടെ സംഘടനയുടെ സംസ്ഥാനതല കോർഡിനേഷനായ കെ.സി.ഡി.എ. (KCDA - Kerala Confederation of Disabled) ഈ രംഗത്ത് ഏവർക്കും ആശ്രയിക്കാവുന്നതും കാര്യക്ഷമതയോടെ മുന്നേറാൻ സഹായിക്കുന്നതുമാണ്. (ഫോൺ: 9400930104).

എട്ടു ലക്ഷത്തിലധികം വരുന്ന കേരളത്തിലെ ഭിന്നശേഷിക്കാരുടെ സന്തോഷവും ആനന്ദവും നിറഞ്ഞ ജീവിതത്തിനു വേണ്ടതെല്ലാം സമയത്തു നൽകുന്നതിൽ സാക്ഷരകേരളത്തിന് കഴിയുന്നില്ലായെന്നത് ശോചനീയമാണ്. പൊതുസമൂഹം ഇവരുടെ പ്രശ്നങ്ങൾ ആത്മാർഥമായി ഏറ്റെടുക്കുന്നില്ലെങ്കിൽ ഇവരുടെ തുല്യതയും പങ്കാളിത്തവും ഉറപ്പുവരുത്താനാവില്ല. ■

# ആന്റിബയോട്ടിക്സ് ഉപയോഗിക്കുമ്പോൾ

**ആരോഗ്യവീഥി**





ഡോ. ദീപ്തി മധു

നമ്മൾ ഉപയോഗിക്കുന്ന ഒട്ടുമിക്ക മരുന്നുകളും നമ്മുടെതന്നെ കോശങ്ങളിൽ പ്രവർത്തിക്കേണ്ടവയാണ്. എന്നാൽ, ആന്റിബയോട്ടിക്സ് അവയുടെ പ്രവർത്തനം നടത്തുന്നത് നമ്മുടെ കോശങ്ങളിലല്ല, പകരം രോഗാണുക്കളിലാണ്. എന്നിരുന്നാലും, ഈ മരുന്നുകൾക്കും നമ്മുടെ ശരീരത്തിൽ പാർശ്വഫലങ്ങൾ ഉണ്ടാക്കാൻ കഴിയും. കാരണം, നമ്മുടെ ശരീരത്തിൽ സ്വാഭാവികമായുള്ള, നമ്മുടെ ആരോഗ്യത്തിനനിവാര്യമായ ഒട്ടനേകം ബാക്റ്റീരിയകളുണ്ട്: ചർമ്മഗ്രന്ഥികളെപ്പോലും നല്ലവണ്ണം പ്രവർത്തനക്ഷമമാക്കുന്നവ, നമ്മൾ കഴിക്കുന്ന ഭക്ഷണപദാർത്ഥങ്ങളിൽനിന്ന് ആവശ്യമായ ന്യൂട്രിയന്റ്സിനെ വലിച്ചെടുക്കാൻ സഹായിക്കുന്നവ, നമുക്ക് അത്യന്താപേക്ഷിതമായ വിറ്റാമിൻസിനെ കുടലിൽ ഉത്പാദിപ്പിക്കുന്നവ ഒക്കെ ഇതിൽ ഉൾപ്പെടുന്നു.

എന്നാൽ, നമ്മൾ ഉപയോഗിക്കുന്ന ആന്റിബയോട്ടിക്സിന് എല്ലാ ബാക്റ്റീരിയകളെയും രോഗാണുക്കളെയും വേർതിരിച്ചു കാണുവാനുള്ള കഴിവില്ല. അവ എല്ലാ ബാക്റ്റീരിയകളെയും ഒരുപോലെ നശിപ്പിക്കുന്നു. അതുകൊണ്ട് ഓരോ തവണ ആന്റിബയോട്ടിക്സ് കഴിക്കുന്നതിനുമുൻപും, വിദഗ്ധോപദേശം തേടുക, ഇൻഫെക്ഷൻ ആണോ രോഗകാരണം എന്നുറപ്പുവരുത്തുക, അതു സ്ഥിരീകരിക്കാൻ ആവശ്യമായ കൾച്ചർ ടെസ്റ്റുകൾ ചെയ്യുക, ടെസ്റ്റിനനുസൃതമായ ആന്റിബയോട്ടിക്സ് മാത്രം കഴിക്കുക.

അടിക്കടി ആന്റിബയോട്ടിക്സ് ഉപയോഗിക്കുന്നവരിൽ ക്രമേണ ആന്റിബയോട്ടിക്സിന്റെ എഫക്ട് തീർത്തും കുറയുന്നു. ഇങ്ങനെയുള്ളവരിൽ കാണുന്ന രോഗാണുക്കളിൽ ആന്റിബയോട്ടിക്സ് പ്രവർത്തനരഹിതമാവുന്നതായി കാണുന്നു. ഇങ്ങനെയുള്ള ബാക്റ്റീരിയയെ MDR (Multi Drug Resistant)എന്നുപറയുന്നു.

ആന്റിബയോട്ടിക്സ് ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

1. ഡോക്ടറിന്റെ പ്രിസ്ക്രിപ്ഷനോടുകൂടി മാത്രം കഴിക്കുക.
2. നിശ്ചിത അളവിൽ കഴിക്കുക.
3. പറഞ്ഞിരിക്കുന്ന സമയം മാത്രം കഴിക്കുക.
4. പറഞ്ഞ കാലയളവിലേക്കു മാത്രം കഴിക്കുക.
5. ഒരു വ്യക്തിക്കായി കുറിച്ച ആന്റിബയോട്ടിക് മറ്റൊരാൾ കഴിക്കരുത് (ഒരേ രോഗലക്ഷണങ്ങൾ ആണെങ്കിൽപ്പോലും).
6. ആന്റിബയോട്ടിക്സിനൊപ്പം ബി കോംപ്ലക്സ് വിറ്റാമിനുകൾ കഴിക്കുന്നത് നല്ലതാണ്. അതല്ലെങ്കിൽ തൈര് ഭക്ഷണത്തിന്റെ ഭാഗമാക്കുക.


ജലദോഷങ്ങളിൽ ഒട്ടുമിക്കതും വൈറൽ ഇൻഫെക്ഷൻ ആണ്. ആന്റിബയോട്ടിക്സ് കഴിക്കാതെതന്നെ അതിൽ മൂന്നിലൊന്ന് ഇൻഫെക്ഷനുകളും, മറ്റു മരുന്നുകളുടെ ഉപയോഗത്തോടെ ചികിൽസിച്ചു ഭേദമാക്കാവുന്നതാണ്.

*ലേഖിക പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ക്ലിനിക്കൽ മൈക്രോബയോളജിസ്റ്റാണ്.*





**ജിൻസ് കാവാലി**

# അതിജീവനത്തിന്റെ അനശ്വരപുസ്തകം




**അ**പ്രതീക്ഷിതമായി എത്തിയ മഹാമാരിയും അതു സമ്മാനിച്ച അടച്ചുപൂട്ടൽ ദിനങ്ങളും വല്ലാതെ അസ്വസ്ഥമാക്കി നമ്മുടെയൊക്കെ ജീവിതങ്ങളെ. തടസ്സങ്ങളേതുമില്ലാതെ കൂടിയിരുന്നു കളിതമാശകൾ പങ്കിട്ടിരുന്ന നമുക്ക് അകലം സമ്മാനിച്ച അസ്വസ്ഥത അല്പമൊന്നുമായിരുന്നില്ല. എന്നാൽ, നാം ഒരിക്കലെങ്കിലും ചിന്തിച്ചിട്ടുണ്ടോ, ജീവിതകാലം മുഴുവൻ ഒരു വീൽ ചെയറിലോ കിടക്കയിലോ മാത്രമായി കഴിയേണ്ടിവരുന്ന, പരസഹായമില്ലാതെ ഒന്നനങ്ങാൻപോലും സാധിക്കാത്ത അനേകം മനുഷ്യരുടെ ജീവിതപോരാട്ടത്തെക്കുറിച്ച്? അത്തരം ഓർമകളുണ്ടായാൽ, ആ ജീവിതങ്ങളിലേക്കൊന്നു കണ്ണോടിച്ചാൽ നമുക്കു മനസിലാവും, ലോക്ഡൗണോ (സാമൂഹിക അകലമോ ഒന്നും ഒരു ബുദ്ധിമുട്ടല്ലെന്ന്; പരസഹായമില്ലാതെ എഴുന്നേറ്റു നടക്കാൻ കഴിയുന്നതുപോലും എത്ര വലിയ അനുഗ്രഹമാണെന്ന്! വായനയിൽ അത്തരം വെളിച്ചം തന്നൊരു പുസ്തകമുണ്ട് – ഴാൻ ഡൊമിനിക് ബോബിയുടെ (Jean Dominique Bauby) 'The Diving Bell And The Butterfly' എന്ന പുസ്തകം. 'ഡൈവിംഗ് കവചവും ചിത്രശലഭവും' എന്ന പേരിൽ ഡോ. ബി ഉമാദത്തനും പ്രഫ. ബി ലളിതയും ചേർന്ന് ഈ പുസ്തകം മനോഹരമായി മലയാളത്തിലേക്കു മൊഴിമാറ്റിയിട്ടുണ്ട്. ഡി സി ബുക്സാണ് പ്രസാധകർ.

ഗ്രന്ഥകാരനായ ഴാൻ ഡൊമിനിക് ബോബിയുടെ ഓർമ്മക്കുറിപ്പുകളാണ് ഈ പുസ്തകം. ഒരുപക്ഷേ, എഴുത്തിന്റെ ചരിത്രത്തിൽത്തന്നെ ഒരാൾ ഒരു പുസ്തകമെഴുതുവാൻ ഇത്രയേറെ പ്രയത്നിച്ചിട്ടുണ്ടാവില്ല. അതിന്റെ കാരണമറിയുവാൻ ഗ്രന്ഥകാരന്റെ ജീവിതകഥയറിയണം. ലോകപ്രശസ്തമായ 'എൽ' എന്ന ഫ്രഞ്ച് ഫാഷൻ മാസികയുടെ മുഖ്യപത്രാധിപരായിരുന്നു ഴാൻ ഡൊമിനിക് ബോബി. പണത്തിനു പണം. പ്രശസ്തിക്കു പ്രശസ്തി. ആരാധകരുടെ നീണ്ട നിര. ആരും കൊതിക്കുന്ന സുഭിക്ഷവും സുന്ദരവുമായ ജീവിതം. എന്നാൽ, പ്രതീക്ഷിക്കാതെ കടന്നുവന്ന ഗുരുതരമായൊരു മസ്തിഷ്കാഘാതം ആ ജീവിതത്തിന്റെ ഗതി അപ്പാടെ മാറ്റിമറിച്ചു. നീണ്ട ഇരുപതു ദിവസം ബാറക്ക് നേവൽ ആശുപത്രിയിൽ അബോധാവസ്ഥയിൽ കഴിഞ്ഞതിനുശേഷം ജീവൻ തിരിച്ചുകിട്ടിയെങ്കിലും അരോഗദൃഢഗാത്രനായിരുന്ന ആ യുവാവിൽ അപ്പോൾ ആകെ അവശേഷിച്ചിരുന്നത് ഇടതുകൺപോളയുടെ ചലനം മാത്രമായിരുന്നു, ആഴക്കടലിൽ മുങ്ങുവാനായി നീന്തൽ വിദഗ്ദ്ധർ ഉപയോഗിച്ചിരുന്ന ഒരു ഡൈവിങ്കവചത്തിനുള്ളിലായ പ്രതീതിയായിരുന്നു ബോബിക്ക്. എന്നാൽ, അദ്ദേഹത്തിന്റെ കാഴ്ചയ്ക്കോ കേൾവിക്കോ ചിന്തകൾക്കോ തകരാറൊന്നും സംഭവിച്ചിരുന്നുമില്ല. നിശ്ചലമായ ആ ശരീരത്തിനുള്ളിലെ മനസ്സ്, ഒരു ചിത്രശലഭത്തെപ്പോലെ പാറി നടന്നു.



ബോബിയുടെ ശരീരത്തിൽ ചലനശേഷി ബാക്കിയായത് ഇടംകണ്ണിൽ മാത്രമായിരുന്നുവെന്നു നാം കണ്ടു. ആ ഇടതു കൺപോളകൊണ്ടാണ് ബോബി ഈ പുസ്തകം എഴുതിയിരിക്കുന്നത്. പ്രസാധകനായ റോബർട്ട് ലഫോങ് അയച്ചു കൊടുത്ത ക്ലോഡ് മെൻഡിബൽ എന്ന സ്പെഷ്യലിസ്റ്റ് നേഴ്സിന്റെ സഹായത്തോടെയാണ് അദ്ദേഹം ഈ ഗ്രന്ഥമെഴുതുന്നത്. ക്ലോഡ് ഒരു ബോർഡിൽ അക്ഷരമാലയിലെ അക്ഷരങ്ങളെല്ലാം എഴുതും. തുടർന്ന് ആ അക്ഷരങ്ങളിലൂടെ അവർ വിരലോടിക്കുമ്പോൾ ശരി എന്നതിന് ബോബി ഒരു തവണ കണ്ണുചിമ്മും. തെറ്റെങ്കിൽ രണ്ടു തവണയും. ഇങ്ങനെ രണ്ടു ലക്ഷത്തിലേറെത്തവണ കണ്ണുചിമ്മിയാണ് ബോബി ഈ കുഞ്ഞുപുസ്തകം പൂർത്തിയാക്കിയത്! ആത്മവിശ്വാസവും ഇച്ഛാശക്തിയും കൈകോർത്ത അനശ്വര പുസ്തകം. കരളുനോവും, കണ്ണിമകളാൽ ബോബി തീർത്ത ആ അക്ഷരങ്ങളിലൂടെ കടന്നുപോകുമ്പോൾ. മരവിച്ച തന്റെ കൈകാലുകളുടെ ഒരിഞ്ചിന്റെ ഒരംശമെങ്കിലും ഒന്നനക്കാൻ കഴിഞ്ഞിരുന്നെങ്കിലെന്ന് അതിയായി ആഗ്രഹിക്കുന്നുണ്ട് ഗ്രന്ഥകാരൻ. എന്നാൽ, അതിനാവില്ലെന്ന യാഥാർത്ഥ്യത്തെ അയാൾ സംയമനത്തോടെതന്നെ ഉൾക്കൊള്ളുകയും ചെയ്യുന്നു. ആ ദേഹം തളർന്നെങ്കിലും മനസ്സിലിപ്പോഴും തളരാത്ത സ്വപ്നങ്ങളുണ്ട്. പ്രത്യാശയുടെ വർണ്ണച്ചിറകുള്ള സ്വപ്നശലഭങ്ങൾ ആ ജീവിതത്തെ ജീവസ്സുറ്റതാക്കുന്നു.

എങ്കിലും ചില വേള ബോബിയുടെ മനസ്സ് വലിയ ദുഃഖഗർത്തങ്ങളിൽ ആണ്ടുപോകും. ചാരേ നിൽക്കുന്ന തന്റെ പൊന്നുമക്കളെ ചേർത്തണയ്ക്കാൻ തനിക്കു കഴിയുന്നില്ലല്ലോ എന്നോർക്കുമ്പോൾ, കണ്ണുനീരിന്റെ കടലു തന്നെ ഉള്ളിലൊതുക്കി നിൽക്കുന്ന തന്റെ പ്രിയതമയോട് സാരമില്ലെന്നൊരു വാക്കുപോലും പറയാൻ തനിക്കാവില്ലല്ലോ എന്നോർക്കുമ്പോൾ ആ ഹൃദയം ദുഃഖത്താൽ നിറയും.

എന്നാൽ, അധികനേരം ആ സങ്കടസാഗരത്തിലാണ്ടു കിടക്കാൻ ബോബി സ്വയം അനുവദിക്കാറില്ല. അയാൾ ശുഭാപ്തിവിശ്വാസം വീണ്ടെടുക്കും.

ചലനമറ്റ തന്റെ വലത്തെ കൺപോള സൂചിയും നൂലും ഉപയോഗിച്ച് തുന്നി അടയ്ക്കുന്ന രംഗത്തെക്കുറിച്ച് ബോബി എഴുതുന്നുണ്ട്. കൺപോളകൾ അടയ്ക്കാൻ കഴിയാത്തതിനാൽ നേത്രപടലം ഉണങ്ങി വ്രണങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. അതിനാലാണ് അങ്ങനെയൊരു തുന്നൽ വേണ്ടിവന്നത്. എന്നാൽ, തന്റെ ഇടത്തെ കണ്ണുകൊണ്ട് കൂട്ടുകാരുടെ കത്തുകൾ വായിക്കുന്ന ബോബി, പെയിന്റിംഗുകൾ കണ്ടാസ്വദിക്കാനും ശ്രമിക്കുന്നു. തന്റെ വികാരവിചാരങ്ങളെ ഓർമ്മകളെ, സ്വപ്നങ്ങളെ, സന്തോഷങ്ങളെ വേദനകളെ ഒക്കെയും പുറംലോകത്തെത്തിക്കാൻ ബോബിക്കു മുന്നിലുള്ള ഏകമാർഗ്ഗമാണ് ആ ഇടംകണ്ണ്. ആ മിഴിയിൽ തന്റെ ജീവിതത്തിന്റെ പ്രത്യാശ നിലനിർത്തുന്നു ഗ്രന്ഥകാരൻ. ഇടയ്ക്കെല്ലാം ആ മിഴി നിറയുന്നുണ്ട്. എങ്കിലും നിറഞ്ഞ മിഴികളിൽ പിന്നെ തെളിയുന്നത് നിരാശയുടെ കൂരിരുട്ടല്ല, പ്രതീക്ഷയുടെ പുലർവെളിച്ചമാണ്.

1997 ലാണ് ഈ പുസ്തകം പുറത്തിറങ്ങുന്നത്. പ്രസിദ്ധീകരിച്ച ദിവസംതന്നെ വിറ്റഴിഞ്ഞത് 25000 കോപ്പികളാണ്. രണ്ടു ദിവസത്തിനുശേഷം രണ്ടാം പതിപ്പിന്റെ അച്ചടി പുരോഗമിക്കവേ ബോബി ഈ ലോകത്തോടു വിട പറഞ്ഞു. വേണമെങ്കിൽ സ്വയം ശപിച്ചും ലോകത്തെ പഴിച്ചും നരകമാക്കാൻ കഴിയുമായിരുന്നു ബോബിക്കു തന്റെ ജീവിതത്തെ. അപ്രതീക്ഷിതാഘാതങ്ങളിൽ പലപ്പോഴും സംഭവിക്കുന്നതും അങ്ങനെയൊക്കെത്തന്നെ. എന്നാൽ, ബോബിയാവട്ടെ അവസാനശ്വാസത്തോളം തന്റെ ആത്മവിശ്വാസത്തിന്റെ തിരിനാളം ഉലയാതെ കാത്തു. ആ വെളിച്ചത്തിൽ പിറന്ന അതിജീവനത്തിന്റെ ഈ അനശ്വരപുസ്തകം മനുഷ്യരാശി നിലനിൽക്കുന്നിടത്തോളംകാലം വായിക്കപ്പെടുക തന്നെചെയ്യും. ■

---

## കരിയർടേൺ 4





**നേവി ജോർജ്**

**കേ**ന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളിൽ ജോലി ലഭിക്കണമെന്നാഗ്രഹിക്കുന്നവർക്ക് നിയമനം നടത്തുന്ന ഗവൺമെന്റ് ഏജൻസിയാണ് സ്റ്റാഫ് സിലക്ഷൻ കമ്മീഷൻ (SSC). ഓരോ തസ്തികയ്ക്കും പ്രത്യേകം പരീക്ഷ എന്ന രീതിക്കുപകരം സമാനസ്വഭാവമുള്ള ജോലികൾക്ക് പൊതുപരീക്ഷ നടത്തുകയാണ് എസ്.എസ്.സി.യുടെ രീതി.

എസ്.എസ്.എൽ.സി. അടിസ്ഥാനയോഗ്യതയുള്ള തസ്തികകളിലേക്ക് മൾട്ടി ടാസ്കിങ് പരീക്ഷയും പ്ലസ് ടു യോഗ്യത വേണ്ട തസ്തികകൾക്ക് കമ്പൈൻഡ് ഹയർ സെക്കന്ററി ലെവൽ പരീക്ഷയും ബിരുദം യോഗ്യത വേണ്ട തസ്തികകളിലേക്ക് കമ്പൈൻഡ് ഗ്രാജ്വേറ്റ് ലെവൽ പരീക്ഷയുമാണ് നടത്തുന്നത്.

സ്റ്റാഫ് സിലക്ഷന്റെ വെബ്സൈറ്റിൽ (http://ssconline.-nic.in) ഒറ്റത്തവണ രജിസ്റ്റർ ചെയ്താൽ മതിയാവും. ഭൂരിഭാഗം പരീക്ഷകളും വർഷത്തിൽ രണ്ടുതവണ നടത്താറുണ്ട്. പരീക്ഷയുടെ വിജ്ഞാപനത്തിന്റെ സമയത്ത് അപേക്ഷ സമർപ്പിക്കുകയാണു ചെയ്യേണ്ടത്.

മൾട്ടി ടാസ്കിങ് പരീക്ഷ നടത്തുന്നത് കേന്ദ്രസർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലേക്കും ഓഫീസുകളിലേക്കും നോൺ – ടെക്നിക്കൽ തസ്തികയിലെ ഗ്രൂപ്പ് സി വിഭാഗത്തിൽ വരുന്ന ഒഴിവിലേക്കാണ്.

എസ്.എസ്.എൽ.സി. യോ തത്തുല്യ പരീക്ഷയോ ആണ് യോഗ്യത. പതിനെട്ടുമുതൽ ഇരുപത്തഞ്ചുവയസ്സു വരെയാണ് പ്രായപരിധി. ഒ.ബി.സി. വിഭാഗക്കാർക്കു മൂന്നും എസ്.സി, എസ്.ടി. വിഭാഗക്കാർക്ക് അഞ്ചും അംഗപരിമിതക്കാർക്ക് പത്തും വർഷം ഉയർന്ന പ്രായപരിധിയിൽ ഇളവു ലഭിക്കും.

ശമ്പളസ്കെയിൽ 5200 മുതൽ 20200 വരെ ലഭിക്കും. കൂടാതെ, മറ്റു ചില ആനുകൂല്യങ്ങളും. പരീക്ഷയ്ക്ക് നൽകേണ്ട ഫീസ് 100 രൂപ മാത്രം. വനിതകൾ, എസ്.സി., എസ്.ടി, അംഗപരിമിതർ, വിമുക്തഭടന്മാർ എന്നിവർ ഫീസ് നൽകേണ്ടതില്ല.

ആകെ രണ്ടു പേപ്പറുകളാണ് പരീക്ഷയ്ക്കുള്ളത്. ഇതിലെ പേപ്പർ ഒന്ന് ഒബ്ജക്റ്റീവ് ടൈപ്പും പേപ്പർ രണ്ട് ഡിസ്ക്രിപ്ടീവ് ടൈപ്പുമാണ്.

പേപ്പർ ഒന്നിലെ സിലബസ്: 1. ജനറൽ ഇന്റലിജൻസ് റീസണിംഗ്, 2. ന്യൂമറിക്കൽ ആപ്റ്റിറ്റ്യൂഡ്, 3. ജനറൽ ഇംഗ്ലീഷ്, 4. ജനറൽ അവേർനസ് എന്നിവ ഉൾപ്പെടുന്നതാണ്. ആകെ 100 ചോദ്യങ്ങൾ. 100 മാർക്കാണ് ആകെ ലഭിക്കുക. പരീക്ഷയ്ക്കുള്ള സമയം 90 മിനിറ്റ്. ഓരോ വിഭാഗത്തിൽനിന്ന് 25 ചോദ്യങ്ങൾ വീതമാണ് നൽകുക.

ജനറൽ ഇന്റലിജൻസ് & റീസണിംഗ് എന്ന വിഭാഗത്തെ 12 ആയും ന്യൂമറിക് ആപ്റ്റിറ്റ്യൂഡിനെ 12 ആയും ഇംഗ്ലീഷ് ഭാഷയെ 9 ആയും തരംതിരിച്ചിരിക്കുന്നു. ജനറൽ അവേർനസിൽ ചുറ്റുമുള്ള എല്ലാക്കാര്യങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. പരിസ്ഥിതി, സമൂഹം, ഇന്ത്യയെക്കുറിച്ചുള്ള പൊതുവിവരങ്ങൾ, സ്പോർട്സ്, ചരിത്രം, സംസ്കാരം, ഭൂമിശാസ്ത്രം, സാമ്പത്തിക മേഖല, പൊതുരാഷ്ട്രീയബോധം എന്നിവയെല്ലാം ഉൾപ്പെടുന്നതാണ്.

വിവരണാത്മകരീതിയിലുള്ള രണ്ടാമത്തെ പേപ്പറിൽ ഷോർട്ട് എസേയാണ് എഴുതേണ്ടത്. ആകെ ലഭിക്കുന്നത് 50 മാർക്കാണ്. സമയം 30 മിനിറ്റ്. ഇംഗ്ലീഷിലോ ഭരണഘടനയുടെ 8–ാം ഷെഡ്യൂളിൽപ്പെട്ട ഭാഷകളിലോ എഴുതാം. ഓരോ വർഷവും എല്ലാ വിഭാഗങ്ങളിലുമായി എണ്ണായിരത്തിലേറെപ്പേരെയാണ് തിരഞ്ഞെടുക്കുന്നത്.

*(തുടരും)*

ദീപനാളം
ESTD-1968

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

**സത്കീർത്തിയിൽ ശ്രദ്ധാലുവായിരിക്കുക; ആയിരം സ്വർണനിക്ഷേപങ്ങളെക്കാൾ അത് അക്ഷയമാണ്.**

പ്രഭാഷകൻ 41 : 12

## എഡിറ്റോറിയൽ

# മാധ്യമസ്വാതന്ത്ര്യം മാനിച്ചേ തീരൂ

സമൂഹമാധ്യമങ്ങളിലൂടെയുള്ള വ്യക്തിഹത്യ തടയാനെന്ന പേരിൽ പൊലീസ് ആക്ട് ഭേദഗതി വരുത്തി സംസ്ഥാന സർക്കാർ ഇറക്കിയ ഓർഡിനൻസ് വിവാദമായതോടെ രണ്ടു ദിവസത്തിനുള്ളിൽ പിൻവലിക്കേണ്ടിവന്നത് സർക്കാരിനു വലിയ നാണക്കേടുണ്ടാക്കി. സ്വതന്ത്രമാധ്യമപ്രവർത്തനത്തിനും അഭിപ്രായസ്വാതന്ത്ര്യത്തിനും കൂച്ചുവിലങ്ങിടാനുള്ള പൊലീസ് നിയമമാണെന്ന പ്രതിപക്ഷപാർട്ടികളുടെയും നിയമവിദഗ്ധരുടെയും എതിർപ്പു രൂക്ഷമായ പശ്ചാത്തലത്തിലാണ് സർക്കാർ ഭേദഗതി തിരുത്താൻ തയ്യാറായത്.

2011 ലെ കേരള പൊലീസ് ആക്ടിൽ 118 എ എന്ന വകുപ്പ് കൂട്ടിച്ചേർത്തുള്ളതായിരുന്നു വിവാദമായ ഓർഡിനൻസ്. ഒരു ഗൃഹപാഠവും ചെയ്യാതെ, ഒട്ടും വീണ്ടുവിചാരമില്ലാതെ തികച്ചും അലസമായി രൂപകല്പന ചെയ്ത ഓർഡിനൻസാണിത്. സ്ത്രീകളെ താറടിക്കുന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പോസ്റ്റു ചെയ്യുന്നവരുടെ ദുഷ്കൃത്യങ്ങൾക്ക് കർശനനടപടികളിലൂടെ അറുതി വരുത്തണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. എന്നാൽ, അതിന്റെ പേരിൽ ഭേദഗതി വരുത്തിയ പൊലീസ് ആക്ട് ജനാധിപത്യവീക്ഷണങ്ങൾക്കു വിരുദ്ധമാണെന്ന ആരോപണം അത്യധികം ഗൗരവമുള്ളതാണ്. സമൂഹമാധ്യമങ്ങൾക്കു പുറമേ എല്ലാത്തരം സ്വതന്ത്രമാധ്യമപ്രവർത്തനങ്ങളെയും കൂച്ചുവിലങ്ങിടാനുള്ള തന്ത്രപരമായ സർക്കാർ നീക്കങ്ങളെയാണ് സമൂഹമൊന്നാകെ ചെറുത്തു തോല്പിച്ചത്.

ഭരണഘടന അനുവദിച്ചുതന്നിരിക്കുന്ന അഭിപ്രായസ്വാതന്ത്ര്യവും മാധ്യമസ്വാതന്ത്ര്യവും ജനാധിപത്യഭരണവ്യവസ്ഥയുടെ സൗന്ദര്യമാണ്. ഉത്തമബോധ്യത്തോടെ നടത്തുന്ന വിമർശനങ്ങളെ വ്യാഖ്യാനിച്ചു കുറ്റകരമാക്കാമെന്ന അവസ്ഥയുണ്ടായാൽ ജനജീവിതത്തിന്റെ സ്വാഭാവിക താളക്രമം തെറ്റും. ഭയം ഭരണം നടത്തുന്നിടത്ത് പൗരസ്വരം നിലയ്ക്കും. ജനാധിപത്യത്തിലെ പൗരസ്വാതന്ത്ര്യംതന്നെയാണ് ഇവിടെ അട്ടിമറിക്കപ്പെടുന്നത്.

സ്ത്രീകൾക്കെതിരേ വർദ്ധിച്ചുവരുന്ന സൈബറാക്രമങ്ങളുടെ പേരിൽ തികച്ചും ഭരണഘടനാവിരുദ്ധവും ജനാധിപത്യവിധ്വംസകവുമായ നിയമഭേദഗതിയുമായി വന്ന സർക്കാരിന്റെ നിലപാട് കേരളത്തിൽ മാത്രമല്ല, ദേശീയതലത്തിൽത്തന്നെ വിമർശനത്തിനു കാരണമായി. നിയമഭേദഗതിയോടു സി.പി.എം. കേന്ദ്രനേതൃത്വംതന്നെ വിയോജിപ്പറിയിച്ചതും നിയമഭേദഗതി പുനഃപരിശോധിക്കുമെന്ന് ജനറൽ സെക്രട്ടറി വ്യക്തമാക്കിയതും പിണറായി സർക്കാരിനു തിരിച്ചടിയായി. ഫലമോ, രണ്ടു ദിവസംകൊണ്ടാണ് വിജ്ഞാപനം മരവിപ്പിക്കേണ്ടിവന്നത്.

'മനസ്സിനോ ഖ്യാതിക്കോ വസ്തുവിനോ ഹാനിയുണ്ടാകാനിടയുള്ള കാര്യങ്ങളും വിഷയങ്ങളും' 'ഏതെങ്കിലും തരത്തിലുള്ള വിനിമയോപാധിയിലൂടെ നിർമ്മിക്കുകയോ പ്രകടിപ്പിക്കുകയോ പ്രസിദ്ധീകരിക്കുകയോ പ്രചരിപ്പിക്കുകയോ' ചെയ്യുന്നത് കുറ്റകരമാണെന്നു പറയുന്നു. ഓർഡിനൻസിന് ഏതുതരം വിമർശനത്തെയും ആക്ഷേപത്തെയും കുറ്റകരമാക്കാനുള്ള 'വ്യാഖ്യാനസ്വാതന്ത്ര്യം' ലഭിക്കുമെന്നതിനാലാണ് അത് ജനാധിപത്യഭരണകൂടത്തിനു നിരക്കാത്തതാണെന്നും പിൻവലിക്കണമെന്നും മുറവിളിയുണ്ടായത്. അവ്യക്തമായ നിയമത്തിലൂടെ വിമർശകരുടെ വായടപ്പിക്കുന്ന പുതിയ സർക്കാർതന്ത്രത്തെയാണ് കേരളത്തിലെ ജനാധിപത്യവിശ്വാസികൾ തോല്പിച്ചത്.

അവ്യക്തമായ ക്രിമിനൽ വ്യവസ്ഥകൾ ജനസ്വാതന്ത്ര്യവും സുരക്ഷിതത്വവും അപകടത്തിലാക്കുമെന്നും ചിലപ്പോൾ അവ നിരപരാധികളെവരെ കുടുക്കിലാക്കുമെന്നും സുപ്രീംകോടതി ശ്രേയാം ശൃംഗാൾ കേസിൽ (2015) നിരീക്ഷിച്ചത് ശ്രദ്ധേയമാണ്. ഐ.ടി. നിയമത്തിലെ 66 എ വകുപ്പും കേരള പൊലീസ് നിയമത്തിലെ 118 ഡി വകുപ്പും സുപ്രീംകോടതി റദ്ദാക്കിയതും വികലവും വികൃതവുമായ നിയമവ്യവസ്ഥകൾ സ്വാതന്ത്ര്യവിരുദ്ധമാണെന്ന് കണ്ടെത്തിയതിനാലായിരുന്നു. അസാധുവാക്കപ്പെട്ട ആ വകുപ്പുകൾ പുതിയ രൂപത്തിലാക്കി പിൻവാതിലിലൂടെ അകത്തുകയറ്റാനായിരുന്നു സർക്കാർ നീക്കം.

സ്ത്രീകൾക്കെതിരേയുള്ള സൈബർ കുറ്റകൃത്യങ്ങളെ സവിശേഷമായി കൈകാര്യം ചെയ്യാൻ കഴിയുന്നതാണ് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 354 എ, 354 ബി, 354 സി, 354 ഡി വകുപ്പുകൾ. സൈബറിടങ്ങളിലെ സ്ത്രീസുരക്ഷ ഉറപ്പാക്കാൻ ഇത്തരം വകുപ്പുകളെ കാര്യക്ഷമമായി ഉപയോഗിക്കുകയാണ് സർക്കാരും പൊലീസും ചെയ്യേണ്ടത്. സ്ത്രീകളെ തെറ്റായ രീതിയിൽ ചിത്രീകരിക്കുന്നതിനെതിരായ 1986 ലെ കേന്ദ്ര നിയമവ്യവസ്ഥകളെയും വേണ്ടവിധം പ്രയോജനപ്പെടുത്താൻ നമ്മുടെ ഭരണസംവിധാനങ്ങൾ തയ്യാറാകേണ്ടതാണ്. ഏതായാലും, പൊലീസ് നിയമഭേദഗതി വിവാദമായ പശ്ചാത്തലത്തിൽ, ഓർഡിനൻസ് പിൻവലിക്കാൻ സർക്കാർ നിർബന്ധിതമായതോടെ, വീണ്ടും വെളിച്ചം കണ്ടുണർന്നത് ജനാഭിപ്രായസ്വാതന്ത്ര്യവും സ്വതന്ത്രമാധ്യമപ്രവർത്തനങ്ങളുമാണ്.

# പാലാ സെന്റ് തോമസ് പ്രസിൽ സി.ടി.പി. മെഷീൻ പ്രവർത്തനസജ്ജമായി

പാലാ: പാലായിൽ ആദ്യമായി സെന്റ് തോമസ് പ്രസിൽ സി.ടി.പി.മെഷീൻ(KODAK TRENDSETTER CTP MACHINE - Thermal Technology) പ്രവർത്തനമാരംഭിച്ചു. പുതിയ മെഷീന്റെ ഉദ്ഘാടനവും ആശീർവാദവും നവംബർ 21 ശനിയാഴ്ച പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ചടങ്ങിൽ ബിഷപ്പുമാരായ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജേക്കബ് മുരിക്കൻ, വികാരി ജനറാൾ മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു. സെന്റ് തോമസ് പ്രസ് മാനേജർ ഫാ. കുര്യൻ തടത്തിൽ ആമുഖപ്രസംഗം നടത്തി. അസി. മാനേജർ ഫാ. ജോസഫ് തെരുവിൽ, ഫോർമാൻമാരായ ജോഷി, ജോർജ്, സൂപ്പർവൈസർ മാത്യൂസ്, റീജന്റ് ബ്രദർ ജോൺസ് ചുക്കനാനിയിൽ എന്നിവർ പരിപാടികൾക്കു നേതൃത്വം നല്കി.

1953 ൽ പാലാ രൂപതയുടെ പ്രഥമാധ്യക്ഷൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയാൽ സ്ഥാപിതമായ സെന്റ് തോമസ് പ്രസ് ഇന്നു വളർച്ചയുടെ പാതയിലാണ്. അച്ചടിമാധ്യമരംഗത്തെ എല്ലാവിധ ആധുനികസംവിധാനങ്ങളും പ്രസ് കരഗതമാക്കിയിരിക്കുന്നു. മൾട്ടി കളർ ഓഫ്സെറ്റ് പ്രിന്റിംഗ്, പോസ്റ്റർ ഡിസൈനിംഗ്, ഡിജിറ്റൽ ലേസർ പ്രിന്റിംഗ്, പെർഫെക്ട് ആൻഡ് ബോക്സ് ബൈൻഡിംഗ്, സ്പൈറൽ ബൈൻഡിംഗ്, ലാമിനേഷൻ, സ്ക്രീൻ പ്രിന്റിംഗ് തുടങ്ങി എല്ലാവിധ അച്ചടിജോലികളും ഒരു കുടക്കീഴിലെന്നപോലെ ഇവിടെ സാധിക്കുന്നുവെന്നുള്ളത് ഉപഭോക്താക്കൾക്ക് ഒരു വലിയ അനുഗ്രഹമാണ്.

ത്രിതലപഞ്ചായത്തു തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഇപ്പോൾ ഇരുപത്തിനാലു മണിക്കൂറും പ്രവർത്തനസജ്ജമാണ് പ്രസ്. പോസ്റ്റർ, നോട്ടീസ്, ലഘുലേഖകൾ തുടങ്ങിയവ കൃത്യസമയത്ത് മിതമായ നിരക്കിൽ ഇവിടെ അച്ചടിച്ചു നല്കുന്നു.

ഇതുകൂടാതെ ഗ്രാഫിക് ഡിസൈനിംഗ്, കോമ്പോസിഷൻ, ഫയൽ റീ വർക്ക്, കംപ്ലീറ്റ് ബൈൻഡറി, പ്രൊമോ പ്രൊഡക്ട്സ്, ബിസിനസ് കാർഡുകൾ, ബ്രോഷേഴ്സ്, കാർബൺലെസ് ഫോംസ്, ഡിജിറ്റൽ കളർ, ബ്ലാക് ഡിജിറ്റൽ കോപ്പീസ്, ലാർജ് ഫോർമാറ്റ് പ്രിന്റിംഗ്, ഓഫീസ് ഫോംസ്, കലണ്ടർ, ഡയറി, പോസ്റ്റ് കാർഡ്സ്, ലെറ്റർ ഹെഡ്സ്, ഓഫീസ് സീൽ, വെഡ്ഡിംഗ് കാർഡ്സ്, ഫോട്ടോസ്റ്റാറ്റ് മുതലായവയും സെന്റ് തോമസ് പ്രസിന്റെ പതിവുസേവനമേഖലയിൽപ്പെടുന്നു.

ഓഫ്സെറ്റ് പ്രിന്റിങ്ങിന്റെ അവിഭാജ്യഘടകമായ പുതിയ മെഷീന്റെ സ്ഥാപനത്തോടെ കേരളത്തിലെ മുൻനിര അച്ചടിശാലകളുടെ ഗണത്തിലേക്കുയർന്നിരിക്കുകയാണ് പാലാ സെന്റ് തോമസ് പ്രസ്.



*പാലാ സെന്റ് തോമസ് പ്രസിൽ സി.ടി.പി. മെഷീന്റെ ഉദ്ഘാടനവും ആശീർവാദവും പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു. ബിഷപ്പുമാരായ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജേക്കബ് മുരിക്കൻ, വികാരി ജനറാൾ മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ, സെന്റ് തോമസ് പ്രസ് മാനേജർ ഫാ. കുര്യൻ തടത്തിൽ, അസി. മാനേജർ ഫാ. ജോസഫ് തെരുവിൽ, ഫോർമാൻ ജോഷി തുടങ്ങിയവർ സമീപം.*



KODAK TRENDSETTER CTP MACHINE

# ജനപ്രതിനിധി ആരായിരിക്കണം?




## ഗ്രാമവികസനത്തിന്റെ രാഷ്ട്രീയം



**ഡോ. ജോർജ് ഓണക്കൂർ**
**(എഴുത്തുകാരൻ, അധ്യാപകൻ)**

എല്ലാ രാഷ്ട്രീയകക്ഷികളും തിരഞ്ഞെടുപ്പുസമയത്ത് അവർ ആരെന്നും എന്തെന്നും എന്തിനാണ് അവർ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതെന്നും ജനങ്ങളെ അറിയിക്കുന്നു. അതിനാണ് മാനിഫെസ്റ്റോ – പ്രകടനപത്രിക – തയ്യാറാക്കുന്നത്. പാർലമെന്റ് – അസംബ്ലി തിരഞ്ഞെടുപ്പുകളിൽ ഇത് വളരെ ശക്തമായിരിക്കും. തങ്ങൾ അധികാരത്തിലെത്തിയാൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങളാണ് പ്രകടനപത്രികയിൽ ഉൾപ്പെടുത്തുന്നത്. ഇതിൽ ജാതിമതവർഗ്ഗവ്യത്യാസമൊന്നുമില്ല. വ്യക്തികേന്ദ്രീകൃതമല്ല, നയപരിപാടികൾക്കാണു പ്രാധാന്യം. ഇതു പാലിക്കാതെ വരുന്നതാണ് ജനാധിപത്യത്തിന്റെ ദുരന്തം.

ആസന്നമായ ത്രിതലപഞ്ചായത്തു തിരഞ്ഞെടുപ്പുകളെക്കുറിച്ചു പറഞ്ഞാൽ, ഇവിടെ വനിതകൾക്കു പ്രാധാന്യം കൊടുക്കുന്നുണ്ട്. മുൻകാലങ്ങളിൽ സാമൂഹികമായി പിന്നാക്കം നില്ക്കുന്ന ചില ജനവിഭാഗങ്ങൾക്കു വേണ്ടി മാത്രമായിരുന്നു സംവരണം. എന്നാൽ ഇന്ന്, ജനസംഖ്യയിൽ പകുതിയുള്ള സ്ത്രീകൾക്കും ഭരണത്തിൽ തുല്യപ്രാധാന്യം ലഭിക്കേണ്ടതിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സ്ത്രീകൾക്കുള്ള സംവരണം 50% ആക്കിയിരിക്കുന്നു.

ജനാധിപത്യം അതിന്റെ പൂർണ്ണ അവസ്ഥയിലാണ് സംഭവിക്കേണ്ടത്. അവിടെ രാഷ്ട്രീയം പാടില്ല. രാജ്യത്തിന്റെ വികസനം ആയിരിക്കണം പ്രധാനം. ഒരു ഗ്രാമത്തിന്റെ വികസനത്തിന് ഉതകുന്ന രാഷ്ട്രീയം ആവാം. അതിനുള്ള ജനപ്രതിനിധികളെയാവണം നാം തിരഞ്ഞെടുക്കേണ്ടത്.

തദ്ദേശതിരഞ്ഞെടുപ്പുകളാവുമ്പോൾ ചില ജാതിമതചിന്തകളും പൊരുത്തങ്ങളും പൊരുത്തക്കേടുകളുമൊക്കെയുണ്ടാവാം. അതിന്റെപേരിൽ വിജയപരാജയനിർണ്ണയസാധ്യതകളുമുണ്ടാവാം. അത്തരം പ്രവണതകളെ നിരുത്സാഹപ്പെടുത്താൻ നാം ശ്രമിക്കണം. വ്യക്തിബന്ധങ്ങളും കുടുംബബന്ധങ്ങളും ഈ തിരഞ്ഞെടുപ്പിൽ ശക്തമായിത്തീരണം. വിഭാഗീയത ഉണ്ടാകരുത്. മിശ്രിതമായ ഒരു സാമൂഹികവ്യവസ്ഥിതിയാണ് നമ്മുടേത്. നാടിന്റെ വികസനത്തിന്, പാവപ്പെട്ടവരെ സഹായിക്കാൻ, സാക്ഷരത ഉയർത്താൻ, അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ, അധർമ്മങ്ങൾ ഉണ്ടാകാതിരിക്കാൻ, നിയമവ്യവസ്ഥകൾ സംരക്ഷിക്കാൻ ഒക്കെയുള്ള ഉത്സാഹശാലികളായ ആളുകളെയാണ് നാം തിരഞ്ഞെടുക്കേണ്ടത്.

## അഴിമതിയെ അതിജീവിക്കാനുള്ള ഉൾക്കരുത്തു വേണം



**സി. ഡോ. തെരേസ് ആലഞ്ചേരി SABS**
**(അധ്യാപിക, സെന്റ് ആൽബർട്സ് കോളജ്, എറണാകുളം)**

ഉന്നതമായ ചിന്തകളും മഹത്തായ കർമ്മങ്ങളുംകൊണ്ട് സ്വയം അടയാളപ്പെടുത്താൻ കഴിയുന്നവരാകണം ജനപ്രതിനിധികൾ. സ്വന്തം ചിറകു നഷ്ടപ്പെടുമെന്നറിഞ്ഞാലും കൂടെയുള്ളവരെ പറക്കാൻ സഹായിക്കുന്ന കടൽക്കിളികളെപ്പോലെ ഒരാൾ. മണ്ണിലൂടെ പദയാത്ര നടത്തി പുഷ്പഹാരങ്ങൾ ഏറ്റുവാങ്ങേണ്ടവരല്ല ജനപ്രതിനിധികൾ. മറിച്ച്, ജനങ്ങളുടെ മനസ്സിലൂടെയായിരിക്കണം അവരുടെ പദയാത്ര.

മതതീവ്രവാദത്തെയും ഭീകരതയെയും അഴിമതിയെയും അതിജീവിക്കാനുള്ള ഉൾക്കരുത്ത് നേതാക്കൾക്കു കൂടിയേ തീരൂ. നാളുകളായി നാം കേൾക്കുകയും കാണുകയും ചെയ്യുന്ന ജനപ്രതിനിധികൾതന്നെ ഏറ്റവും വലിയ അനീതിയുടെയും അഴിമതിയുടെയും അവതാരങ്ങളാകുന്നു. ഭക്ഷണത്തിനും അനുദിനാവശ്യങ്ങൾക്കും വേണ്ടി ജനം വലയുമ്പോൾ നികുതിപ്പണം കൊണ്ടുതന്നെ തട്ടിപ്പുനടത്തുന്നവർ ഏറിവരുന്നു. ഇവർ നാടിന്റെ ശാപമാണ്.

തന്നിൽ വിശ്വാസമർപ്പിച്ച ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കേണ്ട കാവൽക്കാർതന്നെ അവരെ വിൽക്കുന്ന വെളിവു നശിച്ച കാലമാണ് ഇന്നിന്റേത്. ജനങ്ങളുടെ ദുരിതങ്ങളിലേക്കു മിഴി തുറന്ന് അവരുടെ സ്വരമാകാനും അവർക്കു ജീവനാകാനും കഴിയുന്നവരാകണം ജനപ്രതിനിധികൾ. പക്ഷപാതരഹിതമായി നിലപാടുകൾ സ്വീകരിക്കാൻ മാത്രം മാനസികപക്വതയുള്ളവരും ജനങ്ങളുടെ ന്യായമായ ആവശ്യങ്ങളും അവകാശങ്ങളും സാധിച്ചു കൊടുക്കുന്നതിൽ ജാഗ്രതയുള്ളവരുമായിരിക്കണം. വിദ്യാഭ്യാസയോഗ്യതയും സത്യസന്ധയും നീതിബോധവും സംസ്കാരവുമുള്ളവരായിരിക്കണം ജനപ്രതിനിധികൾ.

## പ്രചോദനാത്മകമായ വ്യക്തിത്വത്തിന്റെ ഉടമയായിരിക്കണം



**ഡോ. ആൻസി ജോർജ് വടക്കേചിറയാത്ത്**
**(പ്രിൻസിപ്പൽ, സെന്റ് ഡൊമിനിക് കോളജ്, കാഞ്ഞിരപ്പള്ളി)**

പൊതുപ്രവർത്തകർ നാടിന്റെ വികസനകാര്യങ്ങളിൽ ശ്രദ്ധിക്കുന്നവരും അഡ്മിനിസ്ട്രേഷൻ ഫലപ്രദമായി നടത്തുന്നവരുമാകണം. ദീർഘവീക്ഷണമുള്ള പ്രവർത്തകരെ ജനം ആദരിക്കുന്നു.

ഒരു ജനപ്രതിനിധി പ്രചോദനാത്മകമായ വ്യക്തിത്വത്തിന്റെ ഉടമയായിരിക്കണം. സാമൂഹികപ്രതിബദ്ധതയും പഠിച്ചു കാര്യങ്ങൾ ചെയ്യാനുള്ള കഴിവും സിദ്ധിയും ഒരു പൊതുപ്രവർത്തകനുണ്ടായിരിക്കണം.

അർഹതപ്പെട്ടവരെ കണ്ടെത്തി അവർക്കു ക്ഷേമപദ്ധതികൾ ലഭ്യമാക്കിക്കൊടുക്കാനുള്ള ഇച്ഛാശക്തിയുള്ള വ്യക്തിയായിരിക്കണം നല്ലൊരു ജനപ്രതിനിധി.

ഇക്കോളജിക്കൽ ഇന്റലിജൻസുള്ള ജനപ്രതിനിധികളെയാണ് ഇക്കാലഘട്ടത്തിനാവശ്യം. വികസനവും പരിസ്ഥിതിസംരക്ഷണവും ഒരുപോലെ കൊണ്ടുപോകാനുള്ള ഉൾക്കാഴ്ചയും ദീർഘവീക്ഷണവുമുള്ള നേതൃത്വത്തെയാണ് ലോകം ആദരിക്കുന്നത്. മഹത്തായ സ്വപ്നങ്ങളുള്ളവരും പ്രചോദനം നല്കുവാൻ കഴിയുന്നവരും പ്രതിപക്ഷബഹുമാനം കാണിക്കുന്നവരും ആത്മാർത്ഥതയുള്ളവരും ആശയവിനിമയശേഷിയുള്ളവരുമായ ജനപ്രതിനിധികളെ ഉത്തമ ജനപ്രതിനിധികളായി ഞാൻ കണക്കാക്കും.

രാഷ്ട്രീയപ്രതിയോഗികളുടെ പോലും ആദരവാർജ്ജിക്കത്തക്ക രീതിയിലുള്ള മാന്യതയാർന്ന പെരുമാറ്റത്തിന്റെ ഉടമയായിരിക്കണം ഒരു പൊതുപ്രവർത്തകൻ.

മതമൈത്രിക്കും മാനവസാഹോദര്യത്തിനും മനുഷ്യരുടെ അന്തസ്സിനും പ്രാധാന്യം നൽകുന്ന ആളായിരിക്കണം ഉത്തമ ജനപ്രതിനിധി.

## ലക്ഷ്യം സമൂഹനന്മയാവണം



**ഫാ. ഡോ. ജെയിംസ് മംഗലത്ത്**
**(പ്രിൻസിപ്പൽ സെന്റ് തോമസ് കോളജ്, പാലാ)**

ജനതാത്പര്യം സംരക്ഷിക്കുന്നവരാകണം ജനപ്രതിനിധികൾ. അവർ സാമ്പത്തികലാഭം ലക്ഷ്യമാക്കരുത്. അങ്ങനെയായാൽ സ്വന്തം കാര്യസാധ്യത്തിനു പ്രാധാന്യമേറുകയും ജനസേവനം മാറിപ്പോവുകയും ചെയ്യും. വ്യക്തിതാത്പര്യങ്ങൾക്ക് അതീതമായി സമൂഹത്തിന്റെ താത്പര്യങ്ങൾക്കും രാജ്യത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനുംവേണ്ടി കൈയും മെയ്യും മറന്നു പ്രവർത്തിക്കുന്നവരാകണം അവർ. പാർട്ടിതാത്പര്യങ്ങളും വിഭാഗീയചിന്തയും ലാഭേച്ഛയും ജനപ്രതിനിധികളെ നയിക്കുമ്പോൾ സമൂഹനന്മയ്ക്കായി പ്രവർത്തിക്കാൻ ചില ബുദ്ധിമുട്ടുകൾ നേരിട്ടു എന്നുവരാം.

കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവർക്കും എല്ലായ്പ്പോഴും സംലഭ്യരാകേണ്ടവരാണവർ. സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവന്റെവരെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുന്നവരാകണം, മറ്റാരെക്കാളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കു തിരഞ്ഞെടുക്കപ്പെടുന്നവർ. തങ്ങളോടൊപ്പം എത്രമാത്രം നിസ്വാർത്ഥമായി നിലകൊള്ളുന്നവരാണ് സ്ഥാനാർത്ഥികൾ എന്ന ചോദ്യം തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിൽ പ്രതിഫലിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

## കക്ഷിയല്ല, കഴിവാണു പ്രധാനം



**തേക്കിൻകാട് ജോസഫ്**
**(പത്രപ്രവർത്തകൻ, നോവലിസ്റ്റ്)**

ഇന്ത്യയിലെ ഗ്രാമീണജനതയുടെ ക്ഷേമത്തിനുതകുന്ന വികസനപദ്ധതികളാണ് ഗ്രാമപ്പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ആസൂത്രണം ചെയ്തിരിക്കുന്നത്. ലോകനിലവാരമുള്ള റോഡുകൾ, കുടിവെള്ള പദ്ധതി, വൈദ്യുതി, വാസയോഗ്യമായ വീടുകൾ, ആരോഗ്യപരിരക്ഷാകേന്ദ്രങ്ങൾ, ന്യായവിലയ്ക്കു ലഭ്യമാകുന്ന ഭക്ഷ്യവിഭവങ്ങൾ... ഇവയൊക്കെ ഈ വികസനപദ്ധതികളിൽ ഉൾപ്പെടുന്നു. പദ്ധതികളുടെ കുറവല്ല; അവ നടപ്പാക്കുന്നതിലുള്ള അപാകതയാണ് വികസനമുരടിപ്പിനു കാരണം. സംശുദ്ധമായ രാഷ്ട്രീയജീവിതം നയിക്കുന്ന, നേതൃത്വശേഷിയും നിസ്വാർത്ഥ സേവനസന്നദ്ധതയും അർപ്പണബോധവുമുള്ള സവിശേഷവ്യക്തിത്വങ്ങളെ വിജയിപ്പിക്കുന്നതിനു നമ്മുടെ വിലയേറിയ വോട്ടവകാശം വിനിയോഗിക്കുക എന്ന ദൃഢപ്രതിജ്ഞയെടുക്കണം ഓരോരുത്തരും.

നിയമസഭാതിരഞ്ഞെടുപ്പിനെക്കാൾ കൂടുതൽ നീതിപൂർവകമായ ഒരു സമ്മതിദാനനിർവഹണം ഈ പ്രാദേശിക തിരഞ്ഞെടുപ്പിൽ നമുക്കു സാധ്യമാകണം. കക്ഷിരാഷ്ട്രീയത്തിനതീതമായി, ജാതിരാഷ്ട്രീയത്തിനപ്പുറമായി വ്യക്തികളെ അവരുടെ കഴിവുകളെ മാനിച്ച് വോട്ടു ചെയ്തു വിജയിപ്പിക്കാനുള്ള സന്നദ്ധത നാം ഈ കാലഘട്ടത്തിൽ പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. ഓരോ വാർഡിലെയും വികസനപ്രക്രിയയിൽ ജനപങ്കാളിത്തത്തോടെ സേവനം ചെയ്തവരാണെങ്കിൽ വീണ്ടും മത്സരവേദയിൽ എത്തിയാൽ അവർക്കു വോട്ടു ചെയ്യാം.

പുതിയ ഭരണസമിതി വരുമ്പോൾ നാടിന്റെ വികസനപ്രക്രിയയിൽ നാമോരോരുത്തരുടെയും ജാഗരൂകമായ നിരീക്ഷണവും സഹകരണവും ഉണ്ടാകണം. എങ്കിൽ മാത്രമേ ജനാധിപത്യം അതിന്റെ അർത്ഥതലത്തിൽ സക്രിയമായി എന്ന് നമുക്ക് ഉറപ്പിക്കാനാവൂ.

എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന ഗാന്ധിസൂക്തം എല്ലാ ജനപ്രതിനിധികളും ഓർമ്മിക്കട്ടെ.






# തൊഴിൽ തേടുന്നവർക്ക് ഓൺലൈൻ വഴികൾ



അപർണ എം.

**കൊ**വിഡിനു മുമ്പും ശേഷവും എന്ന് അടയാളപ്പെടുത്താവുന്ന ഒരു കാലത്താണിപ്പോൾ ആഗോളജനസമൂഹം ജീവിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുൾപ്പെടെയുള്ള തൊഴിൽപ്രശ്നങ്ങളും പല രാജ്യങ്ങളിലും അനുഭവപ്പെട്ടുതുടങ്ങിയിരിക്കുന്നു. ഇക്കാലത്ത് ജോലിക്കായി വലിയ കമ്പനികളെ ആശ്രയിക്കാതെ വീട്ടിലിരുന്നു സമ്പാദിക്കാൻ




സാധ്യമായ ജോലികൾ ഇന്റർനെറ്റുപയോഗിച്ചു സ്വന്തമാക്കാം. ആത്മവിശ്വാസത്തോടെ കഴിവുകൾ തിരിച്ചറിഞ്ഞ് സ്വന്തം അഭിരുചിക്കനുസരിച്ച് ജോലി സ്വയം തിരഞ്ഞെടുക്കാനും സംതൃപ്തമായി സമ്പാദിക്കാനുമുള്ള പ്ലാറ്റ്ഫോമാണ് ഇന്റർനെറ്റ് പ്രദാനം ചെയ്യുന്നത്.

ഓൺലൈൻ തൊഴിൽ എന്നു കേൾക്കുമ്പോൾ ടൈപ്പിംഗ് ജോലികളാവും ആദ്യം ഓർമ്മയിൽ വരുക. ഡാറ്റ എൻട്രി, പരസ്യം, എഴുത്ത്, സർഗ്ഗാത്മകഎഴുത്ത്, കണ്ടന്റ് റൈറ്റിംഗ് മുതൽ ഗോസ്റ്റ് റൈറ്റിംഗ് വരെ. എഴുത്തിലോ ടൈപ്പിംഗിലോ താത്പര്യമുള്ളവർക്ക് ഒരുപാട് അവസരങ്ങൾ ഓൺലൈനിലുണ്ട്. വിദേശകമ്പനികളിൽ ഉയർന്ന ശമ്പളത്തിൽ ജോലി ചെയ്യാനും സ്വന്തം നാട്ടിൽ അധ്യാപനത്തിനും ഒക്കെ ഇവിടെ ധാരാളം അവസരങ്ങളുണ്ട്.

**ഫ്ളക്സ് ജോബ്സ്**

2007 ൽ ആരംഭിച്ച ഒരു സബ്സ്ക്രിപ്ഷൻ സർവീസ് അഥവാ നിശ്ചിതകാലത്തേക്കു പണം അടച്ചുള്ള സേവനമാണ് ഈ ജോബ് സൈറ്റ് നൽകുന്നത്. പ്രധാനമായും ടെലികമ്യൂണിക്കേഷൻ ജോലികളാണ് ഈ സൈറ്റ് മുമ്പോട്ടുവയ്ക്കുന്നത്. ഇതിൽ ഫ്രീലാൻഡ്, പാർട് ടൈം അവസരങ്ങളും ഉൾപ്പെടും. വിവിധ തൊഴിൽ മേഖലകളിൽനിന്നുള്ളവർക്ക് അവരുടെ ജോലികൾ പോസ്റ്റു ചെയ്യാനും പ്രസ്തുത ജോലി തിരഞ്ഞെടുത്ത് പൂർത്തിയാക്കി പണം നേടാനുമുള്ള പ്ലാറ്റ്ഫോമാണ് ഈ ആപ്ലിക്കേഷൻ ഒരുക്കുന്നത്. ഇങ്ങനെ പോസ്റ്റുചെയ്യപ്പെടുന്ന ഓരോ തൊഴിലും പരിശോധിച്ച് സാധുത ഉറപ്പുവരുത്തിയശേഷമാണ് അതു പൊതുജനങ്ങൾക്ക് അനാവൃതമാക്കുന്നത് എന്നാണ് കമ്പനി സാക്ഷ്യപ്പെടുത്തുന്നത്.

അമ്പത്തിനായിരത്തോളം കമ്പനികളിൽനിന്നായി മുപ്പത്തിരണ്ടായിരത്തോളം ജോലികൾ ഈ വെബ്സൈറ്റിൽ മെമ്പർഷിപ്പ് എടുക്കുന്നവർക്കായി ലഭ്യമാക്കിയിട്ടുണ്ട് എന്നാണ് കമ്പനി ഉറപ്പുനൽകുന്നത്. ഇങ്ങനെയുള്ള സേവനങ്ങൾക്കാണ് ഒരു നിശ്ചിതഫീസ് കമ്പനി ഈടാക്കുന്നത്.

**സോളിഡ് ഗിഗ്സ്**

സമയത്തിനു വളരെ പ്രാധാന്യം നൽകിക്കൊണ്ട് ഏറ്റവും സൗകര്യത്തിൽ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കാനാണ് ഈ വെബ്സൈറ്റ് മുൻഗണന നൽകുന്നത്. മുൻപരിചയമില്ലാത്ത തൊഴിലന്വേഷകർക്ക് പലപ്പോഴും ബുദ്ധിമുട്ട് ഉണ്ടാവാറുണ്ട്. യുവാക്കളെ മുൻനിർത്തി വിശ്വാസയോഗ്യമല്ലാത്ത ധാരാളം സൈറ്റുകൾ വ്യാജവാഗ്ദാനങ്ങളുമായി മുന്നോട്ടു വരുന്നതാണ് ഇതിനു കാരണം. ഇത്തരത്തിലുള്ള വ്യാജഭീഷണികളിൽപെടാതിരിക്കാൻ അങ്ങേയറ്റം ശ്രദ്ധിക്കേണ്ടതുണ്ട്. ഇതു മനസ്സിലാക്കിയാണ് സോളിഡ് ഗിഗ്സ് പ്രവർത്തിക്കുന്നത്. ഓരോ ആഴ്ചയും അവർ അന്വേഷിച്ചു തിരഞ്ഞെടുത്ത തൊഴിലവസരങ്ങളാണ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്. ഇതോടൊപ്പം പിച്ചിംഗ്, സെയിൽസ്, പ്രൈസിംഗ്, ക്ലയന്റ് അക്വിസിഷൻ എന്നിവയിൽ പ്രത്യേക ട്രെയിനിംഗിനും അവസരമുണ്ട്.




**ഫീവെ**

സുതാര്യവും അനായാസവുമായ പ്രവർത്തനമാണ് ഈ ആപ്ലിക്കേഷൻ കാഴ്ചവയ്ക്കുന്നത്. ഗ്രാഫിക്സ്, ഡിസൈൻ, ഡിജിറ്റൽ മാർക്കറ്റിംഗ്, എഴുത്ത്, ട്രാൻസലേഷൻ, വീഡിയോ, ആനിമേഷൻ, സംഗീതം, ഓഡിയോ, പ്രോഗ്രാമിംഗ്, ടെക്നോളജി, ബിസിനസ്, ലൈഫ്സ്റ്റൈൽ എന്നീ മേഖലകളിൽ കഴിവും അഭിരുചിയും ഉള്ളവർക്ക് ഈ ആപ്ലിക്കേഷൻ ഗുണപ്പെടാം. തൊഴിൽ ദാതാവിനും സംരംഭകർക്കും മുൻപരിചയമില്ലാത്ത ഉദ്യോഗാർത്ഥികൾക്കുമെല്ലാം ആവശ്യമായ അവസരങ്ങളുടെ ഒരു ശേഖരം ഒരുക്കിയിട്ടുണ്ട് ഈ ആപ്ലിക്കേഷനിൽ.

**അപ്‌വർക്ക്**

ബേസിക് ഫീച്ചേഴ്സ് ആയി സൗജന്യസേവനവും പ്ലസ് മെമ്പർഷിപ്പ് മുഖേന പണമടച്ചുള്ള സേവനങ്ങളും ലഭ്യമാക്കുന്ന ഓൺലൈൻ മേഖലയിലെ വ്യവസായഭീമനാണ് അപ്‌വർക്ക് എന്ന കമ്പനി. അതിനാൽത്തന്നെ അനേക ലക്ഷങ്ങളാണ് ഈ കമ്പനിയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നത്. ഇതിൽ പല മുൻനിര കമ്പനികളും ഉൾപ്പെടും.

കേരളത്തിലെ ഒരു സാധാരണ തൊഴിലന്വേഷിയെ സംബന്ധിച്ചിടത്തോളം പല വാതിലുകൾ മുട്ടിത്തളർന്നാലും വിദ്യാഭ്യാസയോഗ്യതയ്ക്കോ കഴിവിനോ ചേർന്ന തൊഴിൽ ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഇങ്ങനെ പ്രതിസന്ധി നേരിടുന്ന എന്നാൽ, കഴിവും സ്ഥിരോത്സാഹവുമുള്ള ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം വിശ്വാസയോഗ്യമായ പ്ലാറ്റ്ഫോമാണ് അപ്‌വർക്ക് നൽകുന്നത്. അപ്‌വർക്കിന്റെ സവിശേഷത അതിൽ പ്രൊഫൈൽ നിർമ്മിക്കാൻ ശ്രമിക്കുമ്പോൾമുതൽ പ്രതിഫലിക്കുന്നുണ്ട്. സാധാരണ കമ്പനികളിൽ നൽകാനുള്ള പ്രൊഫൈലിൽ ഉദ്യോഗാർത്ഥി എന്തു വിവരങ്ങൾ 'എന്റർ' ചെയ്യുന്നുവോ അത് അതേപടി സ്വീകരിക്കുകയാണ് പതിവ്. എന്നാൽ, അപ്‌വർക്കിൽ സ്ഥിതി വ്യത്യസ്തമാണ്. പ്രൊഫൈൽ ഉണ്ടാക്കിയാൽ മാത്രം പോരാ അതിൽ അപ്‌വർക്ക് അംഗീകാരം നൽകുകയും വേണം. വിശദമായ പരിശോധനയ്ക്കു ശേഷമാണ് ഒരു പ്രൊഫൈലിന് അംഗീകാരം നൽകുക. സംരംഭകരെ ഈ ആപ്ലിക്കേഷൻ ആകർഷിക്കുന്ന കാര്യവും മറ്റൊന്നല്ല. കാരണം, ഇത്രയും വിശദമായ ഘട്ടങ്ങളിൽ ക്ഷമയോടെ കടന്നെത്തുന്ന പ്രൊഫൈലുകളിൽ അവർക്കും വിശ്വാസമാണ്. ഒന്നോ രണ്ടോ ആഴ്ചമുതൽ രണ്ടോ മൂന്നോ വർഷംവരെ ടേം (പൂർത്തിയാക്കാനുള്ള സമയം) ഉള്ള ജോലികൾ ഈ പ്ലാറ്റ്ഫോമിൽ ലഭ്യമാണ്. അതായത്, നിങ്ങൾക്ക് അടിയന്തരമായി ഒരു ജോലി ഏറ്റെടുത്തു സമ്പാദിക്കണം എന്നുണ്ടെങ്കിൽ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ തീർക്കേണ്ട ജോലിയും, അതല്ലാ സാവകാശം ചെയ്യാനാണ് താത്പര്യമെങ്കിൽ നീണ്ട കാലാവധിയുള്ള തൊഴിലും ഇവിടെ ലഭ്യമാണ്. ഇത്തരം സൗകര്യങ്ങൾ ഓൺലൈൻ മേഖലയുടെ മാത്രം പ്രത്യേകതയാണെന്ന് എടുത്തുപറയേണ്ടതില്ലല്ലോ.

**അപ്‌വർക്കിൽ ലഭ്യമായ ഏതാനും മേഖലകൾ**

- വെബ്, മൊബൈൽ, സോഫ്റ്റ്‌വെയർ ഡവലപ്മെന്റ്
- ഡിസൈൻ, ക്രിയേറ്റീവ് വർക്കുകൾ
- എഴുത്ത്
- സെയിൽസ്, മാർക്കറ്റിംഗ്
- അഡ്മിഷൻ സപ്പോർട്ട്
- കസ്റ്റമർ സർവീസ്
- എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ

ഉദ്യോഗാർത്ഥികൾക്ക് മുകളിൽപ്പറഞ്ഞ ഓരോ മേഖലയിലും വ്യത്യസ്തമായ ജോലികൾ ഓഫർ അനുസരിച്ച് തിരഞ്ഞെടുക്കാം. സംരംഭകർക്ക്, സൗകര്യമായ മുതൽമുടക്കിൽ സമയബന്ധിതമായി ജോലികൾ ചെയ്തുതീർക്കാം.

*ലേഖിക എറണാകുളം ഗവ. ലോ കോളജ് ഫൈനൽ ഇയർ വിദ്യാർത്ഥിനിയാണ്.*






# ഭദ്രതയില്ലാത്ത ഭദ്രസ്



ആൻ മരിയ തോമസ്



ഒരു വികസിതരാജ്യമാകാൻ വികസനപാതയിലൂടെ ചരിക്കുകയാണ് ഇന്നത്തെ ഇന്ത്യൻ സമൂഹം. പക്ഷേ, പലപ്പോഴും ഈ വളർച്ച മാനസികതലത്തിൽ സംഭവിക്കുന്നില്ല. എന്നാണോ ഇന്ത്യയിലെ സ്ത്രീകളും കുട്ടികളും സുരക്ഷിതരാകുന്നത്, അന്നേ ഇന്ത്യ സ്വതന്ത്രയാകൂ എന്നു ഗാന്ധിജി പറഞ്ഞത് വളരെ അർത്ഥവത്താണ്.

സമൂഹത്തിൽ നടമാടുന്ന പേക്കൂത്തുകൾ കാണുമ്പോൾ സ്വാതന്ത്ര്യത്തിന്റെ അതിർവരമ്പുകൾ എവിടെയെന്നു ചിന്തിച്ചുപോകും. ജാതി-മത-വർണ-വർഗ ചിതലുകൾ സ്ഥാനമുറപ്പിച്ച ജീർണിച്ച തടിപ്പുരയാണ് ഇന്നത്തെ ഇന്ത്യ. അവകാശങ്ങൾ അച്ചടിച്ച് തങ്കലിപികളിൽ സൂക്ഷിക്കുന്ന നമ്മൾ അവയെ മനസ്സിലേക്ക് ഉൾക്കൊള്ളാൻ മാത്രം ശ്രമിച്ചില്ല.

ഇക്കഴിഞ്ഞ നവംബർ 14 ന് ശിശുദിനവും ദീപാവലിയും നാം ഒരുമിച്ചാഘോഷിച്ചു. നിഷ്കളങ്കപുഞ്ചിരികൾകൊണ്ട് ലോകം പ്രകാശിതമാകേണ്ടിയിരുന്ന അതേ ദിവസംതന്നെയാണ് കാൺപൂരിലെ ഏഴു വയസ്സുകാരിയെ അവർ ഇരുട്ടിലേക്കു തള്ളിയിട്ടത്. പെൺകുട്ടിയുടെ കരൾ ഭക്ഷിച്ചാൽ കുഞ്ഞ് ജനിക്കുമെന്നു വിശ്വസിച്ച്, നമ്മുടെ അയൽസംസ്ഥാനമായ ഉത്തർപ്രദേശിലെ 'ഭദ്രസ്' എന്ന ഗ്രാമത്തിലെ ദമ്പതികളാണ് ഈ കൊടുംക്രൂരതയ്ക്കു നേതൃത്വം നൽകിയത്.

കൊല നടത്തിയ പ്രതികളിലൊരാൾ ദമ്പതികളുടെ ബന്ധുവാണ്. മദ്യലഹരിയിലായിരുന്ന പ്രതികൾ കുഞ്ഞിനെ പീഡനത്തിനിരയാക്കുകയും കൊലപ്പെടുത്തുകയും ചെയ്തശേഷം കരൾ ചൂഴ്ന്നെടുത്ത് മൃതദേഹം ഉപേക്ഷിച്ചു കടന്നുകളഞ്ഞതായി പോലീസ് വിശദീകരിച്ചിരുന്നു. കൊണ്ടുവന്ന കരളിന്റെ കുറച്ചു ഭാഗം ദമ്പതികൾ കഴിക്കുകയും ബാക്കി നായ്ക്കൾക്കു കൊടുക്കുകയുമാണുണ്ടായത്. ജീവനും മാനത്തിനും 1500 രൂപ വിലയിട്ട നരഭോജികളുടെ നാടായി ഇന്ത്യ മാറിയിരിക്കുന്നു. അഞ്ചുലക്ഷം രൂപ നഷ്ടപരിഹാരമായി നിർദ്ദേശിച്ച് യുപി സർക്കാർ അരങ്ങൊഴിഞ്ഞു. നമ്മളോ, വെറും കാഴ്ചക്കാരായി നോക്കിനിന്നു. അതേ, ഇന്ത്യ ദരിദ്രയാണ്; ഇന്ത്യക്കാർ അടിമകളും.

ആർട്ടിക്കിൾ 14 മുതൽ ആർട്ടിക്കിൾ 51 വരെ ഭരണഘടന ഉറപ്പാക്കുന്ന അവകാശങ്ങളെ 6 മൗലികാവകാശങ്ങളായി രൂപപ്പെടുത്തി നമ്മുടെ പിതാമഹന്മാർ കരുത്തുറ്റ ഒരു അടിത്തറ നമുക്കു പണിതുതന്നു. എന്നാൽ, അതിനു കെട്ടിയ മേൽക്കൂരയും മതിലുകളും കഴുക്കോലും തൂണുകളും ദ്രവിച്ചു നാശമായിരിക്കുകയാണ്.

കുഞ്ഞുങ്ങൾക്കു നേരേയുള്ള അതിക്രമങ്ങൾ അനുദിനം ഉയർന്നുകൊണ്ടിരിക്കുന്നു. ഇക്കഴിഞ്ഞ മേയ് അവസാനം വേഗം സമ്പന്നനാകാൻ 14 വയസ്സുള്ള മകളെ പിതാവ് കഴുത്തുഞെരിച്ചുകൊന്നതും പെൺകുഞ്ഞു പിറന്നാൽ സാമ്പത്തികബാധ്യത ഉണ്ടാകുമെന്ന ജ്യോതിഷിയുടെ പ്രവചനത്തെത്തുടർന്ന് ഏഴു ദിവസം പ്രായമുള്ള പെൺകുഞ്ഞിനെ മുത്തശ്ശി ശ്വാസംമുട്ടിച്ചു കൊലപ്പെടുത്തിയതുമൊക്കെ നമ്മുടെ ഇന്ത്യയിൽത്തന്നെയാണ്. 2018 നവംബറിൽ ദുർമന്ത്രവാദത്തിന്റെ ഭാഗമായി നാലു വയസ്സുകാരിയെ കഴുത്തറുത്തു കൊന്നതും ആറു വിരലുകളുമായി ജനിച്ച കുഞ്ഞിന്റെ വിരലുകൾ കുട്ടി വലുതാകുമ്പോൾ വിവാഹം നടക്കില്ലെന്ന വിശ്വാസത്തെത്തുടർന്ന് മുറിച്ചുകളഞ്ഞതുംപോലുള്ള സംഭവവികാസങ്ങൾ 'മാതാ-പിതാ-ഗുരു ദൈവം' എന്ന ഭാരതീയദർശനത്തിനുമേൽ കരിനിഴൽ വീഴ്ത്തുന്നു.

അന്ധവിശ്വാസങ്ങളെയും ആഭിചാരത്തെയും വെടിഞ്ഞ് മനുഷ്യത്വത്തോടെ ചിന്തിക്കുവാൻ നാം തയ്യാറാകണം. മരണപ്പെടുന്ന ഓരോ കുട്ടിയും എന്റെയും നിങ്ങളുടെയും സഹോദരനോ സഹോദരിയോ ആണ്. അതിനാൽ, ഇന്ത്യൻ സംസ്കാരത്തെത്തന്നെ ചോദ്യം ചെയ്യുന്ന ജീർണിച്ച പ്രവണതകളെ ചവിട്ടിപ്പുറത്താക്കാനും നന്മമരങ്ങളാകാനും നമുക്കു സാധിക്കട്ടെ.

*ലേഖിക പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് വൺ വിദ്യാർത്ഥിനിയാണ്*

# നിശ്ചയദാർഢ്യവും കഠിനാദ്ധ്വാനവും



നോയൽ സിവി

ജോ ബൈഡൻ ലോകത്തിലെ ഏറ്റവും ശക്തമായ രാജ്യത്തിന്റെ അമരക്കാരനാകുന്നു. ലോകം ആകാംക്ഷയോടെ കേട്ടിരുന്ന വാർത്ത. എന്നാൽ, ഈ ഉയരത്തിലെത്താൻ ജോ ബൈഡൻ നടത്തിയത് കനൽവഴിയിലൂടെയുള്ള യാത്രയായിരുന്നു. സുഖകരവും സുന്ദരവുമായിരുന്നില്ല അദ്ദേഹത്തിന്റെ ബാല്യകാലവും സ്കൂൾജീവിതവും. ഒരു വിദ്യാർത്ഥിയായിരുന്നപ്പോൾ 'വിക്കൻ' എന്ന വിളി അദ്ദേഹത്തിനു കേൾക്കേണ്ടിവന്നു. അപ്പോൾ കൊച്ചുബൈഡനു പ്രചോദനമായത് പിതാവ് ജോസഫിന്റെ വാക്കുകളാണ്: ''നീയൊരു ചാമ്പ്യനാണ്. എത്ര വീണാലും ശക്തിയോടെ എഴുന്നേറ്റിരിക്കണം.'' കഠിനാദ്ധ്വാനത്തിലൂടെ 29-ാം വയസ്സിൽ അമേരിക്കയിലെ ഏറ്റവും പ്രായം കുറഞ്ഞ സെനറ്ററായിത്തീർന്നു.



ജോ ബൈഡൻ

ബൈഡന്റെ ജീവിതവിജയത്തിനു പിന്നിൽ നിശ്ചയദാർഢ്യവും ആത്മവിശ്വാസവും പ്രതിസന്ധികളിൽ തളരാത്ത മനസ്സുമായിരുന്നു. ഭാര്യയുടെയും മകളുടെയും ആകസ്മികമായ വേർപാടിനെ അതിജീവിക്കാൻ സഹായിച്ചത് മകൻ ബോയുടെ പിന്തുണയായിരുന്നു. പിന്നീട് രോഗബാധിതനായി ആശുപത്രിയിൽ കിടന്നപ്പോൾ ബോ പറഞ്ഞു: "അച്ഛാ തളരരുത്, എനിക്ക് അഭിമാനമായിരിക്കുക.'' പിന്നീട് ജീവിതയാത്രയിൽ പ്രിയപ്പെട്ട ബോയെ നഷ്ടമായെങ്കിലും ബൈഡനു ജീവിക്കാൻ പ്രചോദനമയത് ബോയുടെ വാക്കുകളാണ്. ഇന്നു ലോകത്തിന്റെ നെറുകയിൽ നിൽക്കുന്ന ജോ ബൈഡൻ കുട്ടികളായ നമ്മെ ഓർമ്മിപ്പിക്കുന്നത് നിശ്ചയദാർഢ്യവും കഠിനാദ്ധ്വാനവും എങ്ങനെ വിജയത്തിന്റെ സോപാനങ്ങൾ കയറാൻ നമ്മെ സഹായിക്കുമെന്നാണ്.

*ലേഖകൻ മരങ്ങാട്ടുപിള്ളി സെന്റ് തോമസ് ഹൈസ്കൂളിൽ ഒൻപതാംക്ലാസ് വിദ്യാർത്ഥിയാണ്.*

## ഞങ്ങളുടെ രചനകൾ






*വര: അഭിരാമി, എസ്.എം.ഇ. കോട്ടയം*



*വര: അപർണ കൃഷ്ണകുമാർ, ഡൽഹി പബ്ലിക് സ്കൂൾ, ഫരീദാബാദ്*








*വര: ജിൻസൺ ജയിംസ്, സതേൺ ഏഷ്യ ലീഡർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട് കോയമ്പത്തൂർ*



*ഫോട്ടോ: സാംസൺ പാലാ*

# ഇലക്ഷൻ ഞങ്ങൾക്കും പറയാനുണ്ട്





## വേണ്ടത് സമഗ്രവീക്ഷണം



**ജിനു പി. ബിനു**
ഭാരതമാതാ
ലോ കോളജ്, ആലുവ

തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ അതതു പ്രദേശത്തിന്റെ സമഗ്രവികസനത്തിനു നേതൃത്വം നല്കുന്നവരായിരിക്കണം. വോട്ടുചോദിക്കാൻ മാത്രം ജനങ്ങളെ കാണുന്ന ഒരാളാകരുത് ജനപ്രതിനിധി. സമൂഹത്തിലെ അവഗണിക്കപ്പെട്ടവരെയും പ്രായമായവരെയും കരുതലോടെ കാണുന്നവരായിരിക്കണം അവർ. തന്റെ പ്രദേശത്ത് ഒരാളുപോലും പട്ടിണി കിടക്കുന്നവരും ദുരിതമനുഭവിക്കുന്നവരുമായി ഇല്ലെന്ന് അവർ ഉറപ്പുവരുത്തണം.

ശാസ്ത്രസാങ്കേതിക - കലാരംഗങ്ങളിൽ നിരവധി കഴിവുകളുള്ള ധാരാളം കുട്ടികൾ നമ്മുടെയിടയിലുണ്ട്. സാമ്പത്തികമായോ സാഹചര്യങ്ങൾ നിമിത്തമോ പിന്നാക്കം നിൽക്കുന്ന അത്തരം കുട്ടികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ജനപ്രതിനിധികൾ ഉണ്ടാവണം.

കേരളത്തിലെ ഏതുഭാഗത്തു ചെന്നാലും അത് നമ്മുടെ നാടാണ് എന്നു തോന്നിപ്പിക്കുന്ന ഒരു സാഹചര്യം പൗരന്മാരിൽ ഉണ്ടാകാൻ ജനപ്രതിനിധികൾ ശ്രദ്ധിക്കണം.

നമ്മുടെ നാട്ടിലെ റോഡുകൾ പലതും സഞ്ചാരയോഗ്യമല്ല. തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ രാഷ്ട്രത്തിന്റെ വികസനത്തിന് റോഡുകൾ വഹിക്കുന്ന പങ്ക് മനസ്സിലാക്കണം. അവ നവീകരിക്കാനുള്ള ശ്രമങ്ങൾ നടത്തണം. പൊതുവെ പറഞ്ഞാൽ, നാടിന്റെ സമഗ്രവികസനത്തിന് അടിസ്ഥാനമൊരുക്കുന്നവരാകണം നാം തിരഞ്ഞെടുക്കുന്ന ജനപ്രതിനിധികൾ.

## നീതിയും ന്യായവും പുലരണം



**മരിയ ഷാജി**
സെന്റ് അഗസ്റ്റിൻ
എച്ച്.എസ്.എസ്., രാമപുരം


നാടെങ്ങും ചൂടു പരക്കുകയാണ്. തിരഞ്ഞെടുപ്പിന്റെ വാർത്തകൾ പരത്തുന്ന ചൂട്. ജനപ്രതിനിധികളെ തിരഞ്ഞെടുക്കാൻ പ്രദേശവാസികൾ ആവേശഭരിതരായി ഉറ്റുനോക്കുന്ന കാലം. ഈ സമയത്ത് പ്രായമെന്ന മാനദണ്ഡത്താൽ തഴയപ്പെടുന്നവയാണ് വിദ്യാർത്ഥികളുടെ രാഷ്ട്രീയാവബോധവും അഭിപ്രായങ്ങളും. അവരുടെ ഉള്ളിലും ചുറ്റുപാടുകളെ വിലയിരുത്തി ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിൽ ആവേശംകൊള്ളുന്ന ഒരു മനസ്സുണ്ട്.

സമകാലികസംഭവങ്ങൾ വിലയിരുത്തിവേണം ഒരു ഭരണാധികാരിയെ തിരഞ്ഞെടുക്കേണ്ടത്. വ്യത്യസ്തമായ അഭിപ്രായങ്ങൾ മാനിച്ചുകൊണ്ട് അവയിൽനിന്ന് നീതിയും ന്യായവും സംയോജിക്കുന്ന സ്വന്തമായ അഭിപ്രായത്തിൽ നിത്യവും ഉറച്ചുനിൽക്കുവാൻ പ്രാപ്തിയുള്ള ഒരു വ്യക്തിയെയായിരിക്കണം നാം തിരഞ്ഞെടുക്കേണ്ടത്.

ഒരു നീതിപീഠത്തിന്റെ ധർമ്മം തന്റേതുതന്നെ എന്നു മനസ്സിലാക്കി ജനങ്ങൾക്കുവേണ്ടി അതു നടപ്പിലാക്കാൻ അവർക്കു കഴിയണം. മുകളിൽ നിൽക്കണം എന്നതിലുപരി ജനത്തോടൊപ്പം നിൽക്കണം എന്നതായിരിക്കണം അവരുടെ ലക്ഷ്യം. ഇങ്ങനെയുള്ളവരെ കണ്ടെത്തലാണ് പൗരനെന്ന നിലയിൽ നാമോരോരുത്തരുടെയും ഉത്തരവാദിത്വം.

സേവനമെന്ന തീ ഉള്ളിൽ കെടാതെ കാക്കുന്നവരെയാണ് നമുക്കാവശ്യം. ജനക്ഷേമത്തിനുവേണ്ടി വിദ്യാസമ്പന്നരായ, നാട്ടുകാരെയും നാടിനെയും മാനിക്കുന്ന ജനപ്രതിനിധികളെ നമുക്കു തിരഞ്ഞെടുക്കാം.

## വിവേചനം പാടില്ല



**ബെല്ല സണ്ണി**
ദേവമാതാ കോളജ്, കുറവിലങ്ങാട്

ജനങ്ങളെ പ്രതിനിധീകരിക്കുന്നവൻ ജനപ്രതിനിധി. ജാതി മത വർഗ വർണ അതിർവരമ്പുകൾ പടർന്നുപന്തലിക്കുമ്പോൾ സ്നേഹത്തിന്റെ ചൂടുകൊണ്ട് വിവേചനങ്ങളില്ലാതെ മനുഷ്യനെ ചേർത്തുപിടിക്കുവാനും ഒന്നിച്ചു കൊണ്ടുപോകുവാനും കഴിവുള്ളവൻ. സമ്പന്നന്റെയും ദരിദ്രന്റെയും പ്രശ്നങ്ങളെ ഒരേ ത്രാസിൽ സമക്കട്ടകൊണ്ട് അളന്ന് പ്രതിവിധി കണ്ടെത്തുന്നവൻ. തന്നെ വിശ്വസിച്ച് വോട്ടിങ് മെഷീനിൽ തെളിയുന്ന ഓരോ ചുവപ്പുനിറത്തോടും, അധികാരമുള്ള അവസാനനിമിഷംവരെ വിശ്വസ്തത പുലർത്തുന്നവൻ. ജനങ്ങളിൽ ഒരാൾ. അതാണ് ജനപ്രതിനിധി.

## കൗതുകമുണർത്തും കരവേലകൾ


നീരജ് പി. രാജ്

ലോക്ഡൗൺ നമ്മുടെ ക്ലാസ്സുകൾ ഓൺലൈനിലാക്കി. കുട്ടികൾ പുറത്തിറങ്ങരുതെന്ന നിർദ്ദേശവും ഒപ്പം വന്നതോടെ കുട്ടികളുടെ കളികൾക്കു തിരശീല വീണു. പുറംലോകവുമായുള്ള ബന്ധം നഷ്ടപ്പെട്ട കുട്ടികൾ ടിവിയിലും മൊബൈലിലും സമയംകളഞ്ഞു. കുറിച്ചിത്താനം ശ്രീകൃഷ്ണാ സ്കൂളിലെ എട്ടാംക്ലാസ് വിദ്യാർത്ഥിയായ നീരജ് പി.രാജ് പഠനത്തോടൊപ്പം കൗതുകവസ്തുക്കളും കരകൗശലവസ്തുക്കളും നിർമ്മിക്കുന്ന തിരക്കിലായിരുന്നു ഇക്കാലത്ത്. ഓട്ടോമൊബൈൽ മെക്കാനിക്കായ അച്ഛൻ കുറിച്ചിത്താനം പുള്ളോലിക്കൽ ശ്രീരാജിന്റെ ടൂൾബോക്സിലെ ഉപകരണങ്ങളാണ് നീരജിന്റെ കളിപ്പാട്ടങ്ങൾ. ബസും ലോറിയും സ്കൂട്ടറുമെല്ലാം നീരജ് നിർമ്മിച്ചു. കോഴിക്കൂട്ടിൽനിന്ന് മുട്ട പൊട്ടാതെ എടുക്കാൻ പറ്റിയ ഉപകരണം അമ്മയ്ക്കു നിർമ്മിച്ചുകൊടുത്തു. മകന്റെ കരവിരുതു കണ്ട ശ്രീരാജ് മകന് ഒരു ടൂൾകിറ്റ് വാങ്ങിക്കൊടുത്തു. കെഎസ്ആർടിസി ബസ്, സൗരോർജ്ജംകൊണ്ടു പ്രവർത്തിക്കുന്ന മിനി ഗ്രൈൻഡിംഗ് മെഷീൻ തുടങ്ങിയ നിരവധി കൗതുകവസ്തുക്കൾ ആ കൈകളിൽനിന്നു പിറവിയെടുത്തു. ഉപയോഗിച്ചു വലിച്ചെറിയുന്ന വസ്തുക്കളും ചെറിയ നട്ടുകൾപോലും നീരജ് തന്റെ നിർമ്മാണത്തിന് ഉപയോഗിക്കുന്നു. കാരിപ്പടവത്തു കാവിലെ ഉത്സവത്തിന് അരങ്ങേറിയ തെയ്യം കണ്ട് രൂപപ്പെടുത്തിയ കിരീടം അനുജൻ നിധീഷിന് സമ്മാനിച്ചു. അമ്മ അനിത. നീരജിന്റെ ദിവസങ്ങൾ തിരക്കേറിയതാണ്.









# ലോകപോലീസിങ് തുടരുമോ?





**ആഷിൻ അനിൽ മേലേടം**

**ലോ**കം ഉറ്റുനോക്കിയിരുന്ന അമേരിക്കൻ പ്രസിഡന്റു തിരഞ്ഞെടുപ്പ് കഴിഞ്ഞിരിക്കുന്നു. റിപ്പബ്ലിക്കൻസിനെ പിന്തള്ളി ഡെമോക്രാറ്റുകൾ അമേരിക്ക കൈയടക്കിയിരിക്കുന്നു. ജോ ബൈഡൻ അമേരിക്കയുടെ 46 -ാമത്തെ പ്രസിഡന്റായി സ്ഥാനമേൽക്കാൻ ഒരുങ്ങുകയാണ്. ബൈഡന്റെ കീഴിൽ വരുന്ന നാലു വർഷങ്ങളിൽ അമേരിക്ക ഏതു രീതിയിലായിരിക്കും? അമേരിക്കയുടെ നിയുക്തപ്രസിഡന്റിന്റെ പേര് ലോകം ആദ്യമായല്ല കേൾക്കുന്നത്. ബറാക് ഒബാമയുടെ കാലത്ത് അമേരിക്കൻ വൈസ് പ്രസിഡന്റായിരുന്നു ബൈഡൻ. നീണ്ട എട്ടു വർഷം പ്രതിഫലിച്ച നിലപാടുകൾതന്നെയായിരിക്കാം ഇനി വരുന്ന വർഷങ്ങളിലും നാം പ്രതീക്ഷിക്കേണ്ടത്.

ബറാക് ഒബാമയുടെ ആത്മകഥാംശമുള്ള 'എ പ്രോമിസ് ലാൻഡ്സിൽ' എന്ന പുസ്തകത്തിൽ 2011 ൽ പാക്കിസ്ഥാൻ അതിർത്തി കടന്ന് അൽക്വയ്ദ തലവൻ ബിൻലാദനെ വധിക്കാനുള്ള പദ്ധതിയോട് ജോ ബൈഡൻ വിയോജിപ്പു പ്രകടിപ്പിച്ചതായി പരാമർശിക്കുന്നുണ്ട്.

തീവ്രവാദത്തിനെതിരായ പദ്ധതിയായിരുന്നു അതെങ്കിലും മറ്റൊരു രാജ്യത്തിന്റെ പരമാധികാരത്തെ ലംഘിക്കുന്നതിൽ ബൈഡനുണ്ടായിരുന്ന എതിർപ്പാണ് ലോകം അതിൽ കണ്ടത്. മാത്രമല്ല, തന്റെ നീണ്ട രാഷ്ട്രീയജീവിതത്തിലെ അനുഭവങ്ങളും അങ്ങനെയൊരു പ്രസ്താവനയ്ക്കു കാരണമായിരിക്കാം.

ജോ ബൈഡൻ എന്ന വ്യക്തി എപ്പോഴും ഒഴുക്കിനെതിരേ തുഴഞ്ഞ ആളായിരുന്നുവെന്ന് നമ്മൾ കരുതേണ്ടിയിരിക്കുന്നു. അതു മനസ്സിലാക്കണമെങ്കിൽ ബൈഡന്റെ രാഷ്ട്രീയജീവിതത്തെ അടുത്തറിയണം. 2003 ൽ നടന്ന ഇറാക്ക് ആക്രമണത്തെ എതിർത്ത അപൂർവ്വം ചില സെനറ്റംഗങ്ങളിൽ ഒരാളായിരുന്നു ബൈഡൻ.

ഇനി വരുന്ന നാളുകളിൽ അമേരിക്കയുടെ നയതന്ത്രബന്ധങ്ങൾ എങ്ങനെയായിരിക്കും എന്നതാണ് ചർച്ചാവിഷയം. ബൈഡൻ ഒരിക്കലും മറ്റൊരു രാജ്യത്തിന്റെ പരമാധികാരത്തെ ലംഘിക്കാൻ ഇഷ്ടപ്പെടാത്ത ആളായതുകൊണ്ടുതന്നെ അനാവശ്യമായ കടന്നുകയറ്റങ്ങൾ അമേരിക്കയിൽനിന്നുണ്ടാവില്ലെന്നു പ്രതീക്ഷിക്കാം. ചൈനയോടും ഉത്തരകൊറിയയോടുമുള്ള സമീപനം എങ്ങനെ ആയിരിക്കുമെന്നറിയാൻ നാം കാത്തിരിക്കേണ്ടിയിരിക്കുന്നു. ഇന്ത്യയോട് എന്നും സ്നേഹം വച്ചു പുലർത്തുന്നവരാണ് ഡെമോക്രാറ്റുകൾ. അത് അങ്ങനെതന്നെ ആയിരിക്കുമെന്ന് നമുക്കു പ്രതീക്ഷിക്കാം.

*ലേഖകൻ ഉഴവൂർ ഒ.എൽ.എൽ. ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് വൺ വിദ്യാർത്ഥിയാണ്.*

# കാട്ടുതീ





**ആൽബിൻ ജിജോ**

കഥ

**ക**ണ്ണമ്മയുടെ കൈയിൽനിന്നു ചിരട്ട വീഴുന്ന ശബ്ദം കേട്ടാണ് ഞാൻ ഉണർന്നത്. ഗുഹയുടെ മുൻഭാഗത്ത് ബാലാർക്കരശ്മികൾ പതിച്ചുതുടങ്ങിയിരിക്കുന്നു. എന്നാലും, ഇരുട്ട് പൂർണമായി പിൻവാങ്ങിയിട്ടില്ല.

കുഞ്ഞുങ്ങളെ ഉണർത്താതെതന്നെ കണ്ണമ്മയുടെ കൈയിൽനിന്ന് ഒരു ചിരട്ട പാൽ വാങ്ങി മോന്തിക്കുടിച്ചു. പുറത്തു കിടന്ന് മുറുമുറുക്കുന്ന പശുവിനെ നോക്കി കണ്ണുരുട്ടി കാണിച്ചപ്പോഴേക്കും ഒരു കോലാഹലം കേട്ടു.

തേക്കിലകളെടുത്ത് അരയിൽചുറ്റി പുറത്തേക്കിറങ്ങി. കുറേപ്പേരിങ്ങനെ അന്തവും കുന്തവുമില്ലാതെ കുതിക്കുന്നു. മനുഷ്യസഹജമായ വാസനകൊണ്ട് ഞാനും ഓടി. കരിയിലകളിൽനിന്ന് മഴ പെയ്തൊഴുകിയതിന്റെ ഗന്ധമുണ്ട്.

കറുപ്പന്റെ ഗുഹയാണ് ലക്ഷ്യമെന്ന് ഒടുവിൽ മനസ്സിലായി. കറുപ്പൻ കാട്ടുതീ ഉണ്ടാക്കിയെന്നുള്ള ആക്രോശങ്ങളും അഭിപ്രായങ്ങളും എങ്ങും മുഴങ്ങുന്നു. കാട്ടുതീയെന്നു കേൾക്കുമ്പോൾ ഉള്ളിലൊരാന്തലാണ്. കഴിഞ്ഞ ഒരു കാട്ടുതീയിലാണ് എന്റെ കുഞ്ഞ്...! കറുപ്പനെന്തിനാണ് കാട്ടുതീ ഉണ്ടാക്കിയത്? ഇതെന്തോ മന്ത്രലാഭമാവാനാണ് സാധ്യത. അല്ലെങ്കിൽത്തന്നെ, രണ്ടു പാറക്കല്ലുകളുരച്ചാൽ തീ വരുമെന്ന മണ്ടത്തരമൊക്കെ ആരു വിശ്വസിക്കാൻ? എന്തായാലും ഇവന്റെ മന്ത്രവാദം ഇന്നവസാനിപ്പിക്കുമെന്നുറച്ച് ഞാൻ ആൾക്കൂട്ടത്തിനിടയിലൂടെ പാഞ്ഞുചെന്നു. കുറച്ചു ചുള്ളിക്കമ്പുകളെരിയുന്നതു ഞാൻ കണ്ടു. കാട്ടുതീയിൽ എരിഞ്ഞില്ലാതായ കുഞ്ഞിനെയോർത്ത് മാറത്തടിക്കുന്ന കണ്ണമ്മയുടെ മുഖമായിരുന്നു മനസ്സുനിറയെ.

മുന്നിൽക്കണ്ടത് ഒരു വിറകിൻകഷണമാണ്. അതെടുത്ത് ഉണ്ടാക്കിവച്ചിരിക്കുന്ന കാട്ടുതീയിൽ ആഞ്ഞടിച്ചു. പിന്നെ ഒന്നും എനിക്കു മനസ്സിലായില്ല. ആളുകളെല്ലാം ബഹളംവച്ചോടുന്നു. കരിയിലകളിലേക്കു തീ പടർന്നു പടർന്ന് വീണ്ടും കാട്ടുതീ വരുന്നു.

കറുപ്പനാണ് ഈ തീവ്രവാദപ്രവർത്തനങ്ങളുടെ കാരണമെന്ന് ഞങ്ങൾക്കറിയാമായിരുന്നു. ജീവനുംകൊണ്ട് ഞങ്ങളോടി. കണ്ണമ്മയെ എന്റെ കണ്ണുകൾ തിരയുന്നുണ്ടായിരുന്നു. പുഴക്കരയിൽ അവളെ കണ്ടപ്പോൾ ആശ്വാസമായി. പുഴയ്ക്കപ്പുറം വലിയ തീയാണ്. കറുപ്പനെ പിടിച്ചുകെട്ടി ആ തീയിലേക്കെറിഞ്ഞു. സാമൂഹികദ്രോഹികളെ ജീവനോടെ വയ്ക്കാൻ പാടില്ലല്ലോ.

ഇനിയും ഇതുപോലുള്ള മന്ത്രവാദികൾ വരില്ലെന്നാരു കണ്ടു? അതെന്റെയപ്പന്റെ കുറ്റമല്ലെന്നും ആ തീയുണ്ടാക്കിയത് താനാണെന്നും പറഞ്ഞ് അലമുറയിടുന്ന അവന് ഒരു കിഴുക്കും കൊടുത്ത് ഞങ്ങൾ നടന്നുപോയി.

ഇത് ഒരു യുഗത്തിന്റെ ആരംഭമാണെന്ന് വൃദ്ധ പറയുന്നതുകേട്ടു. ഹാ... എന്തേലുമാവട്ടെ.

*കഥാകാരൻ പാലാ സെന്റ് തോമസ് കോളജ് ബിഎസ്സി (മാത്സ്) രണ്ടാം വർഷ വിദ്യാർത്ഥിയാണ്.*

## കടങ്കവിതകൾ

**പുത്തൻവേലിക്കര സുകുമാരൻ**

### കടൽ

കരയില്ലാത്തൊരു കടലുണ്ടേ
തിരയില്ലാത്തൊരു കടലുണ്ടേ
തുഴയില്ലാത്തൊരു പൊന്നോടം
ഒഴുകിനടക്കും കടലുണ്ടേ!

*ഉത്തരം: ആകാശം*

### ഇത്തിരിക്കുഞ്ഞൻ

എല്ലില്ലാത്തോരിത്തിരിക്കുഞ്ഞൻ
വില്ലൊക്കുന്നോരിത്തിരിക്കുഞ്ഞൻ
നിലയില്ലാത്തൊരു നീലക്കായൽ
നീന്തിക്കയറിവരുന്നുണ്ടേ!

*ഉത്തരം: അട്ട*

## ഞാനും നിഴലും

കവിത

**ജയനാരായണൻ**

ഒന്നിച്ചന്നു പിറന്നൂ നാം
ഒന്നായിത്തന്നെ വളർന്നൂ നാം
ഒന്നിച്ചൊന്നായി പിച്ച നടന്നു
ഒരുമയൊടന്നു വസിച്ചൂ നാം
സുഖവും ദുഖവുമൊരുപോലെ
തമ്മിലറിഞ്ഞു പകുത്തൂ നാം
കണ്ണീരൊപ്പാൻ തമ്മിൽത്തമ്മിൽ
നമ്മുടെ കൈകളുയർത്തീ നാം
ജീവിതനാടകവേദിയിലെന്നും
ഒന്നായ്ത്തന്നെ നടിച്ചൂ നാം
ഒടുവിൽ യവനിക വീണപ്പോഴും
ഒന്നായ്ത്തന്നെ മറഞ്ഞൂ നാം




## അദ്ധ്യായം 14

**കേ**രളത്തിലെ ഏറ്റവും മനോഹരമായ വീടായി വാഴ്ത്തപ്പെടുന്ന പുഴക്കരബംഗ്ലാവ് പൊളിച്ചുനീക്കുന്ന വാർത്ത പത്രങ്ങളിലും ചാനലുകളിലും പ്രാധാന്യത്തോടെ വന്നു. വീടിന്റെ ചിത്രത്തിനൊപ്പം ദീർഘനാളായി അതു പൊളിപ്പിക്കാൻ നിയമപോരാട്ടം നടത്തിയ ജിനേഷിന്റെ ഫോട്ടോയും അവന്റെ പ്രവർത്തനങ്ങളും മാധ്യമങ്ങളിലെത്തി. പരിസ്ഥിതിപ്രവർത്തകരുടെ ഫോൺ കോളുകൾ ജിനേഷിനു നിരന്തരമായി വന്നുകൊണ്ടിരുന്നു. കോൺസ്റ്റബിൾ അജയൻ പത്രം വിശദമായി വായിച്ചു രസിച്ചു.

"ആ വീടു പൊളിച്ചുകളഞ്ഞാലെങ്കിലും ഞങ്ങടെ ഈ പണി തീരുമോ മോനേ?" സെക്യൂരിറ്റി പോലീസ് അജയൻ ചോദിച്ചു.

"അജയൻസാറേ, വാസ്തവത്തിൽ ഈ പ്രൊട്ടക്ഷനേർപ്പാട് നമ്മള് രണ്ടുകൂട്ടർക്കും ബുദ്ധിമുട്ടാ. ഇനി ഇത്രയും പബ്ലിസിറ്റിയായതുകൊണ്ട് എന്നെയൊരുത്തനും ഒരു ചുക്കും ചെയ്യുകേല. ഇന്നുതന്നെ പ്രൊട്ടക്ഷൻ പിൻവലിക്കാൻ ഞാനെഴുതിക്കൊടുക്കുന്നുണ്ട്." ജിനേഷ് പറഞ്ഞു.

"അയ്യോ, ഞാൻ പറഞ്ഞതുകൊണ്ട് വേണ്ടെന്നൊന്നും വയ്ക്കണ്ട. തന്നേമല്ല, അതു പൊളിക്കുന്ന ദിവസങ്ങളിൽ തീർച്ചയായും കരുതൽ വേണം."

"ഒന്നുമില്ലന്നേ, ഇപ്പോഴെനിക്ക് പേടിയൊക്കെപ്പോയി. ഭീഷണിയുണ്ടായ രാത്രീൽ കളക്ടറെ വിളിച്ചു പറഞ്ഞപ്പോൾ പെട്ടെന്ന് പോലീസിനെ ഏർപ്പെടുത്തുമെന്നൊന്നും കരുതിയതല്ല. അവരോടുംകൂടി ഒന്നുപറയണം. കളക്ടറെക്കണ്ട് പൊളിക്കലിന്റെ നടപടിക്രമമൊക്കെ ചോദിച്ചറിയുകയും വേണം." ജിനേഷ് പറഞ്ഞു.

"ജിനേഷേ, എനിക്ക് ഈ ക്രിമിനൽസിന്റെയൊക്കെ പൊതുസ്വഭാവം കുറച്ചൊക്കെയറിയാവുന്നതുകൊണ്ടു പറയുകാ, പ്രൊട്ടക്ഷൻ ഉള്ളതാ ഒരു സുരക്ഷിതത്വം."

"അജയൻസാറ് ടെൻഷനടിക്കണ്ട. ഞാനെല്ലാവശവും ആലോചിച്ചേ തീരുമാനമെടുക്കുന്നുള്ളൂ." ജിനേഷ് പറഞ്ഞു.

അമ്മയും പെങ്ങളും പല പ്രാവശ്യം വീട്ടിലെ പോലീസിന്റെ താമസത്തിൽ അസ്വസ്ഥത പ്രകടിപ്പിച്ചിരുന്നു. നാട്ടുകാർക്കിടയിൽ ചില ദുഷ്പ്രചരണങ്ങളുമുണ്ടായി. എവിടെപ്പോകുമ്പോഴും ഒപ്പം പോലീസുള്ളത് ജിനേഷിന് വലിയ അസ്വാതന്ത്ര്യമുണ്ടാക്കി. അവന്റെ സൗഹൃദബന്ധങ്ങൾക്കുപോലും പോലീസ് വിലങ്ങുതടിയായി മാറിയിരുന്നു. പതിനൊന്നുമണിയോടെ ജിനേഷ് പോലീസ് സ്റ്റേഷനിലെത്തി.

"ജിനേഷേ, വാ, വന്നിരിക്ക്." സബ് ഇൻസ്പെക്ടർ ജോസ് മാത്യു സൗഹൃദഭാവത്തിൽ പറഞ്ഞു. അവൻ എസ്.ഐ.യ്ക്കെതിരേ കസേരയിൽ കടന്നിരുന്നു.


"ഇപ്പഴെങ്ങനെയുണ്ടെടോ? ഭീഷണി വല്ലതും വരുന്നുണ്ടോ?" എസ്.ഐ. തിരക്കി.

"ഇപ്പഴ് എനിക്കു പേടിയങ്ങു മാറി. മീഡിയാസിലൊക്കെ നല്ല കവറേജ് വന്നതുകൊണ്ട് ഇനി വല്യ വിഷയമുണ്ടാകുമെന്നു തോന്നുന്നില്ല. എന്റെ പ്രൊട്ടക്ഷൻ പിൻവലിക്കുന്ന കാര്യം സംസാരിക്കാനാ വന്നത്."

"എടോ, അങ്ങനെ എനിക്കു പെട്ടെന്ന് പിൻവലിക്കാനൊന്നും പറ്റില്ല. ജീവൻ അപകടത്തിലാണെന്ന് താൻ കളക്ടറോടു പറഞ്ഞതിന്റെപേരിൽ പെട്ടെന്നുണ്ടായ ഉത്തരവാണത്. കംപ്ലെയ്ന്റ് ചെയ്ത് മണിക്കൂറുകൾക്കുള്ളിൽ തനിക്ക് പോലീസ് പ്രൊട്ടക്ഷൻ തന്നു. ഇനിയിപ്പം അതു മാറ്റണമെന്നുണ്ടെങ്കിൽ താനതു രേഖാമൂലം എഴുതി കളക്ടർക്കു തന്നെ നൽകണം. ഈ സ്റ്റേഷനീന്ന് പോലീസുകാരെ വിട്ടുതരുന്നതുകൊണ്ട് എനിക്കും ഒരു കത്തു തന്നേക്ക്."

"അത് എങ്ങനെ എഴുതണം സാറേ?"

"നിലവിൽ യാതൊരുവിധ ഭീഷണിയുമില്ല, ഏർപ്പെടുത്തിയിരിക്കുന്ന പ്രൊട്ടക്ഷൻ നീക്കിത്തരണം എന്നെഴുതിയാൽ മതി. താൻ റൈറ്ററുടെ അടുത്തു ചെല്ല്. കടലാസു തരും. പറഞ്ഞും തരും." എസ്.ഐ. പറഞ്ഞു.



ജിനേഷ് എഴുന്നേറ്റ് റൈറ്ററുടെയടുത്തേക്കു പോയി. റൈറ്ററുടെ സഹായത്തോടെ കത്തു തയ്യാറാക്കി എസ്.ഐയ്ക്കു നല്കി. ഉച്ചകഴിഞ്ഞ് കളക്ടറെ നേരിൽക്കണ്ട് പ്രൊട്ടക്ഷൻ പിൻവലിക്കണമെന്ന് അപേക്ഷ കൊടുത്തു.

"ജിനേഷ്, കാര്യങ്ങൾ എല്ലാമൊന്നു ശാന്തമായിട്ട് പ്രൊട്ടക്ഷൻ പിൻവലിക്കുന്നതാണ് വിവേകം. പോലീസ് പ്രശ്നമായിട്ടു തോന്നുന്നുണ്ടോ?" കളക്ടർ ചോദിച്ചു.

"സർ, വീട്ടിൽ ഞാനും അമ്മയും പെങ്ങളുമാണുള്ളത്. പോലീസ് വീട്ടിൽ താമസിക്കുന്നത് ആകെ അസൗകര്യമാ. മുപ്പത്തിരണ്ടുവയസ്സായ കല്യാണംകഴിക്കാത്ത പെങ്ങളാ. വീട്ടിൽ തയ്യലുമുണ്ട്. എന്റെയീ പ്രവർത്തനങ്ങളോടുതന്നെ അമ്മയ്ക്കും പെങ്ങൾക്കും വെറുപ്പായി. അതുകൊണ്ടൊക്കെയാ. എനിക്കിപ്പോൾ പേടിയുമില്ല."

"ഭീഷണിയില്ലെന്നും പ്രൊട്ടക്ഷൻ മാറ്റണമെന്നും നിർബ്ബന്ധപൂർവ്വം പറഞ്ഞാൽ ചെയ്തു തരാം."

"ഒഴിവാക്കണം സർ."

"ശരി. എഴുതി ഒപ്പിട്ടു തന്നിട്ടു പൊയ്ക്കോളൂ." കളക്ടർ സലോമി പറഞ്ഞു. അന്നുതന്നെ ജിനേഷിന്റെ പ്രൊട്ടക്ഷൻ പിൻവലിക്കപ്പെട്ടു. അവനത് വലിയ ആശ്വാസമായിത്തോന്നി.

തന്റെ സ്വപ്നഗൃഹം വിട്ടിറങ്ങേണ്ടിവരുമെന്നുറപ്പായതോടെ പുഴക്കര വക്കച്ചനു വിറളിപിടിച്ചു. അയാൾ ഭ്രാന്തുപിടിച്ചവനെപ്പോലെ മെയിൻഹാളിൽ അങ്ങുമിങ്ങും നടന്നു. കൈകൾ കൂട്ടിത്തിരുമ്മുകയും തല കുടയുകയുമൊക്കെ ചെയ്തു. വീൽചെയറിൽ, അമ്മയുടെ സഹായത്തോടെ മീര പപ്പായുടെയടുത്തെത്തി. വക്കച്ചൻ അവളെയൊന്നു നോക്കിയിട്ട് പിന്നെയും നടപ്പുതുടർന്നു. അയാൾക്കു ടെൻഷൻമൂലം തല പൊട്ടിത്തെറിക്കുമെന്നു തോന്നിപ്പോയി.

"പപ്പാ..." മീര സൗമ്യമായി വിളിച്ചു. വക്കച്ചൻ അവളുടെ മുമ്പിൽ വന്നുനിന്നു.

"മോളേ, ഈ കാണുന്ന നമ്മുടെ വീട് കമ്പിയും സിമന്റും കട്ടയുമൊന്നുമല്ല. എന്റെ ശരീരമാ... എന്റെ പ്രാണനാ... ഇതു തകർന്നടിയുമ്പോൾ എന്റെ മരണവും നടക്കും. വക്കച്ചൻ മരണംകൊണ്ടും തീരില്ല. പ്രേതമായി പുനർജനിക്കും. ദ്രോഹിച്ചവരോട് ഒന്നൊന്നായി പകരം ചോദിക്കും. ഒരാളേം വിടുകേല. ജീവനുള്ള മനുഷ്യനെക്കാൾ ആയിരമിരട്ടി ശക്തിയും ബുദ്ധിയുമുണ്ടായിരിക്കും പ്രേതത്തിന്." അതു പറയുമ്പോൾ പ്രേതമുഖംപോലെ അയാളുടെ മുഖവും ബീഭത്സമായി.

"പപ്പാ, ആരെയങ്കിലും വിളിച്ച് നമ്മുടെ വീടിന്റെ വീഡിയോ എടുപ്പിക്കുമോ. കാണാമല്ലോ. ഓർക്കാമല്ലോ, എന്നും." മീര പറഞ്ഞു.

"വയ്യ മോളെ, ഒന്നിനും വയ്യ. തകർന്നുനില്ക്കുകാ പപ്പാ."

"വിഷമിക്കാതെ പപ്പാ. നമ്മളൊക്കെ നിയമം അനുസരിക്കേണ്ടവരല്ലേ. കുറ്റം ചെയ്താൽ ആരായാലും ശിക്ഷിക്കപ്പെടും. അങ്ങനെയൊക്കെ വിചാരിക്കാം." മീര പറഞ്ഞു.

"നിയമലംഘനം ഇവിടെ മാത്രമാണോടീ? എല്ലായിടത്തും അതല്ലേ നടക്കുന്നത്? ഇതു പ്രതികാരം ചെയ്യുന്നതാ. മാത്തന്റെ മകൾ പകരംവീട്ടുന്നതാ. അവടെ തന്തയെ കൊന്നത് ഞാനാണെന്നാ വിചാരം. ഗുണ്ടകൾ തമ്മിൽ ഏറ്റുമുട്ടിച്ചത്തതിന് വക്കച്ചനെന്തു പിഴച്ചു? വൈരാഗ്യം തീർക്കാൻ മാത്രമല്ല, പേരെടുക്കാൻവേണ്ടിക്കൂടിയാ അവളെന്റെ വീടുപൊളിക്കുന്നത്." വക്കച്ചന്റെ നെഞ്ചിൽ പക കാട്ടുതീയായി ആളിപ്പടർന്നു.

അപ്പോൾ അഡ്വ. ബാലഗോപാലിന്റെ കാർ വീട്ടുമുറ്റത്തെത്തിനിന്നു. കാറിൽനിന്നു തിടുക്കത്തിലിറങ്ങിയ അദ്ദേഹം പുഴക്കരബംഗ്ലാവിലേക്ക് ഓടിക്കയറി. വക്കച്ചൻ ഇരുണ്ട മുഖത്തോടെ ഇറങ്ങിവന്ന് വക്കീലിനെയുംകൂട്ടി മുറിയിലേക്കു പോയി. അവിടെ അവർ മുഖാമുഖമിരുന്നു.

അഡ്വക്കേറ്റ് ബാലഗോപാലിന് ഒന്നും പറയാൻ കഴിഞ്ഞില്ല.

"കണക്കുതീർത്ത് കാശുവാങ്ങാൻ വന്നതാണോ?" വക്കച്ചൻ ഗൗരവത്തിൽ ചോദിച്ചു.

"അല്ല. കോടതികളിന്ന് പരിസ്ഥിതിക്ക് വലിയ പ്രാധാന്യം നല്കുകാ. എന്തുചെയ്യാം."

"അതിനല്ലേടോ ലക്ഷങ്ങൾ മുടക്കി വക്കീലിനെ വച്ചത്? എട്ടുസെന്റിൽ കിടക്കുന്നവന്റെ ഫീസില്ലാവക്കീലിനോട് തോറ്റിട്ടു വന്നിരിക്കുന്നു."

"അച്ചായാ, കേസിൽ ജയവും തോൽവിയുമുണ്ടാകും. അതു വക്കീലിന്റെ കുഴപ്പമല്ല." അഡ്വക്കേറ്റ് ബാലഗോപാൽ പറഞ്ഞു.

"കുഴപ്പം എന്റേതാ. തന്നെയൊക്കെ കേസേൽപ്പിച്ചത് ഞാൻ കാണിച്ച മണ്ടത്തരം."

"എടോ, തന്റെയീ കേസ് ലോകത്തിൽ ഒരു വക്കീലിനെക്കൊണ്ടും വാദിച്ചു ജയിപ്പിക്കാൻ പറ്റാത്തതാ. ഇതു പിടിക്കാൻ പോയത് എന്റെയബദ്ധം. കേസിന്റെ റിസൽറ്റുവന്നപ്പം വന്നു കണ്ടത് തെറ്റായിപ്പോയി. ഞാൻ പോകുന്നു." അഡ്വക്കറ്റ് ബാലഗോപാൽ എഴുന്നേറ്റ് മുറിവിട്ടു. അയാൾ കാറിൽക്കയറി തിരിച്ചുപോയി.

പിറ്റേന്നുരാവിലെ രണ്ടു വലിയ ലോറികൾ പുഴക്കര ബംഗാവിന്റെ മുമ്പിലെ മുറ്റത്തെത്തി. പത്തോളം പണിക്കാരും ലോറികളിലുണ്ടായിരുന്നു. വക്കച്ചൻ ഇറങ്ങിവന്നു. അയാൾ പണിക്കാർക്ക് വീട്ടിലെ സാധനങ്ങൾ ലോറിയിലേക്കു കയറ്റാനുള്ള നിർദ്ദേശങ്ങൾ നല്കി. പണിക്കാർ ഫർണിച്ചറുകളാണ് ആദ്യം ലോറിയിൽ കയറ്റിയത്.

"മോഹനാ," വക്കച്ചൻ തന്റെ സൂപ്പർവൈസറെ വിളിച്ചു.

"എന്താ...എന്താ അച്ചായാ?"

"മൗണ്ടിലെ നമ്മുടെ തറവാടുവീട് വൃത്തിയാക്കുന്ന കാര്യം ഇന്നലെ ചിലരെ ചുമതലപ്പെടുത്തിയിരുന്നു. എന്തെങ്കിലും നടന്നോന്നറിയാമോ?"

"വീടടിച്ചുവാരി എല്ലാഭാഗവും വൃത്തിയാക്കീട്ടുണ്ട്. പെയിന്റു ചെയ്യാത്തതിന്റെ ഒരു കുറവേയുള്ളൂ."

"കറന്റും വെള്ളവുമൊക്കെ?"


അതെല്ലാം ശരിയാക്കി.

"ഇറങ്ങിപ്പോന്നിട്ടു നാലു വർഷമായി." വക്കച്ചൻ ആരോടെന്നില്ലാതെ പറഞ്ഞു.

"എനിക്കീ വീടിനെക്കാളും കാണാനിഷ്ടം ആ വീടുതന്നെയാ. ഒരു പാരമ്പര്യം തോന്നിക്കും." മോഹനൻ പറഞ്ഞു.

"വേണ്ട, ഇത്തരം ആശ്വാസിപ്പിക്കലുകൾ എനിക്കു കേൾക്കണ്ട." വക്കച്ചൻ വിലക്കി.

*(തുടരും)*




**ഡിസംബർ 6**
**മംഗലവാർത്തക്കാലം**
**രണ്ടാം ഞായർ**



**സംഖ്യ 22:20 – 35**
**ഏശ 43:25 – 44:5**
**കൊളോ 4:2 – 6**
**ലൂക്കാ 1:26 – 38**

ഫാ. ആന്റണി ഞള്ളംപുഴ CMI

# കഴുതയുടെ കാഴ്ചയും ബാലാമിന്റെ ഉൾക്കാഴ്ചയും!

**ദൈ**വത്താൽ അനുഗൃഹീതരായ ഇസ്രായേൽക്കാരെ ശപിക്കുവാനായി ബാലാക്കിനൊപ്പം പോകരുത് എന്ന് പ്രവാചകനായ ബാലാമിന് ദൈവം പ്രത്യക്ഷനായി അരുൾചെയ്തു. കാരണം 'അവർ അനുഗൃഹീതരാണ്' (സംഖ്യ 22/12). അനുഗൃഹീതരായ ഇസ്രായേൽക്കാരെ ശപിക്കുവാൻ പുറപ്പെട്ട ബാലാമിനെ ദൈവദൂതൻ വഴിയിൽ തടഞ്ഞു. കഴുത മുന്നോട്ടുനീങ്ങാനാവാതെ നിന്നു. ബാലാം പാവം കഴുതയെ ഒരുപാടു പ്രഹരിച്ചു. ദൂതനെ കണ്ട കഴുത വഴിയിൽക്കിടന്നു. നടന്ന കഴുത നിന്നു. നിന്ന കഴുത കിടന്നു. കഴുതയ്ക്കു വീണ്ടും പ്രഹരം. അപ്പോൾ കഴുതയ്ക്ക് ദൈവം സംസാരശക്തി നൽകി. കഴുത ചോദിച്ചു: "മൂന്നു പ്രാവശ്യം എന്നെ അടിക്കാൻ ഞാൻ നിന്നോട് എന്തു ദ്രോഹം ചെയ്തു?"

കഴുതയുടെ ചോദ്യത്തിനു ശേഷം കർത്താവ് ബാലാമിന്റെ കണ്ണുകൾ തുറന്നു.

കണ്ണുകൾ തുറന്നുകിട്ടുക ഒരു കൃപയാണ്. 'അപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു' എന്ന് എമ്മാവൂസ് യാത്രാവിവരണത്തിലും നാം വായിക്കുന്നുണ്ട്. കണ്ണുകൾ ഉണ്ടായിരുന്നിട്ടും കാണാതിരിക്കുന്നതാണ് ഏറ്റവും വലിയ അന്ധതയെന്ന് ഹെലൻ കെല്ലർ പറയുന്നതും ഓർക്കാം. വചനഭാഗത്തേക്കു വരാം. അപ്പോൾ ബാലാമും കർത്താവിന്റെ ദൂതനെ കണ്ടു. ബാലാം പറഞ്ഞു: "ഞാൻ പാപം ചെയ്തു. അങ്ങ് എനിക്കെതിരേ വഴിയിൽനിന്നതു ഞാൻ അറിഞ്ഞില്ല" (സംഖ്യ 22/34).

കഴുതയ്ക്കു കാഴ്ചയും സംസാരശക്തിയും നൽകിയ ദൈവം ബാലാമിനു കാഴ്ചയ്ക്കുള്ളിലെ കാഴ്ചയായ ഉൾക്കാഴ്ച നൽകി. 'ഞാൻ പാപിയാണ്' എന്ന വലിയ ഉൾക്കാഴ്ച. കർത്താവിന്റെ മുമ്പിൽ നിന്ന പത്രോസ് പറഞ്ഞതും ഇതുതന്നെ: ''ഞാൻ മഹാപാപിയാണ്.'' പൗലോസ് പറഞ്ഞതും മറ്റൊന്നല്ല: "ഞാൻ പാപികളിൽ ഒന്നാമനാണ്.'' വിവേകശൂന്യമായ യാത്രകൾക്കു തടയിടുന്ന ദൈവത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച ബാലാമിനു ലഭിച്ചു. 'ദൈവം തോന്നിക്കുന്ന വചനംമാത്രം പറയണ'മെന്നുള്ള ഉൾക്കാഴ്ച.

ദൈവം തോന്നിപ്പിച്ചതും ദൈവം കാണിച്ചതും മാത്രം ബാലാം പ്രവചിച്ചു.

''പാറക്കെട്ടുകളിൽനിന്ന് ഞാനവനെ കാണുന്നു... വേറിട്ടു പാർക്കുന്ന ഒരു ജനം; ജനതകളോട് ഇടകലരാത്ത ഒരു ജനം... യാക്കോബിന്റെ ധൂളിയെ എണ്ണാൻ ആർക്കു കഴിയും!" (സംഖ്യ 23/9). "യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും, ഇസ്രായേലിൽനിന്ന് ഒരു ചെങ്കോൽ ഉയരും" (സംഖ്യ 24/17). ബാലാമിനു ലഭിച്ച ഈ ഉൾക്കാഴ്ച നൂറ്റാണ്ടുകളുടെ പ്രതീക്ഷാവിഷയമായ രക്ഷകനെക്കുറിച്ചുള്ളതായിരുന്നു. 'ക്രിസ്തുസംഭവ'ത്തിന്റെ മുന്നറിയിപ്പും മുന്നാസ്വാദനവും!

യാക്കോബിനെ നശിപ്പിക്കാത്ത ഇസ്രായേലിനെ മറക്കാത്ത, ദൈവകരുണയുടെ വിവരണമാണ് രണ്ടാമത്തെ വായനയും. 'ഭയപ്പെടേണ്ട' എന്ന ആശ്വാസദൂതും ഇതോടൊപ്പമുണ്ട് (ഏശ 43/5, 44/8). ബൈബിളിലുടനീളം വലിയ സാന്ത്വനത്തിന്റെ ഈ ചെറിയ പദം കടന്നുവരുന്നുണ്ട്.

**പൗലോസിന്റെ ഉൾക്കാഴ്ച**

താൻ ക്രിസ്തുസംഭവത്തിന്റെ പ്രഘോഷകനാണെന്ന് പൗലോസ് ശ്ലീഹാ പറയുന്നു (കൊളോ 4/2-4).

ദൈവകൃപയ്ക്കു പാത്രമായ ദൈവകരങ്ങളിലെ ഉപകരണമായ യേശുക്രിസ്തുവിന്റെ തടവുകാരനായ പൗലോസ് തനിക്കു കിട്ടിയ ഒരു വലിയ ഉൾക്കാഴ്ചയെപ്പറ്റി പറയുന്നു:

"വെളിപാടുവഴിയാണ് രഹസ്യം എനിക്ക് അറിവായത്. അതു വായിക്കുമ്പോൾ ക്രിസ്തുവിന്റെ രഹസ്യത്തെക്കുറിച്ച് എനിക്കു ലഭിച്ചിരിക്കുന്ന ഉൾക്കാഴ്ച എന്തെന്നു നിങ്ങൾക്കു മനസ്സിലാക്കാം" (എഫേ. 3:4).

വിജാതീയരോട് ക്രിസ്തുവിന്റെ ദുർഗ്രഹമായ സമ്പന്നതയെക്കുറിച്ചു പ്രസംഗിക്കാൻ വരം ലഭിച്ച പൗലോസ് പറയുന്നു: "ഏറ്റവും നിസ്സാരനാണ് ഞാൻ." 'ഞാൻ പാപം ചെയ്തുപോയി' എന്ന് ബാലാമിനു ലഭിച്ചതുപോലുള്ള ഒരു അവബോധവും ഉൾക്കാഴ്ചയും.

നിസ്സാരതകളെ സാരമാക്കാത്ത ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ ചിത്രംകൂടിയാണിത്. 'ദൈവം കടാക്ഷിച്ച ഒരു പാപിയാണ് ഞാൻ' എന്നു പറഞ്ഞ ഫ്രാൻസീസ് പാപ്പായുടെ വാക്കുകളും കൂട്ടിവായിക്കാം.

**"ഇതെങ്ങനെ സംഭവിക്കും?"**

ഗബ്രിയേൽദൂതന്റെ മംഗലവാർത്ത കേട്ടിട്ട് മറിയത്തിന് ആദ്യം തോന്നിയത് സന്തോഷമല്ല; മറിച്ച്, സന്ദേഹമാണ്. മറിയം ദൂതനോടു ചോദിച്ചു: "ഇതെങ്ങനെ സംഭവിക്കും?" (ലൂക്കാ 1:34)

ഈശോയുടെ പിറവിയറിയിപ്പു കേട്ടിട്ട് ഇടയന്മാർ പറഞ്ഞത്, 'നമുക്കു ബത്‌ലഹേം വരെ പോകാം. കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്കു കാണാം' (ലൂക്കാ 2/15) എന്നാണ്.

എമ്മാവൂസ് യാത്രയിൽ നാലു വട്ടം ആവർത്തിക്കുന്ന ഒരു പദം സംഭവം എന്നതാണ്.

1. ''ഈ സംഭവങ്ങളെക്കുറിച്ചെല്ലാം അവർ സംസാരിച്ചുകൊണ്ടിരുന്നു."
2. "ഈ ദിവസങ്ങളിൽ ജറൂസലേമിൽ നടന്ന സംഭവമൊന്നും അറിയാത്ത അപരിചിതനാണോ നീ?"
3. "ഇതൊക്കെ സംഭവിച്ചിട്ട് ഇതു മൂന്നാം ദിവസമാണ്."
4. "വഴിയിൽ വച്ചു സംഭവിച്ചതും അപ്പം മുറിക്കുമ്പോൾ തങ്ങൾ അവനെ തിരിച്ചറിഞ്ഞതും അവരും വിവരിച്ചു."

ഈശോയുടെ പിറവി-മരണം-ഉത്ഥാനം ഇവയെല്ലാം ഉപസംഹരിച്ചിരിക്കുന്ന മനോഹരപദമാണ് 'ക്രിസ്തുസംഭവം' - 'മിശിഹാസംഭവം'-'മിശിഹാരഹസ്യം.'

പൗലോസ് ശ്ലീഹായുടെ വാക്കുകൾ: ''ക്രിസ്തുവിന്റെ രഹസ്യം പ്രഖ്യാപിക്കാനായി നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണം. ഇതിനായിട്ടാണല്ലോ ഞാൻ ബന്ധനസ്ഥനായിരിക്കുന്നത്. ആ രഹസ്യം ഞാൻ പ്രസ്പഷ്ടമാക്കുവാൻ നിങ്ങൾ പ്രാർത്ഥിക്കുവിൻ" (കൊളോ.4/34).

ഈശോയുടെ പിറവി നിസ്സാരകാര്യമല്ല. അതു ചരിത്രത്തിലെ ഒരു 'സംഭവ'മാണ്. ചരിത്രത്തെ ബി.സി. യും എ.ഡി. യുമാക്കി കീറിമുറിക്കാൻ പോകുന്ന, നൂറ്റാണ്ടുകളുടെ പ്രതീക്ഷാവിഷയവും പ്രവചനങ്ങളുടെ പൂർത്തീകരണവുമായ ഒരു 'സംഭവ'ത്തിന്റെ അമ്മയാകാൻ പോകുന്ന ഒരു കന്യകയുടെ സന്ദേഹമാണീ വചനം.

ഏശയ്യാപ്രവാചകൻ അവതരിപ്പിച്ച 'കന്യക'യുടെ ഓർമ്മകൾ വചനോപാസകരുടെ മനോമുകുരത്തിൽ തെളിയുക സ്വാഭാവികം.

"കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും" (7:14).

സുവിശേഷത്തിലെ കന്യകയുടെ നാട് നസ്രത്താണ്. മംഗളകരമായത് ഒന്നും ആരും ഈ നാട്ടിൽനിന്നു പ്രതീക്ഷിച്ചിരുന്നില്ലെന്നു തോന്നുന്നു. കാരണം വലിയ പേരും പെരുമയുമുള്ള നാടല്ല. കൊട്ടും കുരവയുമിടാൻ മാത്രം ശ്രദ്ധേയമായതൊന്നും നസ്രത്തിനില്ല. നിസ്സാരരും നിസ്സഹായരുമാണവർ. ദൈവത്തിൽ മാത്രം ആശ്രയംവച്ചവർ.

നസ്രത്തിൽനിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ? ഈ നാടിനെക്കുറിച്ച് അതുവരെ ഉണ്ടായിരുന്ന ഒരു പെസിമിസ്റ്റിക് കാഴ്ചപ്പാട്-നിഷേധാത്മകമനോഭാവം. പുണ്യനഗരമായ ജറൂസലേമിൽനിന്ന് അമ്പതുമൈൽ അകലെയാണ് ഗലീലിയിലെ ഗ്രാമമായ നസ്രത്ത്. പുണ്യനഗരത്തിൽ നിന്ന് അകലെ. പുണ്യപ്പെട്ടവരിൽനിന്നു വിദൂരത്ത്! എന്നാൽ, രക്ഷയുടെ മംഗളവാർത്തയുമായി ഗബ്രിയേൽ ദൂതൻ പറന്നത് പുണ്യനഗരിയിലേക്കല്ല. പുണ്യനഗരിയിൽനിന്നകലെയുള്ള ആരാലും അധികം അറിയപ്പെടാത്ത നസ്രത്തെന്ന ഗ്രാമത്തിലേക്കാണ്. പുഴ ഒഴുകുന്നത് താഴേക്കാണ്. മഞ്ഞുകണങ്ങളും തുഷാരധാരകളും പെയ്തിറങ്ങുന്നത് താഴേക്കാണ്. അതുപോലെ എളിമയുള്ള മനസ്സുകളിലേക്കും ദൈവകൃപ കടന്നുവരുന്നു. കുനിഞ്ഞു നിൽക്കുമ്പോഴാണ് കൃപ. തോറ്റു കൊടുക്കുമ്പോഴാണ് അഭിഷേകം. ദൂതൻ മറിയത്തെ സംബോധന ചെയ്തു: ''ദൈവകൃപ നിറഞ്ഞവളേ, സ്വസ്തി, കർത്താവു നിന്നോടുകൂടെ" ദൈവകൃപയിൽ വളരാൻ ആഗ്രഹിക്കുന്നവർ കൃപകൊണ്ട് നിറഞ്ഞ ഈ കന്യകയോട്, അമ്മയോട് പ്രാർത്ഥിക്കണം. കൃപയിൽ കുറവുള്ളവരും കൃപയ്ക്കായി പ്രാർത്ഥിക്കേണ്ടത് കൃപ നിറഞ്ഞ ഈ അമ്മയോടാണ്. കാരണം ഇവൾ ഹാഫ് ഓഫ് ഗ്രേസല്ല, ഫുൾ ഓഫ് ഗ്രേസാണ്. ദൈവകൃപയിൽ സമ്പന്നയായിരുന്നു എന്നതാണ് ഈ നസ്രത്തുകാരിയുടെ സമ്പന്നത. നിസ്സാരരെ നിസ്സാരരാക്കാത്ത ദൈവകരുണയുടെ ആഴവും അർത്ഥവും എത്ര വലുത്!

"ഇതാ കർത്താവിന്റെ ദാസി" (ലൂക്കാ 1/38). 'ഇതോ?' എന്നല്ല 'ഇതാ' എന്നാണു മറിയം പറഞ്ഞത്.

'ഇതാ' എന്ന പദം സന്നദ്ധതയുടെ, ദൗത്യബോധത്തിന്റെ, ദൈവശുശ്രൂഷയ്ക്കുള്ള സമർപ്പണത്തിന്റെയൊക്കെ അർത്ഥവത്തായ ബൈബിൾപദമാണ്.

ഉദാ: "ഇതാ ഞാൻ, എന്നെ അയച്ചാലും" (ഏശ. 6/8)

"ഇതാ ഞാൻ വന്നിരിക്കുന്നു" (ഹെബ്രാ 10/8).

"ഇതാ, ഞങ്ങൾ എല്ലാമുപേക്ഷിച്ച് നിന്നെ അനുഗമിച്ചിരിക്കുന്നു" (മർക്കോ 10/28).

**ദൈവത്തിന് ഒന്നും അസാധ്യമല്ല (ലൂക്കാ 1/37)**



ഇത് ഗബ്രിയേൽ ദൂതന്റെ മധുരദൂതാണ്, ആശ്വാസദൂതാണ്, ദൈവശക്തിയുടെ അതിശക്തമായ സന്ദേശമാണ്. സക്കറിയായും എലിസബത്തും അബ്രാഹവും സാറായും മനോവയും അവന്റെ വന്ധ്യയായ ഭാര്യയും ഹന്നയുമെല്ലാം ഇന്നും പറഞ്ഞുതരുന്നത് ഇതുതന്നെ.

"ദൈവത്തിന് ഒന്നും അസാധ്യമല്ല."

സാധ്യത ഇല്ലാത്തിടത്തെ സാധ്യതയാണ് ദൈവം. നിരാശയുടെ തീരത്തെ ചാകരയാണ് ദൈവം. ഊഷരതയുടെ നടുവിലെ നീരുറവയാണ് ദൈവം.

"വരണ്ട ഭൂമിയിൽ ജലവും ഉണങ്ങിയ നിലത്ത് അരുവികളും ഞാൻ ഒഴുക്കും. നിന്റെ സന്തതികളുടെമേൽ എന്റെ ആത്മാവും നിന്റെ മക്കളുടെമേൽ എന്റെ അനുഗ്രഹവും ഞാൻ വർഷിക്കും" (ഏശയ്യാ 44/3).

മറിയം പറഞ്ഞു: ''ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ." 'ഇതാ' എന്ന വാക്കിൽ അനുസരണവും 'കർത്താവിന്റെ' എന്ന വാക്കിൽ കന്യകാത്വവും 'ദാസി' എന്ന വാക്കിൽ ദാരിദ്ര്യവും എളിമയും നിറഞ്ഞിരിക്കുന്നതായി ഒരു സമർപ്പിതന്/സമർപ്പിതയ്ക്കു തോന്നിയാൽ അദ്ഭുതമില്ല. പരി. മറിയത്തിന്റെ സമർപ്പിതമന്ത്രമായിരുന്നു ഈ വചനം.

'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്നു പറഞ്ഞതുപോലെ പരിപൂർണസമർപ്പണത്തിന്റെ മഹാവാക്യം. 'ഇതാ കർത്താവിന്റെ ദാസി' - പരി. മറിയത്തിന്റെ ആമ്മേനാണിത്. 'ആമ്മേൻ' എന്നാൽ 'അപ്രകാരം സംഭവിക്കട്ടെ' എന്നർത്ഥം. അമ്മ ദൈവഹിതത്തിന് ആമ്മേൻ പറഞ്ഞപ്പോൾ അവൾ രക്ഷാകരചരിത്രത്തിന്റെ ഭാഗമായി. രക്ഷാകരസംഭവങ്ങൾക്കു സാക്ഷിയായി. രക്ഷകന്റെ അമ്മയായി. രക്ഷ തേടുന്നവർക്കുള്ള മധ്യസ്ഥയായി. വിട്ടുകൊടുക്കാം, ദൈവതൃക്കരങ്ങളിൽ കളിമണ്ണുപോലെ. 'ആമ്മേൻ' പറയാം, ദൈവതിരുമനസ്സിന്. 'ഇതാ' പറയാം, ദൈവവചനത്തിന്.

□

# ഗവിയിലെ കാഴ്ചകൾ മനസ്സിനെ കുളിരണിയിക്കും



ചുറ്റുവട്ടം



കെ.ജി. രഞ്ജിത്ത്

**ഒ**രു യാത്രയെക്കുറിച്ചു ചിന്തിക്കുമ്പോൾ മനസ്സിലേക്ക് ഓടിയെത്തുന്ന വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ പ്രധാനപ്പെട്ടതാണ് പത്തനംതിട്ട ജില്ലയിലെ ഗവി. കടുത്ത വേനലിലും അസ്തമയത്തോടടുക്കുമ്പോൾ താപനില 10 ഡിഗ്രിയിലേക്കു താഴുന്ന ഗവിയുടെ അസാധാരണപ്രതിഭാസമാണ് വിനോദസഞ്ചാരികളെ ഇവിടേക്ക് ആകർഷിക്കാൻ കാരണം.

കണ്ണെത്താദൂരത്തോളം നീണ്ടു കിടക്കുന്ന കോടമഞ്ഞണിഞ്ഞ ഗിരിനിരകളും തഴുകിയുണർത്തുന്ന മന്ദമാരുതനും കുന്നുകൾക്ക് അരഞ്ഞാണം ചാർത്തി ചുറ്റിയൊഴുകുന്ന പാലരുവികളുമെല്ലാം ചേർന്ന് ഗവി ഒരു സ്വപനം പോലെ സുന്ദരമാണ്.

ദലമർമ്മരങ്ങൾ, ഒഴുകിയെത്തുന്ന കുയിൽനാദം, പീലി വിരിച്ചാടുന്ന മയിലുകൾ, തണുപ്പിന്റെ പുതപ്പണിഞ്ഞ് അലസമായി കിടക്കുന്ന മലനിരകൾ ഇവയെല്ലാം കൊണ്ട് സുന്ദരമാണ് ഈ പ്രദേശം. കാട് എന്ന വാക്കിൽ നിറയുന്ന നിഗൂഢസൗന്ദര്യം അടുത്തറിയണമെങ്കിൽ ഒരിക്കലെങ്കിലും ഗവിയിലെത്തണം.

ജീവിതത്തിൽ ഇതുവരെ കണ്ടിട്ടില്ലാത്ത സസ്യ, ജന്തു വൈവിദ്ധ്യങ്ങളുടെ ഒരു നേർക്കാഴ്ചയാണ് ഗവിയിൽ സഞ്ചാരികൾക്കായി കാത്തിരിക്കുന്നത്. കടുവ, പുലി, ആന, കാട്ടുപോത്ത്, കരടി, വിവിധയിനം മാനുകൾ, കാട്ടുപന്നി, സിംഹവാലൻ കുരങ്ങ്, മലയണ്ണാൻ തുടങ്ങിയവയ്ക്കു പുറമേ 325 ഇനം പക്ഷിയിനങ്ങളാലും സമ്പന്നമാണ് ഗവി. സമുദ്രനിരപ്പിൽനിന്നു 3399 അടി ഉയരത്തിലാണ് ഗവി സ്ഥിതിചെയ്യുന്നത്. നറുമണം പരത്തുന്ന എലക്കാടുകളാണ് ഗവിയുടെ മറ്റൊരു പ്രത്യേകത. വനം വകുപ്പിന്റെ എക്കോ ടൂറിസം പദ്ധതിയുടെ ഭാഗമാണ് ഇന്ന് ഗവി.

കൂട്ടം തെറ്റിയ കുട്ടിക്കൊമ്പന്മാർ,അരുവിയിലെ തെളിമയാർന്ന വെള്ളം ലക്ഷ്യമാക്കി നീങ്ങുന്ന മലയാട് എന്നിവ ഗവിയിൽ മാത്രം കാണാൻ കഴിയുന്ന അപൂർവ്വകാഴ്ചകളാണ്. പത്തനംതിട്ട ജില്ലയിൽ സീതത്തോട് പഞ്ചായത്തിലെ റാന്നി റിസർവ് ഫോറസ്റ്റിനുള്ളിലാണ് ഈ പ്രദേശം. പെരിയാർ ടൈഗർ റിസർവിന്റെ ഭാഗമാണ് ഗവി. മലമുകളിൽനിന്നു നോക്കിയാൽ ശബരിമലസന്നിധാനത്തിന്റെ വിദൂര ദൃശ്യം കാണാം.

**കാട്ടിലേക്കു തുറക്കുന്ന വാതിൽ**

ഗവിയിലേക്കുള്ള യാത്രയിൽ ളാഹ എസ്റ്റേറ്റിലെത്തുമ്പോൾ പ്രകൃതി കൂടുതൽ സുന്ദരിയായി മാറുന്ന കാഴ്ച കാണാം. ആങ്ങമൂഴി എത്തുന്നതോടെ കാഴ്ച മാറുകയായി. ഇതുവരെ കണ്ടതെല്ലാം ഇവിടെ കളഞ്ഞേക്കൂ. ഇനി പുതിയ കാഴ്ച തുടങ്ങുകയായി. വനത്തിന്റെ നിഗൂഢതകളിലേക്കു വഴിമാറുകയാണ്. മഞ്ഞിന്റെ തണുപ്പും വനത്തിന്റെ വന്യതയും പച്ചപ്പിന്റെ പകിട്ടുമെല്ലാം ഇവിടെ കൺനിറയെ കണ്ട് ആസ്വദിക്കാനാകും.

കൊച്ചാണ്ടി ചെക്ക്പോസ്റ്റാണ് വനാന്തരത്തിലേക്കുള്ള ആദ്യ പ്രവേശനകവാടം. ശബരിഗിരി ജലവൈദ്യുതപദ്ധതി ഇവിടെയാണുള്ളത്. അതുകൊണ്ടു തന്നെ കർശനപരിശോധനകൾക്കു ശേഷമാകും യാത്രാനുമതി. ഏതു സമയത്തും വന്യമൃഗങ്ങളുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുള്ളതുകൊണ്ട് ബൈക്കു യാത്രക്കാരെ ഇതിനപ്പുറത്തേക്കു കടത്തിവിടില്ല. ചെറുതും വലുതുമായ പത്തോളം ഡാമുകളും ഇവിടെയുണ്ട്. ആങ്ങമൂഴിയിൽ ചായ കുടിക്കാനുള്ള സൗകര്യമുണ്ട്. അവിടം വിട്ടാൽ പിന്നെ ഗവിക്കു മുമ്പുള്ള കൊച്ചുപറമ്പ് എസ്റ്റേറ്റിൽ മാത്രമേ ഭക്ഷണം കിട്ടുകയുള്ളൂ. ഗവിയിലെ സന്ദർശനത്തിന്റെ ചുമതല വനംവകുപ്പിന്റെ ഉപവിഭാഗമായ വനം വികസന കോർപ്പറേഷനാണ്. വനം വകുപ്പിന്റെ വക ഗ്രീൻ മാൻഷൻ എന്നൊരു റിസോർട്ടുണ്ട്. അതു കേന്ദ്രമാക്കിയാണ് ഗവി ടൂറിസം പ്രവർത്തിക്കുന്നത്.

**കാട് കാണാം**
**കരള് നിറയ്ക്കാം**

പത്തനംതിട്ടയിൽ നിന്ന് നൂറു കിലോമീറ്ററോളം യാത്രചെയ്തു വേണം ഗവിയിലെത്താൻ. വള്ളക്കടവ് ചെക്ക് പോസ്റ്റ് വരെ ജനവാസകേന്ദ്രം വഴിയാണ് യാത്ര. പെരിയാർ കടുവാ സങ്കേതത്തിലേക്കു സ്വാഗതം ചെയ്യുന്ന ഒരു വലിയ കമാനം ചെക്ക് പോസ്റ്റിലുണ്ട്. ഇതു വഴിയുള്ള പ്രവേശനത്തിന് കർശനനിയന്ത്രണമുണ്ട്. ആങ്ങമൂഴി കഴിഞ്ഞാൽ എഴുപതു കിലോമീറ്ററോളം കാട്ടിനുള്ളിൽക്കൂടിയാണ് യാത്ര. വീതി കുറഞ്ഞതും വളവും തിരിവും നിറഞ്ഞതുമായ വഴി. എന്നാൽ, കുണ്ടും കുഴിയുമില്ല. യാത്രാമദ്ധ്യേ വാഹനത്തിൽനിന്നു പുറത്തിറങ്ങരുതെന്ന് പ്രത്യേക നിർദ്ദേശമുണ്ട്. ഗവി ഡാമും റിസർവോയറും അതിന്റെ കരയിലുള്ള പൂന്തോട്ടവും ചേരുന്നതാണ് പ്രധാന ഭാഗം. യാത്ര ചെന്നെത്തുന്നത് ഗ്രീൻ മാൻഷനിലാണ്. പൂന്തോട്ടത്തിന് അഭിമുഖമായി റോഡിന്റെ മറുവശത്താണ് ഗ്രീൻ മാൻഷൻ. മാൻഷന്റെ പിൻഭാഗം വനമാണ്. പ്രധാന കെട്ടിടത്തിന്റെ സമീപം തന്നെ പുതിയ ഒരു അനെക്സും പണി ചെയ്തിട്ടുണ്ട്.

റിസർവോയറിനു മറുകരയിലാണ് ട്രക്കിംഗിനുള്ള കാട്. അല്പദൂരം ഈറ്റക്കാട്ടിലൂടെയുള്ള യാത്ര കഴിഞ്ഞാൽ പിന്നെ കൊടുംകാടായി. കാട്ടിൽ ഓരോ സ്ഥലവും ഓരോ രീതിയാണ്. ഒരിടത്ത് വൻമരങ്ങളാണെങ്കിൽ അപ്പുറത്ത് ഈറ്റക്കാടുകൾ, അതിനടുത്ത് പുൽമേടുകൾ... ഇത്തരത്തിൽ കാനനഭംഗിക്കു മാറ്റു കൂട്ടുന്ന ദൃശ്യങ്ങൾ. ഒരിക്കൽ ഗവിയിലെത്തിയവരെ വീണ്ടും അങ്ങോട്ട് ആകർഷിക്കുന്ന ഗവിയിലെ കാഴ്ചകൾ വാക്കുകളിൽ വിവരിക്കാവുന്നതല്ല. കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കർശനനിയന്ത്രണങ്ങളുണ്ടെങ്കിലും ഗവിയിലേക്ക് സന്ദർശകരെ പ്രവേശിപ്പിക്കുന്നുണ്ട്. മുൻകൂട്ടി ബുക്ക് ചെയ്യുന്നത് യാത്ര സുഖകരമാക്കും.. ■



ജർമ്മൻഭാഷയിൽ ബി 2 പരീക്ഷ വിജയിച്ച പ്രതിഭകളെ ആദരിക്കുന്നതിനായി ഭരണങ്ങാനം അസ്സീസി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൽ ലാംഗ്വേജസ് സംഘടിപ്പിച്ച വിജയദിനാഘോഷം കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശേരി ഉദ്ഘാടനം ചെയ്യുന്നു. ഫാ. ജെബി മുഖചിറയിൽ കപ്പൂച്ചിൻ, ഫാ. മാത്യു മുളങ്ങാശേരി കപ്പൂച്ചിൻ, ഡോ. ആനി കുര്യൻ, ഡൈനിഷ് ഡൊമിനിക് എന്നിവർ സമീപം.




കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ 2020 ലെ മികച്ച ജീവകാരുണ്യപ്രവർത്തകനുള്ള അവാർഡ് പാലാ സന്മനസ് ജോർജിന്, ചെയർമാൻ ഫാ. ഡേവിസ് ചിറമ്മേൽ സമ്മാനിക്കുന്നു. ഓമന മോഹൻ, കെ.സി. തങ്കച്ചൻ, ജെസി സണ്ണി എന്നിവർ സമീപം.

# സ്ഥാനാർത്ഥി

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

'സ്ഥാ' ധാതുവിൽനിന്നു നിഷ്പന്നമായ പദമാണ് സ്ഥാനം. ഇടം അഥവാ ഇരിപ്പിടം എന്നർത്ഥം. ഇതുപോലെ സ്ഥലം, സ്ഥലി, സ്ഥാപനം, സ്ഥാലി (കലം) സ്ഥിതി മുതലായവയും 'സ്ഥാ' ധാതുവിൽനിന്നു വ്യുത്പന്നമായ രൂപങ്ങളാണ്. ഇവയ്ക്കു പകരം 'സ്തലം', 'സ്തലി', 'സ്താപനം', 'സ്താലി', 'സ്തിതി' എന്നെല്ലാം എഴുതുന്നതു ശരിയല്ല. ഉച്ചാരണത്തിൽ സംഭവിക്കുന്ന വ്യതിയാനമാണ് ഇത്തരം ശബ്ദങ്ങളുടെ പ്രചാരത്തിനു നിദാനം. സ് എന്ന വ്യഞ്ജനത്തോട് ഥ് എന്ന അതിഖരവും അ എന്ന സ്വരവും ചേർത്തുണ്ടാക്കുന്ന കൂട്ടക്ഷരമാണ് 'സ്ഥ' എന്നത്. (സ്+ഥ്+അ=സ്ഥ).

'സ്ഥാന' ശബ്ദത്തോട് 'അർത്ഥി' സമാസിച്ചുണ്ടാക്കുന്ന ഒറ്റപ്പദമാണ് സ്ഥാനാർത്ഥി എന്നത്. ഏതെങ്കിലും ഒരു സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിനു മത്സരിക്കുന്ന സ്ത്രീയോ പുരുഷനോ സ്ഥാനാർത്ഥിയാകും. സ്ത്രീലിംഗവിവക്ഷയിൽ സ്ഥാനാർത്ഥിനി എന്നുമാകാം. ഇംഗ്ലീഷിലെ Candidate ആണ് മലയാളത്തിൽ സ്ഥാനാർത്ഥിയാകുന്നത്. 'സ്താനാർത്ഥി' തെറ്റായ രൂപമാണ്. അത് ഉച്ചാരണത്തിലും എഴുത്തിലും വർജിക്കണം.

സന്ധിക്കുന്ന വർണ്ണങ്ങൾ ഒരേ വിഭാഗത്തിൽപ്പെട്ടവ ആണെങ്കിൽ രണ്ടിനും കൂടി ആ വർണ്ണത്തിന്റെ ദീർഘം ആദേശമായി വരും. ഈ പ്രവണതയ്ക്ക് സവർണ്ണാദേശം (അകഃ സവർണ്ണേ ദീർഘഃ) എന്നു പറയുന്നു. ഇതിൻപ്രകാരമാണ് സ്ഥാന+അർത്ഥി, സ്ഥാനാർത്ഥിയാകുന്നത്. അർത്ഥിക്ക് ആഗ്രഹിക്കുന്ന ആൾ എന്നും അർത്ഥമുണ്ടല്ലോ.

'സ്ഥാ' ധാതുവിൽനിന്ന് സ്ഥാനികൻ, സ്ഥാനികി എന്നിങ്ങനെ പുല്ലിംഗ – സ്ത്രീലിംഗ വാചികൾ സൃഷ്ടിക്കാം. സ്ഥാനം വഹിക്കുന്നവൻ, സ്ഥാനം വഹിക്കുന്നവൾ എന്നിങ്ങനെ യഥാക്രമം അവയ്ക്കർത്ഥം. 'സ്ഥാലീപുലാകന്യായ'ത്തിലും (സ്ഥാലീ + പുലാക + ന്യായം, സ്ഥാലി – കല പുലാകം – ചോറ്) മൂലരൂപം 'സ്താ' അല്ല 'സ്ഥാ' ആണെന്നു മനസ്സിലാക്കണം. പാത്രത്തിലെ അരി വെന്തോ എന്നറിയാൻ ഒന്നോ രണ്ടോ വറ്റെടുത്തു പരിശോധിച്ച് എല്ലാറ്റിന്റെയും വേവ് നിശ്ചയിക്കാറുണ്ടല്ലോ. അതുപോലെ ഒന്നിൽനിന്നു പലതും അനുമാനിക്കുന്നിടത്ത് 'സ്ഥാലീപുലാകന്യായം' എന്ന ശൈലി പ്രസക്തമാകുന്നു.

**ജോൺ, കുന്നപ്പള്ളി, ഫാ., പ്രക്രിയാഭാഷ്യം, ഡി.സി.ബുക്സ്, കോട്ടയം, 1989, പുറം – 32.*



പ്രിൻസ്‌രാജ്



# കോഴക്കഥ പറയും ഐ ഫോണുകൾ!

**ചോ**രത്തിളപ്പുള്ള ഏതൊരു പോലീസുകാരനും ഒരു വട്ടപ്പേര് ഉണ്ടാവും. അതു ലോകാംഗീകാരം നേടിയ ഒരു നാട്ടുനടപ്പ്. അതേപോലെ അഴിമതിവീരന്മാരായ ഉദ്യോഗസ്ഥ-രാഷ്ട്രീയ പ്രഭുക്കന്മാർക്കും കാലത്തിന്റെ കയ്യൊപ്പു ചാർത്തിയ സവിശേഷമായ ഓരോ വിശേഷണം ഉണ്ടാവും. അത്തരമൊരു വിശേഷണമായിരുന്നു 'മിസ്റ്റർ റ്റെൻ പെർസെന്റ്.' പാക്കിസ്ഥാൻ പ്രധാനമന്ത്രിപദംവരെ എത്തിയ ബേനസീർ ഭൂട്ടോയുടെ ഭർത്താവ് ആസിഫ് അലി സർദാരിയെ സ്വദേശ-വിദേശ മാധ്യമങ്ങൾ ഒരേ സ്വരത്തിൽ വിശേഷിപ്പിച്ചത് അങ്ങനെയാണ്. ബേനസീറിന്റെ ഭരണകാലത്തായിരുന്നു അത്. പാക്കിസ്ഥാനിൽ എന്തും നടക്കും, ആസിഫ് അലി സർദാരിയെ കാണേണ്ടതുപോലെ കണ്ടാൽ എന്നായിരുന്നു മാധ്യമാരോപണം. വികസനപ്രവർത്തനങ്ങളുടേതടക്കം കരാർ ലഭിക്കാൻ അടങ്കൽതുകയുടെ 10 ശതമാനമാണത്രേ സർദാരി ആവശ്യപ്പെട്ടിരുന്നത്. മാധ്യമങ്ങൾ ഉയർത്തിയ തുക ആരോപണം പോകെപ്പോകെ അക്ഷരാർത്ഥത്തിൽ ഒരു പരസ്യവാചകംതന്നെയായി മാറുന്ന കാഴ്ചയാണു പാക്കിസ്ഥാനിൽ കണ്ടത്. അതുവഴി സർദാരിക്കു പ്രസ്തുത വിളിപ്പേരു പതിച്ചുകിട്ടി: 'മിസ്റ്റർ റ്റെൻ പെർസെന്റ്.'

സർദാരിയും അദ്ദേഹത്തിന്റെ വട്ടപ്പേരും ഓർമയിലെത്തിച്ചത് വടക്കാഞ്ചേരി ലൈഫ് ഫ്ളാറ്റുമായി ബന്ധപ്പെട്ടു പുറത്തുവന്ന കോഴയുടെ വിവരങ്ങളാണ്. ഇത്രയും കാലംകൊണ്ടു പറഞ്ഞും പറയിപ്പിച്ചും അതു കേവലം വിവാദം എന്നതിൽനിന്ന് യഥാതഥമായ ഒരു സംഭവകഥതന്നെയായി പരിണമിച്ചിരിക്കുന്നു. കോഴക്കഥയുടെ ചെപ്പുതുറന്ന സ്വപ്ന സുരേഷിനെക്കാൾ ഡീറ്റെയ്‌ലായി ഭരണപക്ഷക്കാർതന്നെ സംഭവകഥ മാലോകർക്കായി വിവരിച്ചുനൽകിയതും കേരളീയർക്കാകമാനം കൗതുകമായി. അതുകേട്ട് തുറന്ന പ്രതിപക്ഷക്കാരുടെ വായ ഇപ്പോഴും ശരിയാംവണ്ണം അടഞ്ഞിട്ടില്ല എന്നു പറഞ്ഞാൽ മതിയല്ലോ? വടക്കാഞ്ചേരി ലൈഫ് ഫ്ളാറ്റ് നിർമ്മാണത്തിനായി മൊത്തം കിട്ടിയത് 20 കോടി. കമ്മീഷൻ പണമായി മാത്രം 4.48 കോടി. ശതമാനക്കണക്കു നോക്കിയാൽ 22 ശതമാനത്തിൽ കൂടുതൽ. തുടക്കത്തിൽ ചൂണ്ടിക്കാട്ടിയ പാക് മാധ്യമാരോപണം ശരിയായിരുന്നു എന്നുതന്നെ വയ്ക്കുക. സർദാരി എത്രയോ മര്യാദക്കാരൻ. 10 ശതമാനം കമ്മീഷനേ വാങ്ങിയിരുന്നുള്ളൂ. ഇവിടെ അതുക്കും എത്രയോ മേലെ? അരിയാഹാരം മാത്രമല്ല, നുറുക്കുഗോതമ്പും കഞ്ഞിയും ചപ്പാത്തിയുമൊക്കെ സ്ഥിരമാക്കിയവർക്കും കാര്യം തുടക്കത്തിലേ ശരിയായവിധം മനസ്സിലായിക്കഴിഞ്ഞിരിക്കുന്നു. അങ്ങനെ, കോടികളുടെ കോഴക്കഥകേട്ടു കോൾമയിർകൊണ്ടിരുന്ന നാട്ടുകാരുടെ അറിവിലേക്കു മറ്റൊരു കാര്യംകൂടി എത്തി. 4.48 കോടി മാത്രമല്ല കമ്മീഷൻ. ഇതുവരെയുള്ള കണക്കുപ്രകാരം ഏഴ് ഐ ഫോണുകളും ഉണ്ട്. അരലക്ഷംമുതൽ ഒന്നരലക്ഷംവരെ വിലയുള്ള ഐ ഫോണുകൾ. ബെലേഭേഷ്! പിഴിയുന്നെങ്കിൽ ഇന്തമാതിരിതാൻ പിഴിയണം. കരാർ ഒപ്പിച്ചുകിട്ടിയ യൂണിടാക്കുകാരൻ മുതലാളി തലയിലും നെഞ്ചിലും ഒരേപോലെ കൈവച്ചിരിക്കും തീർച്ച. ഏഴ് ഐഫോണുകളിൽ ഏറ്റവും വിലപിടിപ്പുള്ളതു നൽകിയത് യു.എ.ഇ. കോൺസൽ ജനറലിന് ആണത്രേ. ആദ്യം വാങ്ങിനൽകിയ 1.14 ലക്ഷം രൂപയുടെ ഫോൺ നിരസിച്ചതിനെത്തുടർന്നാണ് അതിനെക്കാൾ വിലയ്ക്കുള്ള ഫോൺ വാങ്ങി നൽകിയതെന്ന് ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ കരാറുകാരൻ വ്യക്തമാക്കിയിരുന്നു. ഐ.ടി. സെക്രട്ടറിയും മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുമായിരുന്ന എം. ശിവശങ്കറിനു നൽകിയത് ഒരു ലക്ഷം വിലയുള്ള ഫോൺ. പരസ്യക്കമ്പനിയുടമ, എയർ അറേബ്യ മാനേജർ, അസിസ്റ്റന്റ് പ്രോട്ടോക്കോൾ ഓഫീസർ, ഒരു കൊല്ലം സ്വദേശി എന്നിവർക്കും ഐ ഫോണുകൾ വാങ്ങി നൽകിയത്രേ. ഇതിൽ രസകരമായ മറ്റൊരുകാര്യം അസിസ്റ്റന്റ് പ്രോട്ടോക്കോൾ ഓഫീസർ ഐ ഫോൺ പൊതുഭരണവകുപ്പിൽ തിരിച്ചേല്പിച്ചു എന്നതാണ്. ബുദ്ധിമാനായ അദ്ദേഹം സിം മാറ്റി, രേഖകളെല്ലാം മായ്ച്ചുകളഞ്ഞാണത്രേ ഫോൺ കൈപ്പറ്റിയത്. ചെയ്തതു നിയമവിരുദ്ധം. അതു മറയ്ക്കാനായി ചെയ്തത് അതിനെക്കാൾ നിയമവിരുദ്ധം. ഗവൺമെന്റ് സർവീസ് റൂൾ എന്നൊരു സംഗതി ഇവിടുണ്ട്. 1960 ൽ നിലവിൽ വന്നതാണ്. അതുപ്രകാരം സർക്കാർ ജീവനക്കാരോ കുടുംബാംഗങ്ങളോ സർക്കാർ അനുമതിയില്ലാതെ നയാപൈസയുടെപോലും പാരിതോഷികം സ്വീകരിക്കാൻ പാടില്ല. വേറൊരു കാര്യം, സഹജീവിസ്നേഹത്തിന്റെ അതിരേകത്താൽ സംസ്ഥാന ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിനെ കോഴമുതൽ സൂക്ഷിപ്പുകേന്ദ്രമാക്കിയ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വബോധത്തിനു മുന്നിൽ സാഷ്ടാംഗപ്രണാമം നടത്താതിരിക്കാൻ ആവുന്നില്ല.

അഴിമതിക്കു പക്ഷമില്ല എന്ന വസ്തുത വെളിപ്പെടുത്തിത്തരുന്നു ഓരോ അഴിമതിക്കഥയും. അതിൽ ആദ്യത്തേതല്ല വടക്കാഞ്ചേരി ലൈഫ് ഫ്ളാറ്റ്. അവസാനത്തേതും ആയിരിക്കില്ല എന്നു തീർച്ച. അഴിമതിരഹിതസമൂഹം എന്നത് ഒരു സ്വപ്നം മാത്രമായി അവശേഷിക്കും. ഗവൺമെന്റ് സർവീസ് റൂൾതന്നെ അതിന്റെ തെളിവാണ്. എത്രയോ ശക്തമായ നിയമം. 60 വർഷം മുൻപ് അതു കൊണ്ടുവന്നവരുടെ ദീർഘവീക്ഷണം അപാരം. പക്ഷേ, എന്തുഫലം? അഴിമതി നിർബാധം തുടരുന്നു. പുതിയ നിയമം ഒന്നുംതന്നെവേണ്ട ഈ രാജ്യത്തെ അഴിമതി ഇല്ലാതാക്കാൻ; മറിച്ച്, ഉള്ള നിയമം പ്രയോഗിച്ചാൽ മാത്രം മതി എന്ന പരമാർത്ഥവും നമുക്കു മുന്നിൽ തെളിയുന്നു. കോഴക്കഥ പറയും ഐ ഫോണുകൾ ഉണ്ടാവുന്നത് ഒരു പ്രബുദ്ധസമൂഹത്തിനു കടുത്ത അപമാനം തന്നെയാണ്.

□

പ്രണയപാഠാവലി (63)



ഡോ. ആന്റണി ജോസ്

# ആദർശത്തിലെ അടിയൊഴുക്കുകൾ

**വീ**ട്ടുജോലിക്കു നിർത്തിയ സ്ത്രീയെ ചുറ്റിപ്പറ്റിയായിരുന്നു അവർ തമ്മിൽ അഭിപ്രായ വ്യത്യാസം തുടങ്ങിയത്. ഭർത്താവിന് ജോലിക്കാരിയെക്കുറിച്ച് നല്ല മതിപ്പാണ്. നന്നായി പണിയെടുക്കും. ഒരു മിനിറ്റ് വെറുതെ കളയുകയില്ല. കാര്യത്തിനു വിളിച്ചാൽ വിളിപ്പുറത്തുണ്ട്. നേരത്തേ വരും. താമസിച്ചേ പോകൂ. വേറെന്തു വേണം?

എന്നാൽ, കടകവിരുദ്ധമായിരുന്നു ഭാര്യയുടെ നിലപാട്. ഭർത്താവിനോടു യോജിക്കാനേ കഴിയില്ല. മഹാകള്ളിയാണവൾ. വീട്ടുസാധനങ്ങൾ പലതും കടത്തിക്കൊണ്ടുപോകുന്നുണ്ട്.



അത് കൈയോടെ പിടികൂടണം. പറഞ്ഞുവിടണം. ഇതാണ് ഏറെക്കാലമായി അവളുടെ ആവശ്യം.

അങ്ങേരുണ്ടോ അറിഞ്ഞ ഭാവം കാണിക്കുന്നു. എന്തുകൊണ്ടാവാം? അതാണ് ആദർശവത്കരണം എന്ന പ്രതിരോധതന്ത്രം.

ഏതു കാര്യത്തിനും നല്ലതും ചീത്തയുമായ വശങ്ങളുണ്ടാകുമല്ലോ. നല്ലതിനെ മാത്രം കാണുന്ന, മോശമായതിനെ കണ്ടില്ലെന്നു നടിക്കുന്ന ഏർപ്പാടാണിത്. മോശം കാര്യങ്ങളുമായി ഇടപെടുന്നത് അല്പം റിസ്കുള്ള കാര്യമാണ്. കർക്കശനിലപാടും പ്രതിരോധവുമൊക്കെ വേണ്ടിവരും. ഇതെല്ലാം ടെൻഷനുണ്ടാക്കുന്ന കാര്യങ്ങളാണല്ലോ. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ തലയിടേണ്ട എന്നു വയ്ക്കുന്നു. പകരം നല്ല വശങ്ങളെ കൂടുതലായി ശ്രദ്ധിക്കുകയും ചെയ്യുന്നു. ഇത് അബോധമായി നടക്കുന്ന പ്രവൃത്തിയാണ്.

എത്ര സാമർഥ്യമുണ്ടെങ്കിലും മോഷണസ്വഭാവമുള്ളയാളെ ജോലിക്കു നിർത്താവുന്നതല്ല. ഇത് ഈ കഥയിലെ ഭാര്യയുടെ 'മാത്രം' ശരിയല്ല. ആരു കേട്ടാലും അങ്ങനെയേ പറയൂ.

ഭർത്താവ് നിഷ്പക്ഷനിലപാടെടുക്കുന്നു എന്നതു മാത്രമല്ല പ്രശ്നം. തന്നെക്കാളധികം വീട്ടുജോലിക്കാരിയിലാണോ ഭർത്താവിനു വിശ്വാസം എന്ന ചോദ്യവും അവൾക്കു നേരിടണം. അത് അവളുടെ പ്രത്യേകപദവിയിലുള്ള കടന്നുകയറ്റമാകും.

ഉദാഹരണം രണ്ട് - ഭാര്യ വാങ്ങിച്ചുകൊണ്ടുവന്ന പച്ചക്കറിയിൽ കേടായ ഒരു തക്കാളി കണ്ട് ഭർത്താവ് ചൂടായി: "നല്ലതു നോക്കി വാങ്ങണ്ടേ?" ഉടൻ ഭാര്യ അതിനെ ആദർശവത്കരിച്ചു: "അയാളും കാശുകൊടുത്തു മേടിക്കുന്നതല്ലേ?"

ആദർശവത്കരണങ്ങൾ പെട്ടെന്നു ചൂഷണത്തിനിരയാകുന്നു. നിർണ്ണായക നിലപാടെടുക്കുന്നതിൽ, ഉഭയകക്ഷി വ്യവഹാരങ്ങളിൽ ഒക്കെ അപകടം പതിഞ്ഞിരിപ്പുണ്ടാവാം.

ഇക്കൂട്ടർ പങ്കാളിക്കും മക്കൾക്കും എന്നുമൊരു ഭീഷണിയാണ്. അവരുടെ കോമൺ സെൻസ് ഓരോ അവസരത്തിലും ബലി കഴിക്കപ്പെടുകയാണല്ലോ. കടിച്ചമർത്തിയ രോഷത്തോടെ പങ്കാളിക്കൊപ്പം ജീവിക്കുന്ന ഇണയ്ക്ക് പ്രണയം അന്യമായിത്തീരും.

□

വർത്തമാനം



ഡോ. കുര്യാസ് കുമ്പളക്കുഴി

# ദൈവനീതിക്കു ദാക്ഷിണ്യമില്ല

**നി**യമവിരുദ്ധമായി പ്രവർത്തിക്കുന്നവർ കുറ്റവാളികളാണ്. അവരെ അറസ്റ്റു ചെയ്യുക, കോടതിയിൽ ഹാജരാക്കുക, കസ്റ്റഡിയിൽ വാങ്ങുക, ചോദ്യം ചെയ്യുക എന്നീ നടപടികളൊക്കെ പോലീസിന്റെ അല്ലെങ്കിൽ കുറ്റാന്വേഷണ എജൻസികളുടെ ചുമതലയാണ്. ഭൂരിപക്ഷം കുറ്റവാളികളെയും പോലീസെത്തി അറസ്റ്റു ചെയ്യുകയാണു പതിവ്. ചിലർ ഒളിച്ചോടിക്കളയും, മറ്റുചിലർ നേരിട്ടുവന്ന് കീഴടങ്ങുകയും ചെയ്യും. ഇതൊക്കെയായിരുന്നു പൊതുവേയുള്ള രീതി.

എന്നാൽ, ഈയിടെ ഒരു പുതിയ പ്രവണത പ്രചാരത്തിൽ വന്നിട്ടുണ്ട്, അറസ്റ്റു ചെയ്യാൻ വരുന്നു എന്നു കേട്ടാലുടനെ ആശുപത്രിയിൽ അഡ്മിറ്റാവുക. കാരണമറിയാത്ത അസ്വസ്ഥത, നെഞ്ചുവേദനയെന്ന തോന്നൽ, തലവേദന, നടുവേദന തുടങ്ങിയ രോഗങ്ങളാണു പലരെയും പിടികൂടുന്നത്. വി.ഐ.പി. കുറ്റവാളികൾക്കാണ് ഇത്തരം രോഗങ്ങൾ പെട്ടെന്നുണ്ടാകുന്നതും ആശുപത്രിപ്രവേശനം അനിവാര്യമാകുന്നതും.

ഏറ്റവും ഒടുവിൽ ഈ രോഗം പിടികൂടിയത് മുൻമന്ത്രിയും ഇപ്പോൾ എം.എൽ.എ. യുമായ ഇബ്രാഹിംകുഞ്ഞിനെയാണ്. പാലാരിവട്ടം പാലത്തിൽ പല ഉദ്യോഗസ്ഥർക്കും ഒപ്പം അദ്ദേഹവും തെന്നിവീണിരിക്കുകയാണല്ലോ. ഒന്നും പറ്റിയിട്ടില്ല എന്ന് അദ്ദേഹം പലകുറി ആവർത്തിച്ചെങ്കിലും വിജിലൻസ് ഉദ്യോഗസ്ഥർക്ക് അത്രയ്ക്കങ്ങു ബോധ്യപ്പെട്ടില്ല. ജയിലിൽ കിടന്നുള്ള ചികിത്സയാണ് കുഞ്ഞിനു കൂടുതൽ നല്ലതെന്നാണ് അവരുടെ പക്ഷം.

അവിടേക്കു കൊണ്ടുവരാൻ വിജിലൻസ് എത്തുന്ന കാര്യം മണത്തറിഞ്ഞ കുഞ്ഞ് ഒരു സ്വകാര്യ ആശുപത്രിയിലെ കിടക്കയിലാണ് അഭയം തേടിയത്. ഡോക്ടർ എത്ര ചികഞ്ഞുനോക്കിയിട്ടും ചില ജീവിതശൈലീരോഗങ്ങൾക്കപ്പുറത്ത് കാര്യമായൊന്നും കണ്ടെത്താൻ കഴിഞ്ഞില്ലത്രേ. ഏതായാലും, വീട്ടിലെത്തിയ വിജിലൻസുകാർ അവിടെ ആളെ കാണാഞ്ഞു നേരേ ആശുപത്രിയിൽത്തന്നെ എത്തി.

കിടക്കയിൽ കൈകൂപ്പിക്കിടന്ന ഇബ്രാഹിംകുഞ്ഞിനോട് അവർ അതിക്രമമൊന്നും പ്രവർത്തിച്ചില്ല. ബഹുമാനപൂർവ്വം അറസ്റ്റു രേഖപ്പെടുത്തിയശേഷം മജിസ്ട്രേറ്റിനെ ആശുപത്രിയിലെത്തിച്ച് മൂന്നു ദിവസത്തേക്കു പ്രതീകാത്മകമായി കസ്റ്റഡിയിൽ വാങ്ങുകയേ ചെയ്തുള്ളൂ. അത് നവംബർ 18 ന് ആയിരുന്നു. ഇനി ജയിൽവാസത്തിനുള്ള ശാരീരിക യോഗ്യത വീണ്ടെടുക്കുന്നതുവരെയോ കോടതി ജാമ്യം അനുവദിക്കുന്നതുവരെയോ അദ്ദേഹത്തിന് ആശുപത്രിയിൽതന്നെ കഴിയാം. പ്രഷർ കൂടിനില്ക്കും എന്നേയുള്ളൂ. അതു സാരമില്ല.

മന്ത്രിമാരും എം.എൽ.എ. മാരും മറ്റു ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമൊക്കെ ജനസേവകന്മാരെന്നാണ് നമ്മളൊക്കെ



കരുതിയിരിക്കുന്നത്. എന്നിട്ടും അവർക്കെന്തേ ഇത്തരം ദുര്യോഗങ്ങളൊക്കെ പറ്റുന്നു എന്ന് നമ്മൾ ആശ്ചര്യപ്പെടുകയൊന്നും വേണ്ട. സംഗതി വളരെ ലളിതമാണ്. ജനത്തെ മറക്കുകയും ധനത്തെ മുറുകെപ്പിടിക്കുകയും ചെയ്യുന്നു എന്നുതന്നെ. ധനലഹരിയുമായി താരതമ്യപ്പെടുത്തിയാൽ മദ്യലഹരിയും മയക്കുമരുന്നുലഹരിയുമൊക്കെ അതിനടുത്തെങ്ങും എത്തുകയില്ലെന്നാണ് അനുഭവസ്ഥർ പറയുന്നത്.

മുസ്ലീംലീഗിന്റെ സമുന്നത നേതാവ് കുഞ്ഞാലിക്കുട്ടിസാഹിബിന്റെ വിശ്വസ്തമിത്രമെന്നാണ് ഇബ്രാഹിംകുഞ്ഞ് അറിയപ്പെടുന്നത്. രണ്ടുപേരുടെയും പേരിലുള്ള 'കുഞ്ഞ്' ആയിരിക്കാം കാരണം. രണ്ടു കുഞ്ഞു ചേരുമ്പോൾ 'ഇമ്മിണി ബല്യകുഞ്ഞ്' ആകുമെന്നാണല്ലോ ബഷീറിന്റെ പ്രമാണം!

ഇബ്രാഹിംകുഞ്ഞ് അത്ര ചെറിയ മീനല്ല. 2001 മുതൽ അദ്ദേഹം എം.എൽ.എ. ആണ്. തോൽവി അറിഞ്ഞിട്ടില്ല. 2005 ൽ കുഞ്ഞാപ്പ എന്ന കുഞ്ഞാലിക്കുട്ടി മന്ത്രി ഐസ്ക്രീമിൽ ചവുട്ടിവീണപ്പോൾ അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന വകുപ്പുകളുടെ കാവലാളായിരിക്കാൻ നിയോഗമുണ്ടായത് ഇബ്രാഹിംകുഞ്ഞിനാണ്. അദ്ദേഹം അത് സ്തുത്യർഹമായി നിർവ്വഹിക്കുകയും ചെയ്തു.

ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായവനെ വലിയ കാര്യങ്ങളിൽ നിയമിക്കും എന്നാണല്ലോ മഹദ്വചനം. അത് കുഞ്ഞാലിക്കുട്ടി സാഹിബ് മറന്നില്ല. 2016 ൽ അധികാരം വീണ്ടുകിട്ടിയപ്പോൾ ഇബ്രാഹിംകുഞ്ഞിനെ പൊതുമരാമത്ത് എന്ന പെരിയ വകുപ്പിന്റെ കാര്യസ്ഥനാക്കി. അതാണ് പാവം കുഞ്ഞിനു വിനയായത്.

ഇനിയിപ്പോൾ എന്താണു പോംവഴി? നിയമം നിയമത്തിന്റെ വഴിക്കുപോകും. പ്രഖ്യാതമായ ആന്റണിവചനം. നേർവഴിക്കു പോകുന്നവർക്കൊക്കെ ആ വഴിയിൽ സധൈര്യം സഞ്ചരിക്കാം. ഇബ്രാഹിംകുഞ്ഞിനു പക്ഷേ, അത്രയ്ക്കു ധൈര്യമുണ്ടോയെന്നു തീർച്ചയില്ല. കാത്തിരുന്നു കാണാം.

അറസ്റ്റു വരുന്നേ എന്നറിഞ്ഞു പേടിച്ച് അലോപ്പതിയാശുപത്രിയിലും ആയുർവേദാശുപത്രിയിലും അഭയംതേടി ഓടിയ ഒരു ഐ.എ.എസ്. പ്രമുഖൻ ഇപ്പോൾ കാക്കനാട് ജില്ലാ ജയിലിൽ സുഖവാസത്തിലാണ്. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും ഐ.ടി. വകുപ്പു സെക്രട്ടറിയുമായിരുന്ന ഡോ. എം. ശിവശങ്കർ.

ജൂലൈ 16 നായിരുന്നു അദ്ദേഹത്തിന്റെ സ്ഥാനാരോഹണം. സർക്കാർ ഭാഷയിൽ അതിനു സസ്പെൻഷൻ എന്നു പറയും. ഡിപ്ലോമാറ്റിക് ബാഗേജിൽ സ്വർണ്ണം കടത്തിയതുമായി ബന്ധപ്പെട്ടായിരുന്നു നടപടി.

കുറച്ചുദിവസത്തേക്കു മാധ്യമവാർത്തകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ, ജൂലൈ 29 മുതൽ ദിനചര്യയിൽ ചില മാറ്റങ്ങൾ വന്നു. മിക്കവാറും ദിവസങ്ങളിൽ ഏതെങ്കിലും ഒരു അന്വേഷണ ഏജൻസി അദ്ദേഹത്തെ ചോദ്യം ചെയ്യാൻ വിളിക്കും. ചിലപ്പോൾ തിരുവനന്തപുരത്ത്, മറ്റു ചിലപ്പോൾ കൊച്ചിയിൽ. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, കസ്റ്റംസ്, നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി, സി.ബി.ഐ. എന്നിങ്ങനെ. കുറെക്കഴിഞ്ഞപ്പോൾ അത് ശിവശങ്കറിനൊരു പതിവു ശീലമായി. 'നാളെ ആരാ' എന്നു മാത്രമേ അദ്ദേഹം ആലോചിക്കുകയും അന്വേഷിക്കുകയും ചെയ്തിരുന്നുള്ളൂ.

പക്ഷേ, ഒക്ടോബർ 17 ന് കാറ്റൊന്നു മാറിവീശി. ശിവശങ്കറിന്റെ വീട്ടിൽ സന്ധ്യകഴിഞ്ഞപ്പോൾ എത്തിയ കസ്റ്റംസുകാർ പറഞ്ഞു: ഇന്ന് ഞങ്ങളുടെ വണ്ടിയിൽ പോന്നാമതി.

അദ്ദേഹം തടസ്സമൊന്നും പറഞ്ഞില്ല. വണ്ടിയിൽ കയറി. അപ്പോളൊരു സംശയം... അറസ്റ്റു മണക്കുന്നുണ്ടോ? വണ്ടി നീങ്ങിത്തുടങ്ങി. പെട്ടെന്ന് ശിവശങ്കർ നെഞ്ചിൽ അമർത്തിപ്പിടിച്ചു. വയ്യാ, കസ്റ്റംസുകാർ പരിഭ്രാന്തരായി. ഭാര്യ ജോലി ചെയ്യുന്ന സ്വകാര്യ ആശുപത്രിയിലെത്തിക്കാനാണ് ശിവശങ്കർ ആവശ്യപ്പെട്ടത്. അവർ അങ്ങനെ ചെയ്തു മടങ്ങി.

ഇന്റൻസീവ് കെയർ യൂണിറ്റിൽ പ്രവേശിപ്പിക്കപ്പെട്ട ശിവശങ്കറെ ഭാര്യ ഉൾപ്പെടെയുള്ള ഡോക്ടർമാർ മാറിമാറി പരിശോധിച്ചു. ഒരു വേദനയുമില്ല! പിന്നെ മെഡിക്കൽ കോളജിലേക്ക്. അവിടെ വിദഗ്ധപരിശോധന. ഒടുവിൽ ശിവശങ്കർതന്നെ പറഞ്ഞു: നല്ല നടുവേദനയുണ്ട്. പിന്ന താമസിച്ചില്ല ഒരുപിടി വേദനസംഹാരികൾ നൽകി അവർ അദ്ദേഹത്തെ യാത്രയാക്കി.

ഇനിയെന്തുവഴി! അദ്ദേഹത്തിന്റെ ആലോചന ചെന്നുനിന്നത് ആയുർവേദ ആശുപത്രിയിലാണ്. ഉഴിച്ചിൽ ചികിത്സ. ഏഴു ദിവസം ഉഴിഞ്ഞിട്ടും അറസ്റ്റുകാരെത്തിയില്ല. അതുകൊണ്ട് ചികിത്സ ഏഴു ദിവസത്തേക്കുകൂടി നീട്ടി.

ഹൈക്കോടതിയിൽ സമർപ്പിച്ച ജാമ്യാപേക്ഷ ഒക്ടോബർ 28 നു നിരസിക്കപ്പെട്ടു. വാതില്ക്കൽ കാത്തുനിന്നിരുന്ന എൻഫോഴ്സുമെന്റുകാർ ഡോക്ടറുടെ അനുവാദത്തോടെ ശിവശങ്കറിനെയുംകൊണ്ടു കൊച്ചിയിലേക്ക് യാത്രയായി. പകൽമുഴുവൻ നീണ്ട ചോദ്യംചെയ്യൽ; ഒടുവിൽ അറസ്റ്റും!

ആദ്യം റിമാന്റ് ഏഴു ദിവസത്തേക്ക്. പിന്നെ ആറു ദിവസത്തേക്കും. അതുകഴിഞ്ഞ് നവംബർ 26 വരെ 15 ദിവസത്തേക്കും അതു നീട്ടി. അദ്ദേഹത്തിന്റെ ജാമ്യാപേക്ഷകൾ തുടരെ നിഷേധിക്കപ്പെടുന്നു. 23 ന് കോടതി കസ്റ്റംസുകാർക്കും അനുവാദം കൊടുത്തു, ശിവശങ്കറിനെ അറസ്റ്റു ചെയ്യാൻ. ഇനിയിപ്പോൾ മറ്റ് ഏജൻസികളും കാത്തുനിൽക്കുകയാണ്, ശിവശങ്കറിനെ അറസ്റ്റു ചെയ്യാൻ!

അറസ്റ്റു ഭയന്ന് അശുപത്രിക്കിടക്കയിൽ അഭയം തേടിയ മറ്റൊരു ഐ.എ.എസുകാരന്റെ കാര്യം ഇപ്പോഴും മാധ്യമങ്ങളിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്നുണ്ട്. ആളിന്റെ പേര് ശ്രീറാം വെങ്കിട്ടരാമൻ.

അദ്ദേഹം ചെയ്ത കുറ്റമെന്താണ്? മദ്യലഹരിയിൽ അമിതവേഗത്തിൽ കാറോടിച്ച് ഒരു മാധ്യമപ്രവർത്തകന്റെ ജീവൻ കവർന്നു. ഒപ്പം കാറിൽ ഒരു കൂട്ടുകാരിയുമുണ്ടായിരുന്നു. അപകടം സംഭവിച്ചുകഴിഞ്ഞപ്പോൾ കക്ഷി പറഞ്ഞത്, താനല്ല അവളാണു കാറോടിച്ചിരുന്നതെന്നാണ്. എന്തൊരു സ്നേഹം!

കൊലപാതകമാണു കുറ്റം. എങ്കിലും രക്ഷപ്പെടണ്ടേ? ആദ്യം മെഡിക്കൽ കോളജിൽ, പിന്നെ സ്വകാര്യ ആശുപത്രിയിൽ, അവിടെനിന്നു വീണ്ടും മെഡിക്കൽകോളജ് ആശുപത്രിയിൽ. രോഗം ഒന്നുമില്ല. എങ്കിലും ചികിത്സ തകൃതിയായി നടന്നു. ആളൊരു ഡോക്ടറായിരുന്നതുകൊണ്ട് ഡോക്ടർമാർ അറിഞ്ഞുസഹായിക്കുകയും ചെയ്തിരിക്കണം.

ഏതായാലും, തൽക്കാലം രക്ഷപ്പെട്ടു. കോടതിയിൽനിന്നു മുൻകൂർ ജാമ്യം കിട്ടി. പക്ഷേ, ഇപ്പോൾ കോടതിയെത്തന്നെ കബളിപ്പിക്കാനാണു ശ്രമമെന്നു തോന്നുന്നു. രണ്ടു തവണ സമൻസയച്ചിട്ടും കക്ഷി വകവച്ചില്ല. താനല്ല കാറാണല്ലോ ആളിനെ കൊന്നത് എന്നായിരിക്കും ഉള്ളിലിരുപ്പ്. കാറ് കസ്റ്റഡിയിലെടുത്തു വേണമെങ്കിൽ ശിക്ഷിക്കട്ടെ എന്നും!

ഒടുവിൽ കോടതി അറസ്റ്റു മുന്നറിയിപ്പു നൽകിയപ്പോൾ അദ്ദേഹം ഹാജരായി. നിയമത്തോടും നിയമപാലനസംവിധാനങ്ങളോടും ഈ ഐ.എ.എസ്. ഉദ്യോഗസ്ഥന് എന്തൊരു ബഹുമാനം!

ഒരു ജനാധിപത്യരാഷ്ട്രമെന്ന നിലയിൽ നമ്മുടെ നിയമങ്ങൾ എപ്പോഴും പൗരസ്വാതന്ത്ര്യത്തിനു മുൻഗണന നൽകുന്നതാണ്. ആയിരം അപരാധികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടരുതെന്ന്. പക്ഷേ, ഈ ആനുകൂല്യങ്ങൾ ദുരുപയോഗം ചെയ്യാനാണ്, സമൂഹത്തിനാകെ മാതൃകയാകേണ്ട ഉന്നത വ്യക്തികൾപോലും ശ്രമിക്കുന്നത് എന്നറിയുമ്പോൾ ആർക്കാണ് ദുഃഖവും നിരാശയും ഉണ്ടാകാത്തത്?

എങ്കിലും 'ദൈവനീതിക്കു ദാക്ഷിണ്യമില്ല' എന്ന് ഈ സംഭവങ്ങളൊക്കെ നമുക്കു പറഞ്ഞു തരുന്നുമുണ്ട്.

■


Deepanalam Weekly
RNI No : 16998/68
Vol. 53 No. 30 Date of Publication 26 November 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment




ഇലക്ഷൻ പ്രചാരണാർത്ഥം ഓൺലൈൻ പ്രമോഷൻ,
പ്രിന്റിംഗ് പോസ്റ്റർ, നോട്ടീസ്, ലഘുലേഖകൾ
തുടങ്ങിയവ കൃത്യസമയത്ത് മിതമായ നിരക്കിൽ

ഇലക്ഷൻ പാക്കേജ്
കൂടുതൽ വേഗത്തിൽ
കുറഞ്ഞ ചെലവിൽ

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



മൂഴയിൽ
ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

കൊറ്റത്തിൽ ആയുർവ്വേദ
ഹോസ്പിറ്റൽ



അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com